കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# കൊടുങ്ങല്ലൂർ നഗരസഭ
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

**ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ**

**e-mail: dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ (എം)845/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ-680 020
ഫോൺ നമ്പർ-0487 2331249
e-mail: dotsr.ksad@kerala.gov.in
തിയതി: 17/0719

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന),
കൊടുങ്ങല്ലൂർ നഗരസഭ.

സർ,

വിഷയം :- കൊടുങ്ങല്ലൂർ നഗരസഭ- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുങ്ങല്ലൂർ നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-7, 2-11, 2-12, 2-13, 2-19, 2-21 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-1, 3-5, 3-9, 3-24, 3-31, 3-35, 3-38, 3-39 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(1), (2). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1 )ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)റീജ്യണൽ ജോയിന്റ് ഡയറക്ടർ നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
3)സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ (എം) 845/19 തിയതി:17/7/19

## തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നഗരസഭയുടെ 2017-18

## സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള നഗരപാലിക നിയമം – വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.04.17 തിയ്യതി മുതൽ 31.3.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവ പരിശോധിച്ചു. 2017-18 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജഗോപാലൻ സി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.05.19.മുതൽ<br>29.05.19 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

| | |
|---|---|
| ശ്രീമതി. ലിസി ടി.ജെ. | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ് ) |
| ശ്രീമതി. വിജയശ്രീ പി. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സുമിത ടി.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സോന കെ.സത്യൻ | ഓഡിറ്റർ |
| ശ്രീമതി. രേഖ ഇ.സി. | ഓഡിറ്റർ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ശ്രീ.സി.സി.വിപിൻചന്ദ്രൻ | 01.4.2017 - 18.1.2018 |
| | ശ്രീമതി.ഷീല രാജ്കമൽ | 19.1.2018 – 18.2.2018 |
| | ശ്രീ.കെ.ആർ.ജൈത്രൻ | 19.02.2018 -31.03.18 |
| സെക്രട്ടറി ,കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | ശ്രീ.മുഹമ്മദ് ഷാഫി | 22.5.2017 – 20.6.2017 |
| സെക്രട്ടറി | ശ്രീ.എം. മനോജ് | 01.4.2017 – 21.5.2017 |
| | ശ്രീ.എൻ.സി. വിജയൻ | 21.6.2017 – 31.3.2018 |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ.രമേഷ് ടി.പി. | 01.4.2017 – 30.9.2017 |
| | ശ്രീ.പ്രകാശൻ സി.എസ് | 1.10.2017 – 7.11.2017 |
| | ശ്രീ.പ്രകാശൻ സി.എസ് | 08.11.2017– 31.3.18 |
| പ്രൊജക്ട് ഓഫീസർ, കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി | ശ്രീ.എൻ.എൽ.വർഗ്ഗീസ് ജോബ് | 1.4.2017- 23.4.2017 |
| | ശ്രീ.ഉമ്മർ തോട്ടപ്പിള്ളി (HI Ist in charge) | 24.4.2017- 14.7.2017 |
| | ശ്രീമതി.കെ.ടി.എൻ ഷീലാബായ് | 15.7.2017- 31.3.2018 |
| മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ആയുർവേദ ആശുപത്രി, പുല്ലൂറ്റ് | ഡോ.അബ്ദുൾ ഖാദർ | 1.4.2017- 31.3.2018 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം, മേത്തല | ഡോ. വിധു വർമ്മ | 01.04.2017– 31.3.2018 |
| സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, കൊടുങ്ങല്ലൂർ | ഡോ.റോഷ് | 1.4.2017- 31.3.2018 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ.ഗായത്രി വിജയരാഘവൻ | 01.04.2017- 31.3.2018 |
| മെഡിക്കൽ ഓഫീസർ, | ഡോ.ഗായത്രി | 01.4.2017 - |

| | | |
|---|---|---|
| ഗവ: ഡിസ്പൻസറി, മേത്തല | വിജയരാഘവൻ | 31.3.2018 |
| വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പൻസറി നാരായണമംഗലം | ഡോ.ബീന | 01.4.2017 - 31.3.2018 |
| കൃഷി ഓഫീസർ, കൃഷിഭവൻ ,മേത്തല | ശ്രീമതി.റംലത്ത് ബീവി | 01.4.2017– 02.8.2017 |
| | ശ്രീ.ബാബു പി.ടി | 03.8.2017– 22.8.2017 |
| | ശ്രീ.റോയ് പി മാത്യൂസ് | 23.8.2017 –31.3.2018 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.സജിൽ കുമാർ.പി.ആർ | 01.4.2017 - 31.3.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ എറിയാട് | ശ്രീമതി.ശ്രീദേവി പി.എൽ | 01.4.2017– 08.9.2017 |
| | ശ്രീമതി.ഡിനി വിൻസെൻറ് | 9.9.2017 – 13.12.2017 |
| | ശ്രീമതി.മേരി എൻ. ജി. | 14.12.2017– 31.3.2018 |
| പ്രിൻസിപ്പാൾ, ഗവ:ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, കൊടുങ്ങല്ലൂർ | ശ്രീമതി.ആശ ആനന്ദ് സി | 01.4.2017 - 31.3.2018 |
| പ്രിൻസിപ്പാൾ, ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ ശൃംഗപുരം | ശ്രീമതി.മോഹിനി പി.കെ | 01.4.2017 – 31.3.2018 |
| എച്ച്.എം., ഗവ: ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, കൊടുങ്ങല്ലൂർ | ശ്രീമതി.സീനത്ത് ടി.എ | 01.4.2017 - 31.3.2018 |
| ഹെഡ് മാസ്റ്റർ,ഗവ:എച്ച്.എസ്, പുല്ലൂറ്റ് | ശ്രീ.മോഹനൻ കെ.ജി | 01.4.2017 - 5.6.2017 |
| | ശ്രീമതി.ജയ വി.ഡി | 6.6.17- 12.7.17 |
| | ശ്രീമതി.സുമംഗലി എം.എസ് | 13.7.17- 31.3.18 |
| ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ് (ബി.എച്ച്.എസ്), കൊടുങ്ങല്ലൂർ | ശ്രീ.വി.പി ജയപ്രകാശ് | 01.04.17- 31.03.18 |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1.7 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| 12 | വാർഷികകണക്കിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1.12 |
| | ഭാഗം 2 | |
| 13 | റസീപ്റ്റ് ബുക്കുപ്രകാരം പിരിച്ചെടുത്ത കളക്ഷൻ തുക അടവാക്കുന്നതിലെ അപാകതകൾ | 2-1 |

| | | |
|---|---|---|
| 14 | കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ് . | 2-2 |
| 15 | ഡി&ഒ ലൈസൻസ് നൽകുന്നതിന് കൗൺസിൽ അംഗീകരിച്ച ബൈലോയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.. | 2-3 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് | 2-4 |
| 17 | വാടക ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണം – ബൈലോ ഇല്ല | 2-5 |
| 18 | ബസ് സ്റ്റാൻഡ് ഷോപ്പിങ്ങ് കോംപ്ളക്സ് -നഗരസഭയുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവ അല്ലാതെ വാടകക്കാർ നേരിട്ട് ട്രസ് വർക്ക് നടത്തി. | 2-6 |
| 19 | സ്കൂൾ കെട്ടിടം ലേലം – ലേലത്തുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല – ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. . | 2-7 |
| 20 | കോട്ടപ്പുറം മാർക്കറ്റ് ലേലം നടപടികൾ സ്വീകരിക്കുന്നതിലെ അനാസ്ഥ – നഗരസഭക്ക് നഷ്ടം | 2-8 |
| 21 | അഗ്നിസുരക്ഷാ മാനദണ്ഡം - സാക്ഷ്യപത്രം ഉറപ്പാക്കിയില്ല | 2-9 |
| 22 | അപേക്ഷ ഫീ - കുറവ് തുക ഈടാക്കി. | 2-10 |
| 23 | പാർക്കിംഗ് ഏരിയ വാണിജ്യ ആവശ്യത്തിനായി ഉപയോഗപ്പെടുത്തി | 2-11 |
| 24 | അനധികൃത കെട്ടിടങ്ങളിൽ സ്ഥാപനങ്ങളുടെ പ്രവർത്തനം | 2-12 |
| 25 | അനധികൃത നിർമ്മാണം - തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. | 2-13 |
| 26 | അനധികൃത നിർമ്മാണം - നടപടി സ്വീകരിക്കേണ്ടതാണ് | 2-14 |
| 27 | മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം കുറവായി കണക്കാക്കുന്നു | 2-15 |
| 28 | യു.എ രജിസ്റ്റർ പരിപാലനം – പൂർണ്ണതയില്ല | 2-16 |
| 29 | അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ആകുന്നില്ല - നികുതി തുക കാലാഹരണപ്പെടുന്നതിനിടയാകുന്നു | 2-17 |
| 30 | വസ്തുനികുതി ആനുപാതിക വർദ്ധനവ് നടത്തിയില്ല – നഗരസഭയ്ക്ക് വരവ് നഷ്ടം | 2-18 |
| 31 | തെറ്റായ നിരക്കിൽ വസ്തുനികുതി നിർണ്ണയം - നികുതി ഉറപ്പാക്കാൻ പ്രത്യേക പരിശോധന ആവശ്യമാണ് | 2-19 |
| 32 | കുടിശ്ശിക ഈടാക്കാതെ കെട്ടിടം അധികൃതമാക്കി | 2-20 |
| 33 | വസ്തുനികുതി ഉറപ്പാക്കുന്നതിന് തുടർ നിരീക്ഷണം ആവശ്യമാണ്. | 2-21 |
| | ഭാഗം 3 | |
| 34 | നഗരസഭയിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക 16,58,24,508/-രൂ | 3-1 |
| 35 | ലൈബ്രറി സെസ് കുടിശ്ശിക അടവാക്കിയിട്ടില്ല | 3-2 |
| 36 | മേത്തല ഐസിഡിപി സബ്സെന്റർ നിർമ്മാണത്തിനായി ലഭിച്ച തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല | 3-3 |
| 37 | ബിപിസിഎല്ലിൽ നിന്ന് തിരികെ ലഭിച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല. | 3-4 |
| 38 | 1983-84 മുതൽ നൽകിയ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. | 3-5 |
| 39 | നഗരസഭ ഓഫീസിന്റെ കറന്റ് ചാർജ്ജ് -വാണിജ്യ ആവശ്യത്തിനുള്ള താരിഫിൽ ഈടാക്കുന്നു. | 3-6 |
| 40 | തനത് ഫണ്ടിൽ നിന്ന് കെഎസ്ഇബിയിൽ വിവിധ ആവശ്യങ്ങൾക്ക് ഡെപ്പോസിറ്റ് ചെയ്തത്- കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ഇല്ല. | 3-7 |
| 41 | അംശാദായ നിരക്കിൽ വ്യത്യാസം -വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 3-8 |
| 42 | ലൈബ്രറി പുസ്തകങ്ങൾ നഷ്ടപ്പെട്ടത് തുടർ നടപടികൾ | 3-9 |

| | | |
|---|---|---|
| | സ്വീകരിക്കേണ്ടതാണ്. | |
| 43 | സാക്ഷരത പ്രേരക് ഓണറേറിയം നൽകിയത്- തിരികെ ലഭിക്കുവാനുള്ള തുക 1,89,046/-രൂ | 3-10 |
| 44 | മഴക്കാല പൂർവ്വ ശുചീകരണം – വാർഡ് തല സാനിറ്റേഷൻ കമ്മറ്റികൾക്ക് നൽകിയ മുഴുവൻ തുകയും വിനിയോഗിച്ചിട്ടില്ല. | 3-11 |
| 45 | ലോഗ് ബുക്ക് മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല. | 3-12 |
| 46 | സാമ്പത്തിക സഹായം നൽകിയത് -സർക്കാർ അനുമതി ലഭിച്ചിട്ടില്ല. | 3-13 |
| 47 | ക്യാഷ് ബുക്ക് ,വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ | 3-14 |
| 48 | സെൻട്രൽ പെൻഷൻ ഫണ്ട് -ലഭ്യമാകാനുള്ള തുകയുടെ വിവരം -കൃത്യതയില്ല | 3-15 |
| 49 | എസ്എസ്എ വിഹിതം അധിക വിഹിതം നൽകിയത് -തുടർ വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്. | 3-16 |
| 50 | വനിത ഘടക പദ്ധതി-പുരുഷന്മാർക്ക് ആനുകൂല്യം നൽകി. | 3-17 |
| 51 | മേത്തല ഗവ.ആയുർവേദ ഡിസ്പെൻസറി മരുന്നു വാങ്ങൽ. | 3-18 |
| 52 | പദ്ധതി ചെലവുരേഖകൾ ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു. | 3-19 |
| 53 | പത്താംതരം തുല്യത പരീക്ഷ-രേഖകൾ ലഭ്യമാക്കിയില്ല | 3-20 |
| 54 | സാക്ഷരത സർവ്വെ-സർക്കാർ നിർദ്ദേശമില്ലാത്ത പദ്ധതി ചെലവ് | 3-21 |
| 55 | വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വിതരണം പദ്ധതി-അപാകതകൾ. | 3-22 |
| 56 | സ്കൂൾ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകൽ -രണ്ട് പദ്ധതികളിൽ വ്യത്യസ്ത നിരക്കിൽ വാങ്ങി. | 3-23 |
| 57 | 2011-12 വർഷത്തിൽ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്ന 42.39 ലക്ഷം രൂപ പ്രവൃത്തി നടത്താതെ തിരികെ ലഭിച്ചത് സർക്കാരിലേക്ക് അടവാക്കിയില്ല 2017ൽ റിവൈസ്ഡ് എസ്റ്റിമെറ്റ് തയ്യാറാക്കാൻ തീരുമാനം | 3-24 |
| 58 | പ്രൊജക്ട് ഓഫീസർ, ദാരിദ്ര്യ നിർമാർജ്ജന സെൽ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 3-25 |
| 59 | മൃഗസംരക്ഷണ പദ്ധതികൾ -പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി കൈമാറിയ പദ്ധതിവിഹിതം ബാക്കി വരുന്ന തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. | 3-26 |
| 60 | ജീവിതശൈലീ ബോധവത്ക്കരണവും രോഗപ്രതിരോധവും. | 3-27 |
| 61 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്-വിതരണം ചെയ്തതിന്റെ രേഖകളില്ല. | 3-28 |
| 62 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റിന് ലൈൻ നീട്ടുന്നതും ഡബിൾ ട്യൂബ് സെറ്റ് സ്ഥാപിക്കുന്നതും -കരാർ,പദ്ധതി പൂർത്തീകരണ വിവരം ഇല്ല | 3-29 |
| 63 | ജില്ലാ പഞ്ചായത്തിനു കൈമാറിയ തുകയ്ക്ക് കൈപ്പറ്റ് രശീതി,വിനിയോഗവിവരം ഇല്ല. | 3-30 |
| 64 | നഗരസഭയിലെ വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി-നിർവ്വഹണത്തിലെ അപാകതകൾ. | 3-31 |
| 65 | മുനിസിപ്പൽ മെയിൻ ഓഫീസിൽ കമ്പ്യൂട്ടർ നെറ്റ് വർക്കിങ്ങ്-വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 3-32 |
| 66 | ഫ്രണ്ട് ഓഫീസ് കെട്ടിടനിർമ്മാണവും ഓഫീസ് കെട്ടിടനവീകരണവും-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-33 |
| 67 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് സാങ്കേതികാനുമതിയിൽ അധികരിച്ച തുക അനുവദിച്ചു | 3-34 |
| 68 | ഉത്തരവിന് വിരുദ്ധമായി ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3-35 |

| | | |
|---|---|---|
| | വിനിയോഗിച്ചു | |
| 69 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരങ്ങൾ ലഭ്യമല്ല | 3-36 |
| 70 | എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം-നികുതികൾ അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല | 3-37 |
| 71 | സമഗ്ര ഖരമാലിന്യ സംസ്കരണ പ്ലാന്റ്-ശരിയായ ആസൂത്രണം ഇല്ലാതെ തുക ചെലവഴിച്ചു | 3-38 |
| 72 | മാലിന്യസംസ്കരണം-അവലോകനം | 3-39 |
| | ഭാഗം 4 | |
| 73 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 74 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 75 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 76 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 77 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 78 | ഓഡിറ്റ് റിക്കവറി | 4.6 |
| 79 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 80 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.8 |
| 81 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 82 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

## ഭാഗം -1
## പൊതു അവലോകനം

# 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 27/03/2017 1-ാം നമ്പർ തീരുമാനം | |
| കമ്മിറ്റി തീരുമാനം | 21/03/2017 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 107,12,64,596/- | 105,27,83,200/- |

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2018 | 08.8.2018 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 16.04.19 - 17.04.19 | |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 61,540,726.98 |
| വരവ് | 297,352,235 |
| ആകെ | 358,892,961.98 |
| ചെലവ് | 30,55,46,521 |
| നീക്കിയിരിപ്പ് | 5,33,46,440.98 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR | ----- | 63013916 | 63013916 | 46621857 | 16392059 |

| | | | | | | |
|---|---|---|---|---|---|---|
| പ്രകാരം) | | | | | | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | ----- | 20344000 | 20344000 | 12188932 | 8155068 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | ----- | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | ----- | 20916479 | 20916479 | 15198012 | 5718467 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | ----- | 13787294 | 13787294 | 12717425 | 1069869 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | ----- | 82503298 | 82503298 | 38330185 | 44173113 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | ----- | 7224473 | 7224473 | 7170391 | 54082 |
| സാക്ഷരത | | ----- | 291940 | 291940 | 291940 | ----- |
| ദുരിതാശ്വാസനിധി | | 12257 | 306 | 12563 | ----- | 12563 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| IHSDP | | 5758314 | 0 | 5758314 | 2462553 | 3295761 |
| ICDS (appropriation control register സൂക്ഷിക്കുന്നില്ല) | | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| Keralolsavam | | | 30000 | 30000 | 30000 | |
| Vimukthi | | | 50000 | 50000 | 49800 | 200 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | ഇല്ല | | | | |
| | ജില്ലാ പഞ്ചായത്ത് | | | | | |
| ബി ഫണ്ട് | | | | | | |
| തൊഴിൽ രഹിത വേതനം | | | 108000 | 108000 | 108000 | |
| വാർദ്ധക്യകാല പെൻഷൻ | | | 66417500 | 66417500 | | |
| കർഷക തൊഴിലാളി പെൻഷൻ | | | 4839500 | 4839500 | | |
| അവിവാഹിത പെൻഷൻ | | | 1913900 | 1913900 | | |
| വിധവ പെൻഷൻ | | | 30396700 | 30396700 | | |
| വികലാംഗ പെൻഷൻ | | | 8523000 | 8523000 | | |
| മാര്യേജ് അസിസ്റ്റൻസ് | | | 480000 | 480000 | 480000 | |
| പാഡി പ്രൊഡക്ഷൻ ബോണസ് | | | | | | |
| മിശ്ര വിവാഹ ധനസഹായം | | | 330000 | 330000 | 330000 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 26618000 | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് എസ്ബിഐ സാലറി | 9188683 | 29560234 | 38748917 | 31302351 | 7446566 |
| | SBI OWN FUND | 2669556 | 6311454 | 8981010 | 6495300 | 2485710 |
| | കോ-ഓപ്പറേറ്റിവ് ബാങ്ക് | 13000780 | 56386593 | 69387373 | 55105527 | 14281846 |
| | ട്രഷറി അക്കൗണ്ട് | | | | | |
| | ട്രഷറി STSB | 5557229 | 4019944 | 9577173 | 9278973 | 298200 |

| | J V STSB | | | | | |
|---|---|---|---|---|---|---|

PMAY, സ്വച്ഛ്ഭാരത്, NULM വരവ് – ചെലവ് കണക്കുകൾ ഇനം തിരിച്ച് ലഭ്യമാക്കിയിട്ടില്ല.

# 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 425 | 365368718 | 200 | 132300802 | 84 | 141 | 47.05% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4987208 | 167922 | 5155130 | 2092041 | 3063089 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | | | | |

# 1-8 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 108000 | 141 |
| കർഷകതൊഴിലാളി പെൻഷൻ | 4839500 | 404 |
| വിധവാ പെൻഷൻ | 30396700 | |
| വാർദ്ധക്യകാല പെൻഷൻ | 66417500 | 5760 |
| വികലാംഗപെൻഷൻ | 8523000 | 779 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1913900 | 174 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 480000 | 16 |
| മിശ്ര വിവാഹ ധനസഹായം | 330000 | 11 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.05.19, 3.00 pmന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 36031/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

1. യാഥാർത്ഥ്യബോധത്തോടെ ബഡ്ജറ്റ് തയ്യാറാക്കിയിട്ടില്ല. പ്രതീക്ഷിത വരവ്ചെലവ് കണക്കുകളും യഥാർത്ഥവരവ് ചെലവ് കണക്കുകളും തമ്മിൽ വലിയ അന്തരം കാണുന്നു.

2.ധനകാര്യ സ്റ്റാൻിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ 9/17 മുതൽ 2/18 വരെയുള്ള മിനിറ്റ്സിൽ ചെയർമാൻ ഒപ്പു വെച്ചിട്ടില്ല.

3.പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന്റെ മുന്നോടിയായി മേഖലാ വിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ പ്രതീക്ഷിക്കുന്ന വിഭവ സ്രോതസ്സുകൾ, പദ്ധതി അടങ്കൽ, ഓരോ മേഖലയിലും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റിയും നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തതായി കാണുന്നില്ല.

4.പ്രൊജക്ടുകളുടെ മോണിറ്ററിംഗ് ചുമതല അതാത് വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി മാറേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തതായി കാണുന്നില്ല.

5.ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തതായി കാണുന്നില്ല. പല റോഡുകളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർത്തുകാണുന്നില്ല.

6.സ്റ്റോക്ക് രജിസ്റ്ററിൽ സാധനസാമഗ്രികളുടെ മൂല്യവും സ്പെസിഫിക്കേഷനും രേഖപ്പെടുത്തുന്നില്ല.
7. അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതായി കാണുന്നു, ഇത് ഒഴിവാക്കേണ്ടതാണ്.

8.സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വർഷാന്ത്യ നീക്കിയിരിപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
9.ഫിക്സഡ് ഡെപ്പോസിറ്റുകളായി ലഭിക്കുന്ന രശീതികൾ സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.
10.ചെലവുകൾ നടത്തിയതിന് ശേഷം സാംഖ്യയിൽ ചെലവുകൾ രേഖപ്പെടുത്തുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു.
11.പഴയ കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരണം നഗരസഭ നാളിതുവരെ യഥാർത്ഥ്യമാക്കിയിട്ടില്ല. മുഖ്യ തനതു വരുമാനമായ വസ്തു നികുതി പൂർണ്ണമായി ഈടാക്കുവാനുള്ള നടപടികൾ നഗരസഭയിൽ കാര്യക്ഷമമല്ല. വസ്തു നികുതി ഡിമാന്റ് ചെയ്യുന്നതിലും ഈടാക്കുന്നതിലുമുള്ള അപാകതകൾ ഭാഗം 2ൽ പരാമർശിച്ചിട്ടുണ്ട്.

ആഭ്യന്തരനിയന്ത്രണസംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഭരണ സമിതിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികലും കൈക്കോള്ളേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | | 2014-15 | 05/01/2016 |
| അക്കൗണ്ടന്റ് ജനറൽ | | 2016-17 | 26/03/2018 |

# 1-12 വാർഷികകണക്കിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1.വാർഷികകണക്ക് RP6 പ്രകാരം ഡവലപ്മെന്റ് ഫണ്ട് ജനറൽ വരവ് 47019007.00 രൂ ആണ്. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് 46621857.00 രൂ ആണ്. 397150.00രൂ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

2.വാർഷികകണക്ക് RP6 ൽ നോൺറോഡ് മെയ്റ്റനൻസ് ഗ്രാന്റ് വരവ് 12734606.00 രൂപയും അപ്രോപ്രിയോഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 12717425.00രൂപയും ആണ്. വ്യത്യാസം 17181.00രൂ വിശദീകരിച്ചിട്ടില്ല.

3.ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ രസീപ്റ്റ് ആന്റ് പേമെന്റ് ആക്കൌണ്ടിലും ബാലൻസ്ഷീറ്റിലും ഉൾപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.

4.2016-17 ലെ ബാലൻസ്ഷീറ്റ്ബി1 ഷെഡ്യൂളിൽ Excess of income over expenditure തുക45978214.52 ഉം തൻവർഷം ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൌണ്ടിൽ തുക 26753849.00ഉം കൂടി കൂട്ടിയാൽ ആകെ ലഭിക്കുന്നത് 72732063.52 ആണ്. 2017-18 ലെ ബാലൻസ് ഷീറ്റ് ബി1 ഷെഡ്യൂളിലെ Excess of income over expenditure ൽ വരേണ്ടത്. എന്നാൽ 2017-18 ലെ ബാലൻസ്ഷീറ്റ്ബി1 ഷെഡ്യൂളിൽ 26753849.00 ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

5.2017-18 ലെ വാർഷികകണക്ക് ബാലൻസ്ഷീറ്റ്ബി 1 പ്രകാരം ജനറൽ ഫണ്ട് തുക (17469493.50)ആണ്. എന്നാൽ ട്രയൽ ബാലൻസിലും ബി1 ഷെഡ്യൂളിലും (63447708.02) ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

6.ടൌൺഹാൾ വാടക ഡിമാന്റ് ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൌണ്ടിലെ I-3 ഷെഡ്യൂൾ പ്രകാരം 1178836.00രൂപയും രസീപ്റ്റ് ആന്റ് പേമെന്റ് അക്കൌണ്ടിലെ RP-3 പ്രകാരം 1184686.00രൂപയും ആണ്.വ്യത്യാസം വിശദീകരിക്കേണ്ടതാണ്. ടൌൺഹാൾ വാടക രജിസ്റ്റർ ഹാജരാക്കിയതിൽ ഡിസിബി എഴുതി തയ്യാറാക്കാത്തതിനാൽ മേൽ തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

7.കോൺഫറൻസ് ഹാൾ വാടക രജിസ്റ്ററിലും I-3 ഷെഡ്യൂളിലേയും RP-3 യിലേയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

I-3 ഷെഡ്യൂൾ പ്രകാരം – 298625.00

RP-3 പ്രകാരം – 301625.00

8.പരസ്യ നികുതി രജിസ്റ്റർ പ്രകാരം കളക്ഷൻ 332273.00 രൂപയും ബാലൻസ് 7727.00 രൂപയും ആണ്. എന്നാൽ വാർഷികകണക്കിൽ ഡിമാന്റും കളക്ഷനും ആയി രേഖപ്പെടുത്തിയിരിക്കുന്നത് 373329.00രൂ ആണ്. ബാലൻസ് കുടിശ്ശിക ആയി ബി15 ൽ രേഖപ്പെടുത്തിയിരിക്കുന്ന 29100 രൂപയുടെ വിവരം പരസ്യ നികുതി രജിസ്റ്ററിൽ ഇല്ല.

9.അഡ്വാൻസ് രജിസ്റ്ററിൽ മിസലേനിയസ് അഡ്വാൻസ് മാത്രമേ എഴുതി സൂക്ഷിച്ചിട്ടുള്ളൂ, ആയത് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

മിസലേനിയസ് അഡ്വാൻസ്(രജിസ്റ്റർ പ്രകാരം)-398336.00

,, (വാർഷികകണക്ക പ്രകാരം) – 860218.00

മറ്റ് അഡ്വാൻസുകൾ ബി18 പ്രകാരം ഉള്ളവ താഴെ ചേർക്കുന്നു.

ഫെസ്റ്റിവൽ അഡ്വാൻസ് – 18000.00

സ്റ്റാൻഡിങ്ങ് അഡ്വാൻസ് – 1158.00

മാര്യേജ് ലോൺ – 39350

അഡ്വാൻസ് മറ്റുള്ളവ – 2500

ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് – 225493.00

ഇവയുടെ കൃത്യത രജിസ്റ്ററിന്റെ അഭാവത്തിൽ പരിശോധിക്കുവാനായില്ല.

10.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ളോസിങ്ങ് സ്റ്റോക്ക് ഇല്ല, എന്നാൽ പരിശോധനക്ക് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററുകളിൽ സാധനങ്ങൾ ബാലൻസ് ഉള്ളതായി ബോധ്യപ്പെട്ടു. ഉദാഹരണമായി ഇലക്ട്രിസ്റ്റി സ്റ്റോക്ക് രജിസ്റ്ററിൽ ഫ്ളൂറസന്റ് ട്യൂബ് 31.3.2018 ൽ 2026 എണ്ണം ബാലൻസ് ഉണ്ട്.മറ്റു സാമഗ്രികളും ബാലൻസ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്റർ, ഇലക്ട്രിസ്റ്റി സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കുകയോ ക്ളോസിങ്ങ് സ്റ്റോക്ക് ഉത്തരവാദപ്പെട്ടവർ ഭൌതിക പരിശോധന നടത്തി സ്റ്റോക്ക് സർട്ടിഫിക്കറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ടാറിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

11.വായ്പ രജിസ്റ്റർ പരിശോധിച്ചതിൽ ലോകമലേശ്വരം സർവ്വീസ് സഹകരണ ബാങ്കിൽ വായ്പത്തുക തിരിച്ചടക്കുവാൻ ബാലൻസ് 1064863.00 രൂ ആണ്. മേത്തല സർവ്വീസ് സഹകരണ ബാങ്കിലെ ബാലൻസ് തുക 3756398.00 അടക്കം ആകെ ബാലൻസ് 4821261.00രൂ ആണ്. എന്നാൽ വാർഷികകണക്കിൽ 4806261.00രൂ ആണ് ബാലൻസ് ആയി രേഖപ്പെടുത്തിയിരിക്കുന്നത്. 15000.00രൂ വ്യത്യാസം ഉണ്ട്.

12.താഴെ കൊടുത്തിരിക്കുന്ന വരവിനങ്ങളുടെ രജിസ്റ്ററുകളോ, ലെഡ്ജറുകളോ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ വരവിന്റെ കൃത്യത പരിശോധിക്കുവാനായില്ല.

ആശുപത്രി ആന്റ് പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് – 8700

ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ഫീസ് – 1000

സിനിമ റെഗുലേഷൻ ആക്ട് – 8200

ബിൽഡിങ്ങ് പെർമ്മിറ്റ് ഫീസ് – 1238294

ജനന മരണ വിവാഹ രജിസ്ട്രേഷൻ ഫീസ് – 309867

ഫൈൻ – 583110.00

വാട്ടർ ചാർജ്ജസ് – 10500

ലൈബ്രറി വരവ് – 13206

ക്രിമിറ്റോറിയം വരവ് – 154935

മറ്റ് വരവുകൾ – 184392

റോഡ്കട്ടിങ്ങ് ചാർജ്ജ് – 295568

ലേലം – 29828

ടെൻഡർ ഫോം വിൽപ്പന – 118720

13.സ്ഥിര ആസ്തി മൂല്യം, ഡിപ്രിസിയേഷൻ കണക്കാക്കിയത്, ബി21 പ്രകാരം പ്രൊവിഷൻ രേഖപ്പെടുത്തിയത് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ അനുബന്ധ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

14.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

15. തൻ വർഷം ഡെപ്പോസിറ്റ് ചെയ്ത തുകകളും ബി18 ഷെഡ്യൂളും തമ്മിൽ പൊരുത്തമില്ല (ഖ.4-2 പ്രകാരം)

## **<u>ഭാഗം -2</u>**

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 റസീപ്റ്റ് ബുക്കുപ്രകാരം പിരിച്ചെടുത്ത കളക്ഷൻ തുക അടവാക്കുന്നതിലെ അപാകതകൾ

മന്വൽ റസീപ്റ്റ് ബുക്കപ്രകാരം പിരിച്ചെടുക്കുന്ന കളക്ഷൻ തുക അടവാക്കുന്നതിൽ താഴെ പറയുന്ന തീയതികളിലെ അടവാക്കലുകളിൽ വ്യത്യാസം കാണുന്നു.

1. Felix O.P(RI)യുടെ കൈവശമുണ്ടായിരുന്ന 189 എന്ന റസീപ്റ്റ്ബുക്കിലെ റസീതി നം.9401 മുതൽ 9425 വരെ 11.12.12ൽ പിരിച്ചെടുത്ത 37742/- എന്ന തുക അടവാക്കുന്നതിനു പകരം 37442/-രൂപ അടവാക്കിയതായി കാണുന്നു. അടവാക്കിയതിൽ 300രൂപ കുറവുണ്ട്.

2. Ismail (R.I)യുടെ കൈവശമുണ്ടായിരുന്ന 269 എന്ന റസീപ്റ്റ് ബുക്കിലെ 13434 എന്ന റസീതി നമ്പർ പ്രകാരം കെ.വി.ഷാജി (ഫോട്ടോസ്റ്റാറ്റ്) തൊഴിൽ നികുതി ഇനത്തിൽ 05.02.18ന് പിരിച്ചെടുത്ത 180/-രൂപ അടവാക്കിയതായി കാണുന്നില്ല.

മേൽ സൂചിപ്പിച്ച തുകകൾ (480രൂപ) അടവാക്കി ആയതിന്റെ റസീതി സഹിതമുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
റസീതുപ്രകാരം Bill collectors പിരിച്ചെടുക്കുന്ന തുക കൃത്യമായി യഥാസമയം അടവാക്കുന്നുവെന്ന് മേലധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.

## 2-2 കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ്

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനത്തിൽ കുറയാത്ത തുക കളക്ഷൻ ചാർജ്ജായി നഗരസഭയുടെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. തുടർ വർഷങ്ങളിൽ നിയമപ്രകാരമുള്ള തുക നഗരസഭയ്ക്ക് തനത് വരുമാനമാക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്.

## 2-3 ഡി & ഒ ലൈസൻസ് നൽകുന്നതിന് കൗൺസിൽ അംഗീകരിച്ച ബൈലോയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

ഡ & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 492(5) വകുപ്പ് പ്രകാരം കൗൺസിലിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് 09.01.12 ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം വ്യാപാര ഇനങ്ങൾ തരംതിരിച്ച് ഓരോ ഇനവും എ, ബി, സി എന്നീ പ്രത്യേകം കാറ്റഗറിയിൽ ഉൾപ്പെടുത്തി നിരക്ക് നിശ്ചയിച്ച് ബൈലോ തയ്യാറാക്കി. പ്രസ്തുത ബൈലോ അടിസ്ഥാനമാക്കിയാണ് ലൈസൻസ് നൽകുന്നതും, ഫീസ് ഈടാക്കുന്നതും.

1) ഡി&ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ലഭിക്കുമ്പോൾ ഹെൽത്ത് ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തുകയോ ഇതിന്റെ അന്വേഷണ റിപ്പോർട്ട് അപേക്ഷയിൽ നിശ്ചിത ഭാഗത്ത് രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. എന്നാൽ ഇതിന്റെ അഭാവത്തിലും പല അപേക്ഷകൾക്കും നഗരസഭ ലൈസൻസ് നൽകിയിരിക്കുന്നു.

2) മതിയായ രേഖകൾ ഹാജരാക്കാത്ത അപേക്ഷകൾക്കും ഡി&ഒ ലൈസൻസ് നൽകിയതായി കാണുന്നു. ഇപ്രകാരം അപേക്ഷ നൽകിയ ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | രേഖകൾ |
|---|---|---|
| 1 | ഭാരത് ഗ്യാസ് ഗോഡൗൺ (17/158) അപേക്ഷ മാത്രം | എ) എക്സ്പ്ലോസീവ് ലൈസൻസ് ഫയർ ഡിവിഷൻ ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ്<br>ബി) മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം |
| 2 | സഫ എന്റർപ്രൈസസ് ഐസ് ഫാക്ടറി (XVII/50A) അപേക്ഷ മാത്രം | വാട്ടർ അതോറിറ്റിയിൽ നിന്നും ജലം പരിശോധിച്ചതിന്റെ റിപ്പോർട്ട് |
| 3 | അമീൻ ഐസ് ഫാക്ടറി (XVII/28B) | വാട്ടർ അതോറിറ്റിയിൽ നിന്നും ജലം പരിശോധിച്ചതിന്റെ റിപ്പോർട്ട് |

ഒരോ സ്ഥാപനത്തിൽ നിന്നും ബാധകമായ നിരക്കിൽ ലൈസൻസ് ഫീ ഈടാക്കുന്നതിന് ഫീൽഡ് പരിശോധന അടിയന്തിരമായി നടത്തേണ്ടതും, അതുവഴി എല്ലാ സ്ഥാപങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കി നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 2-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച്

നഗരസഭ പരിധിയിൽ 2017-18 വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിരിക്കുന്ന ഏകദേശം 140 സ്ഥാപനങ്ങൾ ഒന്നാമത്തേയോ, രണ്ടാമത്തേയോ, ഒന്നും, രണ്ടും അർദ്ധവർഷത്തേയോ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (ഓഡിറ്റ് എൻക്വയറി നം.28 തീയതി.24.05.19)ത്തിന് ഓഡിറ്റ് വേളയിൽ മറുപടി ലഭ്യമായില്ല. ഓഡിറ്റിന് ശേഷം മറുപടി ഹാജരാക്കിയതിനാൽ തുക അടവാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. കൂടുതൽ കൃത്യത പാലിക്കേണ്ടതാണ്. മുൻ വർഷത്തെ രജിസ്റ്ററിലെ സ്ഥാപനങ്ങളെ പുതിയ രജിസ്റ്ററിൽ രേഖപ്പെടുത്തുകയാണ് ചെയ്ത് വരുന്നത്. ഓരോ വർഷവും നഗരസഭാപരിധിയിലുള്ള സ്ഥാപനങ്ങൾ സ്ഥലപരിശോധന നടത്തി നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും അവയിൽ പ്രവർത്തിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്.

# 2-5 വാടക ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണം - ബൈലോ ഇല്ല

1.വാടക ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

നഗരസഭയുടെ ഷോപ്പിങ്ങ് കോംപ്ളക്സുകൾ വാടകക്ക് എടുത്തിരിക്കുന്ന വാടകക്കാരിൽ നിന്നും ഈടാക്കുന്ന ഡെപ്പോസിറ്റുകൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ഷോപ്പിങ്ങ് കോംപ്ളക്സുകളിലെ വാടകക്കാരുടെ പേരു വിവരവും ഒരു നിശ്ചിത തുകയും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക എത് കാലയളവിൽ വാങ്ങിയതാണെന്ന വിവരം രജിസ്ററിൽ നിന്ന് ലഭ്യമല്ല. ഷോപ്പിങ്ങ് കോംപ്ളക്സുകളിൽ മാർക്കറ്റ് കം ഷോപ്പിങ്ങ് കോംപ്ളക്സിന് ഒഴികെ മറ്റൊന്നിനും ബൈലോ ഇല്ല. കൗൺസിൽ തീരുമാന പ്രകാരം 6 മാസത്തെ വാടകക്ക് തുല്യമായ തുകയാണ് ഡെപ്പോസിറ്റ് ആയി വാങ്ങി വരുന്നത്. എന്നാൽ വാർഷിക വാടക വർദ്ധനവിന് അനുസൃതമായി ഡെപ്പോസിറ്റ് തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ എന്ന് രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അഭാവത്തിൽ പരിശോധിക്കുവാനായിട്ടില്ല. വാടക ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റ് കൈപ്പറ്റിയ തിയതി, രസീത് നമ്പർ, അടിസ്ഥാന വാടക കരാർ നമ്പർ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2.വാടക ബൈലോ ഇല്ല.

നഗരസഭയുടെ 5 ഷോപ്പിങ്ങ് കോംപ്ളക്സുകൾ വാടകക്ക് നൽകി വരുന്നതിൽ മാർക്കറ്റ് കം ഷോപ്പിങ്ങ് കോംപ്ളക്സിന് ഒഴികെ മറ്റൊന്നിനും ബൈലോ ഇല്ല. 1994 കേരള മുനിസിപ്പാലിറ്റി നിയമത്തിലെ പ്രകാരം ബൈലോ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. R2-11887/16 നമ്പർ ഫയലിൽ ബൈലോ തയ്യാറാക്കുന്നതിന് 2016-17 ൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും പൂർത്തീകരിച്ചിട്ടില്ല. ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 2-6 ബസ് സ്റ്റാൻഡ് ഷോപ്പിങ്ങ് കോംപ്ളക്സ് - നഗരസഭയുടെ എസ്റ്റിമേറ്റ്,മേൽനോട്ടം എന്നിവയില്ലാതെ വാടകക്കാർ നേരിട്ട് ട്രസ് വർക്ക് നടത്തി.

ഫയൽ: PW1-2858/14

നഗരസഭയുടെ ബസ് സ്റ്റാൻഡ് ഷോപ്പിങ്ങ് കോംപ്ളക്സ് ചോർന്നൊലിക്കുന്നത് തടയുവാൻ പ്രസ്തുത കെട്ടിടത്തിന് മുകളിൽ ട്രസ് വർക്ക് നടത്തുവാൻ അനുവദിക്കണമെന്ന് വാടകക്കാർ അപേക്ഷിക്കുകയും 12.9.2013 ലെ 25ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അസി എൻജിനീയറുടെ മേൽ നോട്ടത്തിൽ മുറികൾ വാടകക്ക് എടുത്തിട്ടുള്ളവരുടെ സ്വന്തം ചെലവിൽ പ്രവൃത്തി നടത്തുന്നതിന് അനുവാദം നൽകുകയും ചെയ്തു. മേൽനോട്ടത്തിന് ഓവർസിയറെ ചുമതലപ്പെടുത്തി 28.2.2014 ൽ ഉത്തരവായി. വർക്ക് തുടങ്ങുന്നതിനു മുൻപ് നഗരസഭയെ അറിയിക്കണമെന്ന് വാടകക്കാരെയും അറിയിച്ചിരുന്നു. എന്നാൽ ഫയലിലെ 17.9.2015 ലെ നോട്ടിൽ PW1 2858/14 ൽ എസ്റ്റിമേറ്റ് എടുത്തതായി കാണുന്നില്ല എന്നും സ്ഥലം പരിശോധിച്ചതിൽ ട്രസ് വർക്ക് ചെയ്തു കഴിഞ്ഞതായും സെക്ഷൻ അറിയിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച വർക്കിന്റെ എസ്റ്റിമേറ്റ് വാല്യുവേഷൻ എടുക്കുവാൻ മുനിസിപ്പൽ എൻജിനീയർ ഉത്തരവായി (1.9.2016). എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 31.10.2016 ലെ (കൗൺസിൽ തീരുമാന പ്രകാരവും16.1.2018 ലെ 9ാം നമ്പർ തീരുമാന പ്രകാരവും 550000/രൂപക്ക് തത്തുല്യമായ തുക (വാടകക്കാർക്ക് ചെലവ് ചെയ്ത തുകയ്ക്ക് തുല്യമായ തുക) 16 വാടകക്കാരുടെ ഡെപ്പോസിറ്റിലേക്ക് വരവ് വക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്). നാളിതുവരെ വരവ് വച്ച് നൽകിയിട്ടില്ല. നഗരസഭക്ക് വാടക ബൈലോ ഇല്ലാത്തത് ഇത്തരം സന്ദർഭങ്ങളിൽ നടപടി സ്വീകരിക്കുന്നതിന് വിഘാതമാകുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. നഗരസഭയിലെ എൻജിനീയറിങ്ങ് വിഭാഗം ഉണ്ടായിട്ടും ഷോപ്പിങ്ങ് കോംപ്ളക്സ് ട്രസ് വർക്ക് വാടകക്കാരുടെ ചെലവിൽ ചെയ്യുന്നതിന് തീരുമാനമെടുത്തത് ശരിയായ നടപടി അല്ല. നഗരസഭ കെട്ടിടത്തിന് ഏതെങ്കിലും തരത്തിലുള്ള രൂപ മാറ്റം വരുത്തുന്നത് നഗരസഭയുടെ അനുവാദത്തോടെ ആകണം എന്ന് കരാറിൽ ഉറപ്പു വരുത്തിയിട്ടുള്ളതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 2-7 സ്കൂൾ കെട്ടിടം ലേലം- ലേലത്തുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല-ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

കൗൺസിലിന്റെ 6.3.2018 ലെ അജണ്ട4ൽ പിഡബ്ളിയു1-11123/17 നമ്പർ ഫയലിൽ ഗവ.ഹയർസെക്കന്ററിസ്കൂളിലെ ഓടിട്ട പഴയ 2കെട്ടിടങ്ങൾ പൊളിച്ചുകൊണ്ടുപോകുന്നതിനായി നടത്തിയ പരസ്യലേലത്തിൽ 811000രൂപക്ക് ലേലം കൊണ്ട ശ്രീ .സത്യൻ, പരപ്പിൽ വീട്, കൊടുങ്ങല്ലൂർ

എന്നയാളുടെ ലേലം ഉറപ്പിച്ച് നൽകുവാൻ തീരുമാനിച്ചു, (തീരുമാനം4). 16.1.2018ലെ 14ാം നമ്പർകൗൺസിൽ തീരുമാന പ്രകാരം വാല്യുവേഷൻ തുകക്ക് അംഗീകാരം നൽകിയിരുന്നു. അജണ്ട 4ന്റെ താഴെ കുറിപ്പിൽ കക്ഷി ലേലത്തുകയുടെ 1/3 തുക 270340 രൂപ നഗരസഭ ഫണ്ടിൽ ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷികകണക്കിൽ റസീപ്റ്റ് ആന്റ് പേമെന്റ് അക്കൗണ്ടിൽ (RP5)ഈ തുക ഉൾപ്പെട്ടു കാണുന്നില്ല. ഫയൽ പരിശോധനക്ക് ലഭിച്ചിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും ഫയൽ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

# 2-8 കോട്ടപ്പുറം മാർക്കറ്റ് ലേലം നടപടികൾ സ്വീകരിക്കുന്നതിലെ അനാസ്ഥ - നഗരസഭക്ക് നഷ്ടം

ഫയൽ നമ്പർ – R2-17900/16

ശ്രീ.മുഹമ്മദ് ഷെരീഫ് എന്ന വ്യക്തി 1425000രൂപക്ക് കോട്ടപ്പുറം മാർക്കറ്റ് ഫീസ് പിരിവ് ലേലം കൊണ്ടു. ഇത് നഗരസഭ 14.03.17ലെ 10-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ച നഗരസഭ ലേലത്തിന് ബൈലോ തയ്യാറാക്കിയിട്ടില്ല. കൗൺസിൽ അംഗീകരിച്ച ലേല നിബന്ധനയുടെ അടിസ്ഥാനത്തിലാണ് ലേലം നടത്തുന്നത്. ആയതു പ്രകാരം ലേലം കൊണ്ട തുകയുടെ 1/3 തുക ലേലം ഉറപ്പിച്ച ദിവസം തന്നെ അടവാക്കേണ്ടതും (475000-രസീത് നമ്പർ-11601500185/4.3.2017) ബാക്കി തുക(950000/-രൂ) 8 തുല്യ ഗഡുക്കളായി 4/17 മുതൽ 11/17 വരെ ഇംഗ്ലീഷ് മാസം 15 ന മുൻപ് അടവാക്കേണ്ടതുമാണ്. കൂടാതെ ബാലൻസ് തുകയായ 950000രൂപക്കുള്ള സോൾവൻസി/ബാങ്ക് ഗ്യാരണ്ടിയും കരാറും ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനുള്ളിൽ വക്കേണ്ടതുമാണ്. അല്ലാത്തപക്ഷം കുത്തകാവകാശം ക്യാൻസൽ ചെയ്ത് കുത്തകക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം ചെയ്യുന്നതാണ്. ടിയാൻ ലേലം അംഗീകരിച്ച ഉത്തരവ് 23.3.2017 ൽ കൈപ്പറ്റി. എന്നാൽ ബാങ്ക് ഗ്യാരണ്ടി /സോൾവൻസി ഹാജരാക്കാത്തതിനെ തുടർന്ന് ടിയാൾക്ക് 18.4.2017,3.5.2017,29.7.2017 തീയതികളിൽ അറിയിപ്പ് നൽകുകയും ഹാജരാക്കുന്നതിന് സമയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൻ അടവാക്കിയ ലേല ഗഡു തുകകളുടെ ചെക്ക് വിവിധ കാരണങ്ങളാൽ നഗരസഭക്ക് പണമാക്കുവാൻ സാധിച്ചിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ചെക്ക് നമ്പർ/ തീയതി | തുക | റിമാർക്സ് |
|---|---|---|
| 0046502/25.8.2017 | 140125 | തീയതി കഴിഞ്ഞതിനാൽ ബാങ്കിങ് കമ്പ്യൂട്ടറിൽ ഡിമാന്റ് ചെയ്യുവാൻ സാധിച്ചില്ല. |
| 058950/12.9.2017 | 144875 | അക്കൗണ്ടിൽ പണമില്ല |
| 0046503/25.9.2017 | 140125 | കമ്പ്യൂട്ടറിൽ ഡിമാന്റ് ചെയ്തുവെങ്കിലും ബാങ്ക് സ്വീകരിച്ചില്ല. |
| 0046504/25.10.20017 | 140125 | അക്കൗണ്ടിൽ പണമില്ല |
| 0046504/25.11.2017 | 140125 | അക്കൗണ്ടിൽ പണമില്ല |

മേൽ പ്രകാരം നിരവധി തവണ വണ്ടി ചെക്കുകൾ നൽകി നഗരസഭയെ കബളിപ്പിച്ചിട്ടും ഫയൽ പ്രകാരം ടിയാന് പല തവണ സമയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 15.11.2017ലാണ് സെക്രട്ടറി വണ്ടി ചെക്ക് നൽകി നഗരസഭയെ കബളിപ്പിച്ച ടിയാനെതിരെ നിയമനടപടി ശുപാർശ ചെയ്തത്. 29.11.2017 ൽ ടിയാളുടെ കുത്തകാവകാശം റദ്ദു ചെയ്യുവാൻ സെക്രട്ടറി ഉത്തരവായി. എന്നാൽ കുത്തകാവകാശം റദ്ദു ചെയ്തില്ല. 2.2.2018 ലാണ് ടിയാനെതിരെ ഉള്ള നിയമനടപടിക്ക് വക്കീലിനെ ചുമതലപ്പെടുത്തി സെക്രട്ടറി ഒപ്പു വച്ചിരിക്കുന്നത്. നിലവിൽ ടീയാനെതിരെ വണ്ടി ചെക്ക് നൽകി കബളിപ്പിച്ചതിനും കുടിശ്ശിക അടവാക്കാത്തതിനുമെതിരെ കേസെടുക്കുവാൻ 16.4.2019 ലെ 24(1) തീരുമാനം കൗൺസിൽ എടുക്കുകയും ചെയ്തിട്ടുണ്ട്. തുക അടവാക്കുവാൻ ടിയാന് 3.5.2019 ൽ വീണ്ടും നോട്ടീസ് നൽകിയതായും ഫയലിൽ കാണുന്നു.

ടിയാൻ 31.03.18ൽ മാർക്കറ്റ് ഫീസായി 593750 രൂപയും +GST 106876 രൂപയും +ഫൈൻ 118750 രൂപയും അടവാക്കുവാനുള്ളതായി ഫയലിൽ കാണുന്നു. G-7402/14 ഫയലിൽ ടിയാൻ നഗരസഭക്ക് വരുത്തിയ നഷ്ടത്തിന് സെക്ഷൻ ക്ലർക്കിനും സൂപ്രണ്ട് എന്നിവർക്കും മെമ്മോ നൽകിയിട്ടുണ്ട്. കുടിശ്ശിക തുക ബാലൻസ് ഷീറ്റ് B-15ൽ ഉൾപ്പെടുത്തിയിട്ടില്ല.

കരാറിൽ ഉൾപ്പെടുത്തിയിരുന്നിട്ടും കൃത്യ സമയത്ത് ആവശ്യമായ നടപടികൾ നിർദ്ദേശിക്കാതിരുന്നതിനാലാണ് നഗരസഭക്ക് ഈ തുക കുടിശ്ശികയാക്കിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേലം സംബന്ധിച്ച് വ്യക്തമായ നിയമാവലി തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതും നടപടികൾ കൃത്യ സമയത്ത് സ്വീകരിച്ച് നഗരസഭക്കുണ്ടാകുന്ന നഷ്ടങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

# 2-9 അഗ്നിസുരക്ഷാ മാനദണ്ഡം - സാക്ഷ്യപത്രം ഉറപ്പാക്കിയില്ല

2011ലെ കേരളമുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങൾ ചട്ടം 53(3), 56(3j) പ്രകാരം 300m2 ന് മുകളിലും 1000 m2 താഴെയുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫാറം 'P' യിൽ അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ അനുവർത്തിക്കുന്നുണ്ടെന്ന് കെട്ടിടഉടമ സ്വയം സാക്ഷ്യപ്പെടുത്തേണ്ടതും പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്ട്/എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. എന്നാൽ കെട്ടിട നിർമ്മാണാനുമതി നൽകിയിരിക്കുന്ന താഴെപറയുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ ഫാറം 'P' സമർപ്പിച്ചിട്ടില്ല.

| ക്രമ നമ്പർ | പെർമിറ്റ് നമ്പർ | കെട്ടിട ഉടമ | വിസ്തീർണ്ണം m2 | വിനിയോഗ ഗണം |
|---|---|---|---|---|
| 1 | PW4-BA (67921)/2017/ 17.11.17 | ശ്രീ.ചിന്തു .സി .ശേഖർ | 567.38 | വാണിജ്യം |

| | | | | |
|---|---|---|---|---|
| 2 | PW4-BA(66348)/2018/21.02.18 | ശ്രീ.അബ്ദുൾ വഹാബ് | 332.62 | പാർപ്പിടം |

ചട്ടപ്രകാരമുള്ള മാനദണ്ഡങ്ങൾ ഉറപ്പാക്കി നിർമ്മാണാനുമതി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

# 2-10 അപേക്ഷ ഫീ - കുറവ് തുക ഈടാക്കി

ഫയൽ നമ്പർ: PW2 – 12705/17

റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് ലഭ്യമാക്കിയ മൊബൈൽ ടവറിന്റെ അപേക്ഷാ ഫീസായി രസീതി നമ്പർ 117011/07580/തി.14.09.17 പ്രകാരം 30 രൂപയാണ് ഈടാക്കിയിട്ടുള്ളത്. 1999 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിടനിർമാണ ചട്ടം ചട്ടം 141(6) പ്രകാരം ടവറുകൾക്കുള്ള അപേക്ഷ ഫീ 1000/- രൂപയാണ്. കുറവ് ഈടാക്കിയ 970 രൂപ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം 10/20.05.19)

# 2-11 പാർക്കിംഗ് ഏരിയ വാണിജ്യ ആവശ്യത്തിനായി ഉപയോഗപ്പെടുത്തി

ഫയൽ നമ്പർ : BA 429/15-16

നഗരസഭ 4-ാം വാർഡിൽ ഷീജ സിദ്ധിഖ്, മുഹമ്മദ് സിദ്ധിഖ് എന്നവരുടെ ഉടമസ്ഥതയിൽ 5.04.18 ൽ പണിപൂർത്തീകരിച്ചിട്ടുള്ള 1776.99 m2 കൊമേഴ്സ്യൽ കെട്ടിടത്തിന് IV/1101A, IV/1101B, IV1101C എന്നീ കെട്ടിടനമ്പർ നൽകിയിട്ടുള്ളതാണ്. ഈ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ 436.74 m2 ബേസ്മെന്റ് ഫ്ലോർ /സെല്ലാർ ഏരിയയായി രേഖപ്പെടുത്തിയിട്ടുള്ളതും ആയതിൽ 14.73 m2, 15 കാർപാർക്കിംഗിനായി മാറ്റിവെച്ചിട്ടുള്ളതുമാണ്. നിലവിൽ ഈ കെട്ടിടത്തിൽ 'കല്പക ടെക്സ്റ്റയിൽസ് ' എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നു. നഗരസഭ റവന്യൂ ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ ബേസ്മെന്റ് ഏരിയ ഇപ്പോൾ വാണിജ്യ ആവശ്യത്തിനായി ഉപയോഗിച്ചുവരുന്നതായി കണ്ടു. 1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണചട്ടങ്ങൾ ചട്ടം 34 പ്രകാരമുള്ള പാർക്കിംഗ് ഏരിയ കെട്ടിടത്തിന് ഉണ്ടാകേണ്ടതാണ്. നഗരസഭ നൽകിയ നിർമ്മാണാനുമതിയ്ക്കും ഒക്യുപൻസിയ്ക്കും വിരുദ്ധമായി പാർക്കിംഗ് ഏരിയ വാണിജ്യാവശ്യത്തിന് ഉപയോഗപ്പെടുത്തിയതിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നമ്പർ 31/27.05.19) 1.12.18,28.12.18 തീയതികളിൽ നോട്ടീസ് നൽകിയെന്നും ആയതിന് കക്ഷി മറുപടി സമർപ്പിച്ചിട്ടില്ലായെന്നും തുടർനടപടി സ്വീകരിക്കുന്നതാണെന്നും നഗരസഭാ സെക്രട്ടറി മറുപടി ലഭ്യമാക്കുകയുണ്ടായി.

നോട്ടീസ് തുടർ നടപടി സ്വീകരിക്കുന്നതിൽ നഗരസഭയ്ക്ക് വീഴ്ച സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം അനധികൃത പ്രവർത്തനങ്ങളെ/നിർമ്മാണങ്ങളെ കണ്ടെത്താനുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ഉള്ള ഊർജ്ജിത ശ്രമം നഗരസഭയിൽ ഉണ്ടാകേണ്ടതാണ്. ഇതിനായി ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

# 2-12 അനധികൃത കെട്ടിടങ്ങളിൽ സ്ഥാപനങ്ങളുടെ പ്രവർത്തനം

നഗരസഭ യു.എ നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 242(5) പ്രകാരം യു.എ നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങൾ കച്ചവട/വാണിജ്യ/വ്യവസായ/മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്താൻ പാടില്ലാത്തതാകുന്നു.

1. ഔറ എഡ്വിഫൈ എന്ന സ്ഥാപനത്തിന് XXIV/UA-207(1), UA-207(2), UA-207(3) എന്നിങ്ങനെ യു.എ നമ്പർ നൽകിയിട്ടുള്ളതാണ്. എന്നിരുന്നാലും ഈ കെട്ടിടങ്ങളിൽ സ്കൂൾ പ്രവർത്തിച്ചു വരുന്നു.

2.വാർഡ് XIV/UA306ൽ നമ്പറിൽ നാസർ, തോട്ടത്തിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിനോട് ചേർന്ന് അനധികൃതമായി നിർമ്മിച്ചിട്ടുള്ള 804 m2 വിസ്തീർണ്ണമുള്ള ഷെഡിനാണ് യു.എ നമ്പർ നൽകിയിട്ടുള്ളത്. എന്നാൽ ടാക്സ് അടവാക്കാതേയും അനധികൃത കെട്ടിടം വാണിജ്യാവശ്യത്തിന് ഉപയുക്തമാക്കിവരുന്നു.

3.മുഹമ്മദാലി കരിയമ്പിള്ളി എന്നയാളുടെ ഉടമസ്ഥതയിലുള്ള 174.80 m2 കെട്ടിടത്തിന് XX/UA 89(D) എന്ന നമ്പറും, 603.15 M2 ഷെഡിന് XXI/UA 82(4) എന്ന നമ്പറും നൽകിയിട്ടുള്ളതാണ്. 24.05.19 ന് റവന്യൂ ഇൻസ്പെക്ടർ, ഓവർസീർ എന്നിവരുമായി ഓഡിറ്റ് ടീം പ്രസ്തുത വാർഡുകളിൽ നടത്തിയ സ്ഥലപരിശോധനയിൽ ടിയാളുടെ steel world എന്ന സ്ഥാപനത്തിന്റെ ഒരു കെട്ടിടത്തിന് നമ്പറില്ലാത്തതായി കണ്ടു. 2014-15 മുതൽ നികുതി നിർണ്ണയം ചെയ്തിട്ടുള്ള ടി അനധികൃത നിർമ്മാണത്തിന് നാളിതുവരെ വസ്തുനികുതി അടവാക്കി കാണുന്നില്ല. (യു.എ നമ്പറില്ലുള്ള കെട്ടിടങ്ങളിൽ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്).

4. VII വാർഡിൽ സെൻട്രോമാൾ എന്നകെട്ടിടത്തിലെ 4thഫ്ലോറിൽ പ്രവർത്തിച്ചുവരുന്ന കെട്ടിടത്തിന് VII/UA 6(E) എന്ന യു.എ നമ്പറാണ് നൽകിയിട്ടുള്ളത്. എന്നാൽ ഡി.ആന്റ്.ഓ ലൈസൻസ് ആവശ്യമായതും പി.പി.ആർ ആക്ട് പ്രകാരം രജിസ്ട്രേഷൻ ആവശ്യമുള്ളതുമായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ അനസ്യൂതം പ്രവർത്തിച്ചു വരുന്നു. പ്രവർത്തനം നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് നഗരസഭ സ്റ്റോപ്പ്മെമ്മോ നൽകിയിരിക്കുന്നത് 4.05.19 നാണ്. ഈ ഷോപ്പിംഗ് മാളിലെ നിരവധി കെട്ടിടങ്ങൾ (എല്ലാ നിലകളിലേയും) വസ്തുനികുതി അടവാക്കാത്തതിനാൽ ഭീമമായ നികുതി കുടിശ്ശിക നഗരസഭയ്ക്കുണ്ട്. എന്നിരുന്നിട്ടും കാലതാമസം കൂടാതെ ഈ അനധികൃത പ്രവർത്തനത്തിനെതിരെനടപടി (4-ാം നിലയിലെ) സ്വീകരിക്കുന്നതിനോ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനോ നഗരസഭയ്ക്കായിട്ടില്ല.

ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (37/28.05.19) നഗരസഭ മറുപടി ലഭ്യമാക്കിയില്ല.

അനധികൃത നിർമ്മാണത്തിലുള്ള കെട്ടിടങ്ങളിലെ സ്ഥാപങ്ങളുടെ പ്രവർത്തനം കണ്ടെത്തുന്നതിനോ അതിനെതിരെ നടപടി സ്വീകരിക്കുന്നതിനോ നഗരസഭയ്ക്കായിട്ടില്ല. ഇത്തരത്തിൽ നഗരസഭ യു.എ നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിച്ച വരുന്നു.

# 2-13 അനധികൃത നിർമ്മാണം - തുടർനടപടി സ്വീകരിക്കേണ്ടതാണ്.

നഗരസഭാ പരിധിയിൽ ദളവാ കുളത്തിന് സമീപം നിർമ്മിച്ചിട്ടുള്ള Style Homes Holidays Inn എന്നകെട്ടിടത്തിന് (229.88 m2) നഗരസഭ പെർമിറ്റ് നൽകിയിരുന്നതും 1.10.12 ൽ ഒക്യുപൻസി നൽകിയിട്ടുള്ളതുമാണ്. ഈ റസിഡൻഷ്യൽ അപ്പാർട്ട്മെന്റിന് മുകളിൽ നഗരസഭയുടെ അനുമതി കൂടാതെ നിർമ്മിച്ച ഒരു നിലയും, ഫ്രണ്ട് യാർഡിലും സൈഡ് സെറ്റ് ബാക്ക് വേണ്ട സ്ഥലത്തും അനധികൃതമായി ട്രസ്സ് വർക്ക് നടത്തി ഉപയോഗിക്കുന്ന സ്ഥലവും ഫ്രണ്ട് യാർഡിൽ സ്റ്റീൽ സ്ട്രക്ച്ചർ കൊണ്ട് നിർമ്മിച്ച മുറിയും പൊളിച്ച മാറ്റുവാൻ 8.10.18,26.11.18 ന് കത്ത് നൽകിയിട്ടുള്ളതാണ്. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 7/11/2017 ലെ CTPVIG/706/17 നമ്പർ റിപ്പോർട്ട് പ്രകാരം KMBR ന്റെ ചട്ടലംഘനമുള്ളതിനാൽ ചട്ടലംഘനത്തിനെതിരെയും, കെട്ടിടത്തിൽ നിന്നുള്ള മാലിന്യം മൂലം ദളവാകുളത്തിന് മലിനീകരണം സംഭവിക്കുന്ന എന്ന പരാതിയിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കി നടപടി സ്വീകരിക്കുന്നതിനും കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിന്റെ boundary demarcate ചെയ്ത് നടപടി സ്വീകരിക്കുന്നതിനും വകുപ്പ് സെക്രട്ടറി നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിരുന്നു (തസ്വഭവ-ആർ ബി2/395/17/19.12.17).

എന്നാൽ ഈ വിഷയത്തിൽ തുടർനടപടിയായിട്ടില്ല. നിയമപരമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-14 അനധികൃത നിർമ്മാണം - നടപടി സ്വീകരിക്കേണ്ടതാണ്

സദാനന്ദൻ, കുറ്റിപറമ്പിൽ എന്നയാളുടെ ഉടമസ്ഥതയിൽ 367.82 m2 ൽ പണിതീർത്ത വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് V/63 F, G എന്നീ കെട്ടിടനമ്പർ നൽകിയിട്ടുള്ളതാണ്. 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടത്തിനോട് ചേർന്ന് അംഗീകൃത പ്ലാനിൽ നിന്ന് വ്യതിചലിച്ചും, സെറ്റ് ബാക്ക് ഇല്ലാതേയും അനധികൃത നിർമ്മാണം പൂർത്തീകരിച്ചതായി കണ്ടു. ടി വിഷയത്തിൽ നിയമപരമായ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 2-15 മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം കുറവായി കണക്കാക്കുന്നു

ഫയൽ നമ്പർ PW2-TBA (7728)/2015

കെട്ടിട നമ്പർ V/827A

14.01.16 ന് ഒക്യുപൻസി അനുവദിച്ച റിലയൻസ് ജിയോ മൊബൈൽ ടവറിന്റെ പ്ലാൻ പ്രകാരം തറവിസ്തീർണ്ണം രേഖപ്പെടുത്തിയിരിക്കുന്നത് 2.115 m2 ആണ്. ആയതുപ്രകാരം കണക്കാക്കിയിരിക്കുന്ന അടിസ്ഥാന വസ്തുനികുതി 1058 (500x 2.115) രൂപയാണ്. മൊബൈൽ ടവറിന്റെ വിസ്തീർണ്ണം കണക്കാക്കുമ്പോൾ ഉപകരണമുറികളോ, ഷെൽട്ടറുകളോ, ജനറേറ്റർ മുറികളോ, അനുബന്ധമുറികളോ ഉൾപ്പെടുത്തേണ്ടതാണ് (1999 ലെ ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണചട്ടങ്ങൾ ചട്ടം 1415(C), വസ്തു നികുതി ചട്ടം 4(1) (IV)). എന്നാൽ ഇവിടെ ടവറിന്റെ വിസ്തീർണ്ണം കണക്കാക്കിയതിൽ ടവറിന്റെ ഏരിയ മാത്രമേ ഉൾപ്പെടുത്തി കാണുന്നുള്ളൂ. ആയതിനാൽ നികുതി ഇനത്തിൽ ഗണ്യമായ കുറവുണ്ടായി.

ശ്രദ്ധകുറവ് മൂലം പ്ലിന്ത് ഏരിയയിൽ ക്യാബിന്റെ വിസ്തീർണ്ണം ചേർക്കാൻ വിട്ടുപോയിട്ടുള്ളതാണെന്നും സൈറ്റ് ഇൻസ്പെക്ഷൻ നടത്തി ഏരിയ തിട്ടപ്പെടുത്തി ടവർ റഗുലറൈസ് ചെയ്ത് വസ്തുനികുതി പുന:നിർണ്ണയം നടത്തുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഇത്തരത്തിൽ നഗരസഭയ്ക്കുണ്ടായിട്ടുള്ള നഷ്ടം തിട്ടപ്പെടുത്തേണ്ടതും ആയത് പരിഹരിക്കാൻ നടപടിയുണ്ടാകേണ്ടതുമാണ്.

# 2-16 യു.എ രജിസ്റ്റർ പരിപാലനം - പൂർണ്ണതയില്ല

1. 1994കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 242(4) പ്രകാരം അനധികൃത നിർമ്മാണങ്ങളുടെ വിവരം രേഖപ്പെടുത്തുന്നതിന് യു.എ രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. രജിസ്റ്ററിൽ കളക്ഷൻ വിവരങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ഇത്തരം കെട്ടിടങ്ങളുടെ കുടിശ്ശിക വിവരം ലഭ്യമാകുന്നില്ല.

2. നഗരസഭയുടെ എഞ്ചിനീയർ, റവന്യൂ സെക്ഷനുകൾ യു.എ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും രജിസ്റ്ററുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

എ) ഫയൽ നമ്പർ: II/VA 498(A), 498(B) (മോഡേൺ ഹോസ്പിറ്റൽ) 1023.34 m2 ൽ പണിക്കഴിച്ച ഹോസ്പിറ്റൽ (മോഡേൺ ഹോസ്പിറ്റൽ ) കെട്ടിടം അനധികൃത കെട്ടിടമായി കണക്കാക്കി 3 ഇരട്ടി ടാക്സ് നിർണ്ണയിക്കുവാൻ പി.ഡബ്ല്യ സെക്ഷൻ 12.01.17 ന് റവന്യൂ സെക്ഷന് അറിയിപ്പ് നൽകിയതായി പി.ഡബ്ള്യ സെക്ഷന്റെ യു.എ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ റവന്യൂ വിഭാഗത്തിന്റെ രജിസ്റ്റർ പ്രകാരം ഈ

കെട്ടിടത്തിന്റെ 721 m2 വിസ്തീർണ്ണത്തിനാണ് നമ്പർ നൽകി ടാക്സ് കണക്കാക്കിയിരിക്കുന്നത്. 1023.34 m2 ൽ പണികഴിച്ച ഹോസ്പിറ്റൽ കെട്ടിടത്തിന് യു.എ ടാക്സ് നിർണ്ണയിക്കുവാൻ പി.ഡബ്ലിയു സെക്ഷനിൽ നിന്നും റവന്യസെക്ഷനിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടില്ലായെന്ന മറുപടിയാണ് ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമായത്.

ബി) ഫയൽ നമ്പർ: R1 – 2203/17 കെട്ടിടം നമ്പർ.VIII/VA327D പ്രസീദ, കാട്ടുപറമ്പിലിന്റെ ഉടമസ്ഥതയിലുള്ള 253.28 m2 കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കുവാൻ എഞ്ചിനീയറിംഗ് സെക്ഷൻ യു.എ രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നു. റവന്യൂ യു.എ രജിസ്റ്റർ പ്രകാരം വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് 157.17 m2 ന് മാത്രമാണ്. അനധികൃതമായി പണികഴിച്ച ഏരിയ കൂടി ഉൾപ്പെടുത്തി ആകെ 253.28 m2 കെട്ടിടത്തിന് യു.എ ടാക്സ് ഈടാക്കുന്നതാണെന്ന് റവന്യൂ വിഭാഗം മറുപടി ലഭ്യമാക്കുകയുണ്ടായി.

നഗരസഭയിലെ എഞ്ചിനീയർ വിഭാഗവും റവന്യൂ വിഭാഗവും സൂക്ഷിക്കുന്ന രജിസ്റ്ററുകൾ കൃത്യമാകേണ്ടതും തമ്മിൽ പൊരുത്തപ്പെടേണ്ടതുമാണ്. എഞ്ചിനീയർ വിഭാഗത്തിൽ നിന്ന് കൃത്യമായ അറിയിപ്പ് റവന്യൂ വിഭാഗത്തിന് നൽകേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുവാൻ റവന്യൂ വിഭാഗം ശ്രദ്ധിക്കേണ്ടതുമാണ്.

# 2-17 അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുന്നില്ല - നികുതി തുക കാലഹരണപ്പെടുന്നതിനിടയാകുന്നു

യു.എ രജിസ്റ്ററിൽ അനധികൃത കെട്ടിടമായി യു.എ ടാക്സ് നിർണ്ണയിച്ചിരിക്കുന്ന മിക്ക കെട്ടിടങ്ങളുടേയും വസ്തുനികുതി, ഡിമാന്റ് തുകയായി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകയാണ് നഗരസഭയുടെ വാർഷിക ധനകാര്യപത്രികയിൽ ഡിമാന്റായി ചേർക്കപ്പെടുന്നത്. ആയതിനാൽ തന്നെ നഗരസഭയുടെ വസ്തുനികുതി കറന്റ്, അരിയർ ഡിമാന്റ് തുകയിൽ ഗണ്യമായ വ്യത്യാസമുണ്ട്. യു.എ അസസ്മെന്റ് നടത്തുകയും വസ്തുനികുതി ഡിമാന്റ് ചെയ്യപ്പെടാത്തതുമായ ചില കെട്ടിടങ്ങളുടെ വിവരം ഉദാഹരണമായി താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടനമ്പർ | സ്ഥാപനം | വിസ്തീർണ്ണം (m2) | യു.എ അസസ്മെന്റ് | 18-19 വരെ യുള്ള കുടിശ്ശിക കണക്കാക്കിയത് |
|---|---|---|---|---|---|
| 4 | XXI/UA82(4) | വാണിജ്യം | 603.15 | 14-15 രണ്ടാം അർദ്ധവർഷം മുതൽ | 159230x4.5=716535 |
| 5 | XX/UA89(D) | ഹാൾ | 174.80 | “ | 46150x4.5=207675 |
| 6 | XIX/UA294(1) | മോസ്ക് | 144 | 16-17 | 28512x3= 85536 |
| 7 | XIV/UA306 | വാണിജ്യം | 804 | “ | 212256x3=636768 |
| 8 | XII/UA193 | ലോഡ്ജ് | 196.20 | 10-11 രണ്ടാം അർദ്ധവർഷം മുതല് | 56505x8.5=480292.50 |
| 11 | VII/6(E) | വാണിജ്യം | 142.8 | 2016-17 | 745416x3=2236248 |
| 12 | vII/UA 540(A) | വാണിജ്യം | 253.83 | 2016-17 | 67008x3= 201024 |

യു.എ രജിസ്റ്റർ പ്രകാരം നികുതി നിർണ്ണയം നടത്തിയിട്ടുള്ള ടി കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ തുക ഈടാക്കുകയോ ചെയ്തിട്ടില്ല. തുകകൾ യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് തുകകൾ കാലാഹരണപ്പെടുന്നതിനിടയാകും. താഴെപറയുന്ന കെട്ടിടങ്ങൾ UA രജിസ്റ്ററിൽ ഉൾപ്പെടുത്തി നികുതി ഈടാക്കാന്നതിന് നടപടി സവീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | കെട്ടിടനമ്പർ | ഉടമസ്ഥത | 18-19 വരെയുള്ള വസ്തുനികുതി കുടിശ്ശിക | w.e.f |
|---|---|---|---|---|
| 1 | V/7 | സെന്റ് തോമസ് കോളേജ് | 37361 | 2013-14 |
| 2 | V/8 | സെന്റ് തോമസ് കോളേജ് | 18918 | 2013-14 |
| 3 | V/9 | സെന്റ് തോമസ് കോളേജ് | 7492 | 2013-14 |
| 4 | V/10 | സെന്റ് തോമസ് | 7517 | 2013-14 |

| | | | | |
|---|---|---|---|---|
| | | കോളേജ് | | |
| 5 | V/11 | സെന്റ് തോമസ് കോളേജ് | 9306 | 2013-14 |
| 6 | IX/UA/295 | സെന്റ് തോമസ് ഐ.ടി.സി | 6466 | 2013-14 |
| 7 | XX/1/UA | ദേവരാജ് | 171417 | 2014-15 |
| 8 | XX/UA/89(D) | മുഹമ്മദാലി കരിയമ്പിള്ളി | 46150 | 2014-15 |
| 9 | XX/UA/82(4) | മുഹമ്മദാലി കരിയമ്പിള്ളി | 159230 | 2014-15 |
| 10 | XX/UA/110(E1) | മുഹമ്മദ് ഷെരീഫ്, അയ്യാരിൽ | 30096 | 2014-15 |
| 11 | XIV/UA/116A | ചന്ദ്രശേഖരൻ, തറയിൽ | 118188 | 2014-15 |
| 12 | XVI/UA/226(1) | ടി.ഡി.പി. യോഗം, പുല്ലറ്റ് | 89448 | 2012-13 |
| 13 | XIX/UA/89(D) | സച്ചിതാന്ദ മേനോൻ | 14356 | 2014-15 |
| 14 | II/UA/295(G) | മോഡേൺ ഹോസ്പിറ്റൽ | 59688 | 2012-13 |
| 15 | II/UA/295(H) | മോഡേൺ ഹോസ്പിറ്റൽ | 54496 | 2012-13 |
| 16 | VIII/UA/327E | പ്രസീദ് കൈലാസൻ | 29694 | 2012-13 |
| 17 | VIII/UA/327D | പ്രസീദ് കൈലാസൻ | 1230 | 2012-13 |

നഗരസഭയുടെ മുഖ്യ തനത് വരുമാനമായ വസ്തുനികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നു എന്നുറപ്പാക്കുന്നതിനുള്ള ആഭ്യന്തര സംവിധാനം നഗരസഭയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. യു.എ നമ്പർ നൽകിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും ഈടാക്കാനുള്ള വസ്തുനികുതി കാലഹരണപ്പെടാതെ അടിയന്തിരമായി ഈടാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.
(ഓഡിറ്റ് അന്വേഷണം 9/20.05.19)

# 2-18 വസ്തുനികുതി ആനുപാതിക വർദ്ധനവ് നടത്തിയില്ല – നഗരസഭയ്ക്ക് വരവ് നഷ്ടം

1. ഫയൽ PWO2-TBA (24845)/2016

ശ്രീ.മുഹമ്മദ് സഗീർ എന്നവരുടെ ഉടമസ്ഥതയിലുള്ള 1057.50 m2 കൊമേഴ്യൽ കെട്ടിടത്തിന് 8.2.18 ന് ഒക്യുപൻസി നൽകിയിട്ടുള്ളതും വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതുമാണ്. എന്നാൽ ഈ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണങ്ങൾക്ക് ബാധകമായി നൽകേണ്ട വർദ്ധനവ് വരുത്തിയില്ല. 250 m2ന് മുകളിൽ തറവിസ്തീർണ്ണം വരുന്ന കെട്ടിടത്തിന്റെ മേൽത്തരം തറനിർമ്മിതിയ്ക്ക് അടിസ്ഥാന വസ്തുനികുതിയുടെ 15% വർദ്ധനവ് ബാധകമാക്കേണ്ടതാണ് (2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതി ചട്ടം 6, പട്ടിക 6). ഈ ഇനത്തിൽ നഗരസഭയ്ക്കുണ്ടായ നികുതി നഷ്ടം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി | തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നൽകേണ്ട വർദ്ധനവ് |
|---|---|---|---|
| V/692A | 272.79 | 21823 | 3273 |
| V/692B | 282.34 | 22587 | 3388 |
| V/692C | 263.84 | 21107 | 3166 |

| | | | |
|---|---|---|---|
| V/692D | 238.53 | 22898 | 3435 |
| ആകെ | | | 13262 |

കുറവ് തുക ഈടാക്കേണ്ടതും വസ്തുനികുതി പുനഃനിർണ്ണയം ചെയ്യേണ്ടതുമാണ്.

2. ഫയൽ നമ്പർ BA 429/15-16

ശ്രീമതി.ഷീജ സിദ്ധിഖ് എന്നവരുടെ ഉടമസ്ഥതയിൽ IV 1101A,1101B,1101Cഎന്നീ നമ്പറുള്ള 1776.99 m2 കൊമേഴ്സ്യൽ കെട്ടിടത്തിന് 5.04.18 ന് ഒക്യുപൻസി നൽകിയിട്ടുള്ളതാണ്. ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 'കല്പക ടെക്സ്റ്റയിൽസ് ' എന്ന സ്ഥാപനം കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനത്തോടെ പ്രവർത്തിക്കുന്നു. എന്നാൽ കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനത്തിന് ബാധകമാക്കേണ്ട നികുതി വർദ്ധനവ് ഈ കെട്ടിടത്തിന് വരുത്തിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി വസ്തു നികുതി ചട്ടം 8 പ്രകാരം അടിസ്ഥാന വസ്തുനികുതിയുടെ 10 % വർദ്ധനവ് കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനത്തിന് ബാധകമാക്കേണ്ടതാണ്. കെട്ടിത്തിന്റെ നികുതി നിർണ്ണയ വിവരം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം M2 | അടിസ്ഥാന വസ്തുനികുതി | കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനത്തിന് നൽകേണ്ട വർദ്ധനവ് |
|---|---|---|---|
| IV/1101A | 655.11 | 78613 | 7861 |
| IV/1101B | 655.11 | 78613 | 7861 |
| IV/1101C | 466.77 | 37342 | 3734 |

കുറവ് തുക ഈടാക്കേണ്ടതും വസ്തു നികുതി പുനഃനിർണ്ണയം ചെയ്യേണ്ടതുമാണ്.

# 2-19 തെറ്റായ നിരക്കിൽ വസ്തുനികുതി നിർണ്ണയം - നികുതി ഉറപ്പാക്കാൻ പ്രത്യേക പരിശോധന ആവശ്യമാണ്

മേത്തല സോണൽ ഓഫീസിലെ വസ്തുനികുതി നിർണ്ണയ ഫയൽ, രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചിരിക്കുന്നു. നികുതി നിർണ്ണയ വിവരങ്ങൾ ഉദാഹരണമായി ചേർക്കുന്നു.

1. ശ്രീമതി.രഹന, പുത്തൻകാട്ടിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 361.08 m2 പണിതീർത്ത വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 60 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. 100 m2 ന് മുകളിലുള്ള ഷോപ്പുകൾക്ക് ബാധകമായ നികുതി നിരക്ക് 1 m2 ന് 80 രൂപയാണ്. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിടനമ്പർ | തറവിസ്തീർണ്ണം m2 | കണക്കാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി |
|---|---|---|---|
| V/488A | 102.88 | 6173 | 8230 |
| V/488B | 102.88 | 6173 | 8230 |
| V/488C | 77.66 | 4660 | 6213 |
| V/488D | 77.66 | 4660 | 6213 |
| ആകെ | 361.08 | | |

2. ശ്രീ.സദാനന്ദൻ കുറ്റിപറമ്പിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 20.03.17 ന് 367.82 m2 പണിതീർത്ത വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 60 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. 100 m2 ന് മുകളിലുള്ള ഷോപ്പുകൾക്ക് ബാധകമായ നികുതി നിരക്ക് 1 m2 ന് 80 രൂപയാണ്. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | തറവിസ്തീർണ്ണം m2 | കണക്കാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി |
|---|---|---|---|
| V/63F | 175.79 | 10547 | 14063 |
| V/63 | 192.03 | 11522 | 15362 |
| ആകെ | 367.82 | | |

3. ശ്രീമതി.സുധ.പി.മേനോൻ എന്നവരുടെ ഉടമസ്ഥതയിലുള്ള 310.61 m2 30.12.16 ൽ പണിതീർത്ത വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 60 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. 100 m2 ന് മുകളിലുള്ള ഷോപ്പുകൾക്ക് ബാധകമായ നികുതി നിരക്ക് 1 m2 ന് 80 രൂപയാണ്. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | തറവിസ്തീർണ്ണം m2 | കണക്കാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി |
|---|---|---|---|
| VIII/434A | 17.75 | 1065 | 1420 |
| VIII/434B | 17.75 | 1065 | 1420 |
| VIII/434C | 16.36 | 982 | 1309 |
| VIII/434D | 70.87 | 4252 | 5670 |
| VIII/434E | 13.20 | 792 | 1056 |
| VIII/434F | 12.55 | 753 | 1004 |
| VIII/434G | 162.13 | 9728 | 12970 |
| ആകെ | 310.61 | | |

4. ഭരതവിക്രമൻ എന്നയാളുടെ 20.6.18 ൽ പണിപൂർത്തീകരിച്ച 29.71 m2 വ്യവസായിക ആവശ്യത്തിനുള്ള (ഫ്ലോർ മിൽ) III/130Aനമ്പർ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചിരിക്കുന്നത് 25 രൂപ നിരക്കിലാണ്. എന്നാൽ ഇതരവ്യവസായ ഗണത്തിൽപ്പെടുന്ന ഈ കെട്ടിടത്തിന് ബാധകമായ നികുതി നിരക്ക് 60/- രൂപയാണ്.

നികുതി പുന:നിർണ്ണയം നടത്തി കുറവ് തുക ഈടാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകുകയുണ്ടായി. മേത്തല സോണൽ ഓഫീസിലെ വസ്തുനികുതി നിർണ്ണയ ഫയലിൽ ഇപ്രകാരം വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ആയതിനാൽ കൃത്യമായ വസ്തുനികുതി നിജപ്പെടുത്താൻ പ്രത്യേക പരിശോധന ആവശ്യമാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 2-20 കുടിശ്ശിക ഈടാക്കാതെ കെട്ടിടം അധികൃതമാക്കി

നഗരസഭ 7-ാം വാർഡിൽ 7/540(എ), കല്യാൺ ജ്വല്ലറി എന്ന കെട്ടിടത്തിന് മുകളിൽ ട്രസ്സ് വർക്ക് ചെയ്ത് ട്രാഫോൾഡ് ഷീറ്റ് മേഞ്ഞ് ഇഷ്ടിക ഭിത്തി കെട്ടി 253.83 m2 വിസ്തൃതിയിലുള്ള ഹാൾ പണികഴിച്ചിരുന്നു. അനധികൃത നിർമ്മാണം കണ്ടെത്തിയതിനെ തുടർന്ന് അധിക നിർമ്മാണത്തിന് VII/UA 540(A) നമ്പർ നൽകി 67008/- രൂപ 16-17 മുതൽ നഗരസഭ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു. ടി കെട്ടിടം അധികൃതമാക്കിയതിനെ തുടർന്ന് യു.എ അസസ്സ്മെന്റ് റദ്ദാക്കി BA-233/15-16/ 7.3.19 നമ്പർ ടൗൺ പ്ലാനിംഗ് വിഭാഗത്തിന്റെ ഉത്തരവ് നഗരസഭാ സെക്രട്ടറി സ്ഥാപനഉടമയ്ക്ക് നൽകിയിരിക്കുന്നു. എന്നാൽ കെട്ടിടം അധികൃതമാക്കുന്നതുവരെയുള്ള വസ്തുനികുതി കുടിശ്ശിക 3x67008=201016/- രൂപ നഗരസഭ ഈടാക്കിയിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 242-ാം വകുപ്പ്പ്രകാരം കെട്ടിടം അധികൃതമാക്കുന്നതുവരെയുള്ള വസ്തുനികുതി അടവാക്കുവാൻ കെട്ടിട ഉടമ ബാധ്യസ്ഥനാണ്.

ടി കെട്ടിടത്തിന്റെ അസസ്മെന്റ് റവന്യൂ സെക്ഷൻ റദ്ദാക്കിയിട്ടില്ലാത്തതാണെന്നും യു.എ ടാക്സ് ഒടുക്കുന്ന മുറയ്ക്ക് മാത്രമെ ടി കെട്ടിടത്തിന്റെ യു.എ അസസ്മെന്റ് റദ്ദ് ചെയ്യുകയുള്ളൂയെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കി. തുക ഉറപ്പാക്കി, കെട്ടിടം റഗുലറൈസ് ചെയ്ത് ഉത്തരവിറക്കുന്നതിനു പകരം യു.എ അസസ്മെന്റ് ഒഴിവാക്കി ഉത്തരവാക്കിയത് ഉചിതമായില്ല. തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-21 വസ്തുനികുതി ഉറപ്പാക്കുന്നതിന് തുടർ നിരീക്ഷണം ആവശ്യമാണ്.

നഗരസഭയിൽ 250m2ന് മുകളിൽ തറവിസ്തീർണ്ണം വരുന്ന കെട്ടിടങ്ങളുടെ തറനിർമ്മിതി പൂർത്തീകരിക്കുന്നതിന് മുമ്പോ, ഭാഗികമായി പൂർത്തീകരിക്കുമ്പോൾ തന്നെയോ കെട്ടിടങ്ങൾക്ക് മൊത്തമായി കെട്ടിടനമ്പർ നൽകിവരുന്നു. ആയതിനാൽ തന്നെ നികുതി നിർണ്ണയത്തിൽ മേൽത്തരം തറനിർമ്മിതിയ്ക്ക് ബാധകമാക്കേണ്ട വർദ്ധനവ് ബാധകമാകുന്നില്ല. എന്നാൽ പിന്നീട് ഇത്തരം കെട്ടിടങ്ങളുടെ തറനിർമ്മിതി പൂർത്തീകരിച്ച് കെട്ടിടം ഉപയുക്തമാക്കുകയും ഈ കെട്ടിടങ്ങൾക്ക് ബാധകമാക്കേണ്ട വർദ്ധനവ് ബാധകമാകാതെ വരികയും ചെയ്യുന്നു.

ഇത്തരത്തിൽ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ വിവരം ഉദാഹരണമായി ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമ | കെട്ടിട വിസ്തീർണ്ണം m2 |
|---|---|---|---|
| 1 | V/488 A,B,C,D | രഹന ,പുത്തൻ വീട്ടിൽ | 361.08 |
| 2 | V/63 F,G | സദാനന്ദൻ, കറ്റിപറമ്പിൽ | 367.82 |
| | | | |

| | | | |
|---|---|---|---|
| 3 | VIII/434 A,B,C,D,E,F, G | സുധ.പി.മേനോൻ | 310.61 |

ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ തുടർനിരീക്ഷണമില്ലാതെ വരുന്നതിനാൽ ആനുപാതികമായ നികുതി വർദ്ധനവ് ഉറപ്പാക്കാൻ നഗരസഭയ്ക്കാകുന്നില്ല. തുടർനിരീക്ഷണം നടത്തി വസ്തുനികുതി ഉറപ്പാക്കാൻ നഗരസഭ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നഗരസഭയിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക 16,58,24,508/-രൂ

ഫയൽ നമ്പർ-7200/144

ഫയൽ പരിശോധിച്ചതിൽ 2008 ന ശേഷം നഗരസഭ നേരിട്ട് വെള്ളക്കരം ഒടുക്കിയിട്ടില്ല. നഗരസഭയുടെ പ്ലാൻ ഫണ്ട് /നോൺറോഡ് മെയ്ന്റനൻസ് ഗ്രാന്റ് എന്നീ ഫണ്ടുകളിൽ നിന്ന് നേരിട്ട് വെള്ളക്കരകുടിശ്ശികയിലേക്ക് തുക അഡ്ജസ്റ്റ് ചെയ്യുകയാണ് ചെയ്തുവന്നിരുന്നത്. 23.2.2015 ൽ നഗരസഭയുടെ അഭ്യർത്ഥന പ്രകാരം സംയുക്ത പരിശോധന ആരംഭിക്കുകയും 22.11.2016 ൽ സംയുക്ത പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ വാട്ടർ അതോറിറ്റി ഡിവിഷൻ എക്സി.എൻജിനീയറെ അറിയിക്കുകയും ചെയ്തു. ആയതു പ്രകാരം ,

പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ-217

ഒരു കുടുംബം മാത്രം ഉപയോഗിക്കുന്നത്-92

<u>ഉപയോഗത്തിലിരിക്കുന്നത്-728</u>

ആകെ -1037

ഫയൽ പരിശോധിച്ചതിൽ പ്രവർത്തന ക്ഷമമല്ലാത്ത 388 ടാപ്പുകളുടെ ലിസ്റ്റ് ചേർത്തിട്ടുണ്ട്. ഫയലിലെ ലിസ്റ്റിലും എക്സി.എൻജിനീയർക്ക് നൽകിയ കത്തിലും പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളുടെ എണ്ണത്തിൽ വന്ന വ്യത്യാസം വന്നത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.36/28.5.2019)മറുപടി നൽകിയതിൽ വ്യത്യാസത്തിന് കാരണം വ്യക്തമാക്കിയിട്ടില്ല. ചെക്ക് നമ്പർ 320716/25.9.2017ലാണ് ഉപയോഗ ക്ഷമമല്ലാത്ത ടാപ്പുകൾ ഡിസ്മാന്റിൽ ചെയ്യുന്നതിന് തുക വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കിയത്. 195 ടാപ്പുകൾ മാത്രം കട്ട് ചെയ്യുന്നതിനാണ് തുക അടവാക്കിയിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്ര പ്രകാരം 2018 ഫെബ്രുവരി വരെ 176 ടാപ്പുകൾ മാത്രമാണ് കട്ട് ചെയ്തത്. ബാലൻസ് തുക നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല. (33298 രൂപ).

വാട്ടർഅതോറിറ്റി ഇരിങ്ങാലക്കുട ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഡിസംബർ 2017 വരെയുള്ള കുടിശ്ശികത്തുകയും നഗരസഭ പ്രസ്തുത കാലയളവ് വരെ അടവാക്കിയ തുകകളും ഒറ്റത്തവണ കുടിശ്ശിക തീർപ്പാക്കൽ പദ്ധതി പ്രകാരം അടവാക്കേണ്ട തുക എന്നിവ സംബന്ധിച്ച കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് നഗരസഭക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത സ്റ്റേറ്റ്മെന്റിൽ 2009-10, 2011-12, 2014-15 എന്നീ വർഷങ്ങളിൽ നഗരസഭയുടെ ഫണ്ടിൽ നിന്ന് നേരിട്ട് തുക ഒന്നും തന്നെ അടവാക്കിയതായി കണ്ടില്ല. 10/2017 മുതൽ നഗരസഭ നേരിട്ട് തനത് ഫണ്ടിൽ നിന്ന് അതത് മാസത്തെ ബിൽത്തുക അടവാക്കി വരുന്നുണ്ടെങ്കിലും 10/2017 മുതൽ12/2017 വരെ നഗരസഭ അടവാക്കിയ തുകകളുടെ വിവരവും One Time Settlement Calculation 'OTS Calculation'ൽ ഉൾപ്പെടുത്തിയിട്ടില്ല. (എൻക്വയറി നമ്പർ-36/28.5.2019)

വാട്ടർ അതോറിറ്റി അക്കൗണ്ട്സ് മെമ്പറുടെ 29.12.2017 ലെ KWA/HO/RMC/R6/1454/16 കത്ത് പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 2017 ഡിസംബർ വരെയുള്ള കുടിശ്ശികത്തുക 12.39 കോടി രൂപ 5.42 കോടി രൂപയായി അടക്കുന്നതിന് നഗരസഭയോട് നിർദ്ദേശിച്ചു. എക്സി.എൻജിനീയർ വാട്ടർഅതോറിറ്റി ഇരിങ്ങാലക്കുടയുടെ കത്തിൽ 5.42 കോടി രൂപ 5ഗഡുക്കളായി ഒടുക്കുവാനും ആദ്യ ഗഡു 31.3.2018 നകം അടവാക്കുവാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ 21.3.2018 ലെ 6ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഗഡുക്കളുടെ എണ്ണവും കാലയളവും ദീർഘിപ്പിക്കുന്നതിന് സർക്കാരിനോട് അപേക്ഷിക്കുന്നതിന് തീരുമാനമെടുത്തു. 13.4.2018 ലും തുടർന്ന് 19.11.2018 ൽ ഓർമ്മക്കുറിപ്പും ഈ വിഷയത്തിൽ സർക്കാരിലേക്ക് അയച്ചിട്ടുണ്ട്. എന്നാൽ സർക്കാരിൽ നിന്നും മറുപടി നാളിതുവരെ ലഭ്യമായിട്ടില്ല. മാർച്ച് 2019 ലെ വാട്ടർ അതോറിറ്റി ബിൽ പ്രകാരം കുടിശ്ശികത്തുക 16,58,24,508 രൂപ ആണ്.

<u>ശുപാർശകൾ</u>

1.ഉപയോഗക്ഷമമല്ലാത്ത ടാപ്പുകളുടെ എണ്ണം സംബന്ധിച്ച വൈരുദ്ധ്യം പരിശോധന വിധേയമാക്കേണ്ടതാണ്.

2.ഒരു കുടുംബം മാത്രം ഉപയോഗിക്കുന്ന ടാപ്പുകൾ ഒഴിവാക്കുന്നതിനായി ഗാർഹികകണക്ഷൻ സബ്സിഡി നൽകുന്ന കാര്യം പരിശോധിക്കേണ്ടതാണ്.

3.Dismantle ചെയ്യുന്നതിന് നൽകിയ തുകയിൽ ബാലൻസ് വന്ന തുക തിരികെ ഈടാക്കേണ്ടതാണ്.

4.OTS Calculation നിൽ വന്ന അപാകങ്ങൾ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

5.ഒറ്റത്തവണ തീർപ്പാക്കൽ രീതിയിൽ കുടിശ്ശിക തുക അടവാക്കുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ച് തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

6.നഗരസഭ പ്ളാൻ ഫണ്ടിൽ നിന്നും ഗാർഹിക കുടിവെള്ള കണക്ഷന് സബ്സിഡി നൽകി വരുന്നുണ്ട്. ഈ ഓഫീസിലെ 2013-14 മുതൽ 2016-17 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം 3836 കണക്ഷനുകൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. 12ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവിൽ ഗാർഹികകണക്ഷനുകൾ നൽകുന്നതിന് മുൻഗണന നൽകണമെന്നും നൽകുന്നതിനനുസൃതമായി പൊതുടാപ്പുകൾ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നതാണ്. ഇക്കാര്യം കൂടി പരിഗണിച്ച് പൊതുടാപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്തുന്ന വിഷയത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

7.തദ്ദേശഭരണ വകുപ്പിന്റെ (എഫ്എം)ഉത്തരവ് നം.1275/2009/തസ്വഭവ/30.5.2009 ഖ.2.2 ൽ ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണംനൽകൂ എന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്. അതിന് ജലം ലഭ്യമാകുന്ന എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശം പാലിക്കുന്നത് നഗരസഭക്കുണ്ടാകുന്ന അനാവശ്യധനനഷ്ടം ഒഴിവാക്കുന്നതിന് സഹായകരമാകുന്നതാണ്.

## 3-2 ലൈബ്രറി സെസ് കുടിശ്ശിക അടവാക്കിയിട്ടില്ല

ഫയൽ നമ്പർ – R1-4324/95

2017-18 ലെ വാർഷികകണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി9 പ്രകാരം (350300100) ലൈബ്രറി സെസ് കുടിശ്ശിക അടവാക്കുവാൻ ബാലൻസ് ഉള്ളത് 1297110/-രൂ മാത്രമാണ്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 1997-98 മുതൽ ഉള്ള കുടിശ്ശിക ലൈബ്രറി കൗൺസിലിലേക്ക് അടവാക്കുവാൻ ഉള്ളതായി കാണുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 1997-98 | 84400 |
| 1998-99 | 82103 |
| 1999-2000 | 62592 |
| 2000-01 | 120773 |
| 2001-02 | 128867 |
| 2002-03 | 144724 |
| 2003-04 | 179113 |
| 2006-07 | 224361 |
| 2007-08 11 half | 159287 |
| 2008-0911half | 154372 |
| 2009-1011half | 150434 |
| 2010-11 | 326009 |
| 2018-19 | 1419906 |
| ആകെ | 3236872 |

2018-19 ലെ ലൈബ്രറി സെസ് അടവാക്കുവാൻ ഫയൽ സമർപ്പിച്ച സമയത്ത് കുടിശ്ശിക ക്രമമായി അടവാക്കുവാൻ സൂപ്രണ്ട് നോട്ട് എഴുതിയതിന്മേൽ സെക്രട്ടറി 2018-19 ലേയും 2010-11ലേയും കുടിശ്ശിക അടവാക്കുവാനാണ് നിർദ്ദേശിച്ചത് (16.5.2019 ൽ).1989 ലെ പബ്ളിക് ലൈബ്രറീസ് ആക്ട് പ്രകാരം കുടിശ്ശിക ഉള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രതിമാസം 2 ശതമാനം പലിശ ഒടുക്കേണ്ടതാണ്. ആയതിനാൽ 1997-98 മുതലുള്ള കുടിശ്ശിക ക്രമമായി ഒടുക്കുന്നതിന് നഗരസഭ മുൻഗണന നൽകേണ്ടതാണ്.

ബാലൻസ് ഷീറ്റിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന ലൈബ്രറി സെസ് കുടിശ്ശിക കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. തെറ്റായ രേഖപ്പെടുത്തലുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 3-3 മേത്തല ഐസിഡിപി സബ്സെന്ററർ നിർമ്മാണത്തിനായി ലഭിച്ച തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല

മൃഗസംരക്ഷണ വകുപ്പിൽ നിന്നും മേത്തല ഐസിഡിപി സബ്സെന്റർ നിർമ്മാണത്തിന് ലഭ്യമായ 5 ലക്ഷം രൂപ രസീത് നമ്പർ -11608900026/16.3.2017 പ്രകാരം നഗരസഭ അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ട്. പ്രസ്തുത തുക 2017-18 ലെ വാർഷികകണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 ൽ ചെലവഴിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (ഹെഡ്-320200202). ഈ തുക നാളിതുവരെ ലഭ്യമായ ആവശ്യത്തിലേക്കായി വിനിയോഗിച്ചിട്ടില്ല എന്ന് എൻക്വയറി നമ്പർ-11/22.5.2019 ന് നൽകിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ലഭ്യമായ ആവശ്യത്തിലേക്കായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 ബിപിസിഎല്ലിൽ നിന്ന് തിരികെ ലഭിച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല.

ചെക്ക് നമ്പർ – 055861/24.10.2017 പ്രകാരം 500254.99 രൂ BPCL കൊച്ചിയിൽ നിന്നും 'Refund of excess cost of bitumin, ആയി തിരികെ ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക വിവിധ പദ്ധതികളുടെ പദ്ധതി വിഹിതം ഇനത്തിൽ BPCL ന് നൽകിയതാണെന്നും അധിക വിഹിതം ഇനത്തിൽ തിരികെ ലഭ്യമായ തുക നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിക്ക് മറുപടി (നം.11/22.5.2019) നൽകിയിട്ടുണ്ട്. പദ്ധതി വിഹിതം ഇനത്തിൽ ചെലവ് ചെയ്ത് തിരികെ ലഭിച്ച തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 3-5 1983-84 മുതൽ നൽകിയ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

നഗരസഭയിൽ ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്ക് അനുവദിക്കുന്ന മുൻകൂറുകൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധിച്ചതിൽ 1983-84 കാലയളവിൽ നൽകിയ മുൻകൂറുകൾ ഉൾപ്പെടെ വലിയ തുക ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. 1983-84 മുതൽ 2012-13 വരെ നൽകിയതും ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ മുൻകൂറുകളുടെ ആകെത്തുകയും 2013-14 മുതൽ 2017-18 വരെ ഓരോ വ്യക്തികൾക്കും നൽകിയ തുകകളുടേയും വിശദാംശം താഴെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 1983-84 | 200 |
| 1985-86 | 2025 |
| 1986-87 | 1645 |
| 1987-88 | 475 |
| 1988-89 | 21990 |
| 1989-90 | 21990 |
| 1990-91 | 15585 |
| 1991-92 | 10850 |
| 1992-93 | 2100 |
| 1993-94 | 3350 |
| 1994-95 | 47790 |
| 1995-96 | 30125 |
| 1996-97 | 77750 |
| 1997-98 | 32446 |
| 1998-99 | 80200 |
| 1999-2000 | 45100 |
| 2000-01 | 335000 |
| 2001-02&2002-03 | 66000 |
| 2003-04 | 80423 |
| 2004-05 | 30300 |
| 2005-06 | 10250 |
| 2006-07 | 38700 |
| 2007-08 | 77500 |
| 2008-09 | 36750 |
| 2009-10 | 117000 |
| 2010-11 | 34000 |
| 2012-13 | 0 |

<u>2013-14മുതൽ 2017-18 വരെ</u>

| വൗച്ചർ നമ്പര്/ തീയതി | മുൻകൂർ കൈപ്പറ്റിയ വ്യക്തിയുടെ പേര് | തുക |
|---|---|---|
| 2013 – 14 | | |
| 91/12.4.2013 | ഭഗീരഥി, pwo2 | 4595 |
| 38/4.1.2014 | സവിത.ടി.വി, | 60000 |

| | | |
|---|---|---|
| | AE | |
| 84/18.2.2014 | റിയാസ് .പി.എ,<br>pwo3 | 5000 |
| 85/19.2.2014 | do | 6200 |
| 2014-15 | nil | |
| 2015-16 | nil | |
| 2016-17 | | |
| 103/27.7.2016 | അജീഷ്കുമാർ.പി.എ,<br>സീനിയർ ക്ളർക്ക് | 80000 |
| 103-17.9.2016 | ശരത് ചന്ദ്രൻ,<br>സീനിയർ ക്ളർക്ക് | 20000 |
| 40/5.10.2016 | അനിൽകുമാർ.<br>JHI 1st | 50000 |
| 7.10.2016 | റിയാസ് .പി.എ<br>pwo3 | 12000 |
| 107/21.2.2017 | do | 6500 |
| 2017 – 18 | | |
| 110/21.2.2017 | സതീഷ് .പി.എച്ച്,<br>JHI 1st | 7500 |
| 71/12.4.2017 | റിയാസ് .പി.എ pwo3 | 7057 |
| 17.5.2017 | ശശി,<br>HI | 25000 |
| 26.7.2017 | റിയാസ് .പി.എ<br>pwo3 | 28000 |
| 16.8.2017 | സതീഷ് .പി.എച്ച്,<br>JHI 1st | 20000 |
| 23.10.2017 | ടി.വി.രാജീവൻ,<br>JHI 1st | 50000 |
| 3.11.2017 | do | 2500 |
| 147/21.2.2017 | do | 60000 |
| 148/21.12.2017 | സ്മിത.പി<br>ഓവർസിയർ | 5600 |
| 30/4.1.2018 | മുരളി,<br>കാഷ്യർ | 2400 |
| 35/4.1.2018 | വിചിത്ര,<br>ഓവർസിയർ | 5550 |
| 67/12.2.2018 | ടി.വി.രാജീവൻ,<br>JHI 1st | 10000 |
| 96/16.2.2018 | റിയാസ് .പി.എ<br>pwo3 | 15000 |

എൻക്വയറി നമ്പർ-40/29.5.2019 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

നഗരസഭയിൽ നിന്ന് വിരമിക്കുകയോ സ്ഥലം മാറി പോകുകയോ ചെയ്യുന്ന വ്യക്തികൾക്ക് NLC/LPC നൽകുമ്പോൾ ലയബിലിറ്റികൾ കൃത്യമായി പരിശോധിക്കേണ്ടതും അവ ക്രമീകരിച്ച ശേഷം മാത്രം NLC/LPC നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.നിലവിൽ നഗരസഭയിൽ ജോലി ചെയ്യുന്ന മുൻകൂറുകൾ ക്രമീകരിക്കാത്ത വ്യക്തികൾക്ക് നൽകിയ മുൻകൂറുകൾ അടിയന്തിരമായി ക്രമീകരിക്കേണ്ടതാണ്.സ്ഥലം മാറി പോയ വിരമിച്ചിട്ടില്ലാത്ത ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്ന ഓഫീസുമായി ബന്ധപ്പെട്ട് മുൻകൂർ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കാലാഹരണപ്പെട്ട തുകകളുടെ കാര്യത്തിൽ സർക്കാരിൽ നിന്ന് അനുമതി വാങ്ങേണ്ടതാണ്.

# 3-6 നഗരസഭ ഓഫീസിന്റെ കറന്റ് ചാർജ്ജ് -വാണിജ്യ

# ആവശ്യത്തിനുള്ള താരിഫിൽ ഈടാക്കുന്നു.

ഫയൽ നമ്പർ:എ1-8445/03

നഗരസഭ ഓഫീസിന്റെ വൈദ്യുതി ചാർജ്ജ് കൺസ്യൂമർ നമ്പർ – 6080ൽ 7 എ താരിഫിൽ ആണ് നൽകി വരുന്നത്. 7എ താരിഫ് വാണിജ്യ ആവശ്യങ്ങൾക്കുള്ള താരിഫ് ആണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ താരിഫ് 6ബി ആണ്.

1.7.2017 ൽ നിലവിൽ വന്ന താരിഫ് റിവിഷൻ പ്രകാരം 7എക്ക് ഒരു യൂണിറ്റിന് 9.30 രൂപയും 6ബിക്ക് 7.00 രൂപയും ആണ്.ആപ്രകാരം വാണിജ്യാവശ്യത്തിനുള്ള താരിഫിൽ തുക അടവാക്കുന്നതിനാൽ ഓരോ മാസവും എനർജി ചാർജ്ജ് ഇനത്തിൽ നഗരസഭക്ക് താഴെ പറയും പ്രകാരം 3000ൽ ആധികം രൂപ അധികം വരുന്നുണ്ട്.ഉദാഹരണമായി 7/17 ലെ കറന്റ് ബില്ലിൽ 1507 യൂണിററ് ആണ് വൈദ്യുത ഉപയോഗം

1507x9.30=14015

1507x7.00=10549 അതായത് 14015-10549=3466 രൂപ

ഫയൽ പരിശോധിച്ചതിൽ ഈ വിഷയം ഈ ഓഫീസിന്റെ 2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ(നം.കെഎസ്എടിഎസ്ആർ (എം)1414/15/27.11.2015 ഖ.3-35) ചൂണ്ടിക്കാണിച്ചിട്ടുള്ളതും നാളിതുവരെ തുടർനടപടികൾ സ്വീകരിക്കാത്തതുമാണ്. നാളിതുവരെ വലിയൊരു തുക ഈയിനത്തിൽ നഗരസഭക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. നഗരസഭക്കുണ്ടാകുന്ന ധന നഷ്ടങ്ങൾ ഒഴിവാക്കുന്നതിന് ഉദ്യോഗസ്ഥരും ഭരണ സമിതിയും ജാഗ്രത പുലർത്തേണ്ടതാണ്.

# 3-7 തനത് ഫണ്ടിൽ നിന്ന് കെഎസ്ഇബിയിൽ വിവിധ ആവശ്യങ്ങൾക്ക് ഡെപ്പോസിറ്റ് ചെയ്തത്- കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ഇല്ല.

തനത് ഫണ്ടിൽ നിന്ന് കെഎസ്ഇബിയിൽ വിവിധ ആവശ്യങ്ങൾക്ക് ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഇല്ല. വിശദാംശം താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/ തീയതി | തുക | റിമാർക്സ്113/13.10.2017 |
|---|---|---|
| 65/10.4.2017 | 18900 | വാർഡ് 26 ലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് |
| 66/10.4.2017 | 12400 | വാർഡ് 30 ,, |
| 17/6.6.2017 | 18000 | ,, |
| 185/30.8.2017 | 43100 | വാർഡ് 42 ലെ ,, |
| 187/30.8.2017 | 20100 | വാർഡ് 29 ലെ ,, |
| 188/30.8.2017 | 19400 | വാർഡ് 26 ലെ |
| 189/30.8.2017 | 13900 | വാർഡ് 29 ലെ |
| 110/13.10.2017 | 6100 | വാർഡ് 44 ലെ |
| 111/13.10.2017 | 10300 | വാർഡ് 42 ലെ |
| 112/13.10.2017 | 15100 | വാർഡ് 29 ലെ |
| 113/13.10.2017 | 33700 | വാർഡ് 38 ലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് |
| 16/2.2.2018 | 10200 | കെഎസ് ഇബി സെക്ഷൻ 1 ൽ അടവാക്കിയത് |
| 89/15.2.2018 | 17100 | വാർഡ് 18ലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് |
| 71/8.3.2018 | 15800 | കെഎസ് ഇബി സെക്ഷൻ 1 ൽ അടവാക്കിയത് |
| 72/8.3.2018 | 9600 | ,, |
| 84/12.3.2018 | 33900 | കെ.എസ്.ഇ.ബി സെക്ഷൻ 1 ൽ അടവാക്കിയത് |
| ആകെ | 297600/-രൂ | |

വിനിയോഗ സാക്ഷ്യ പത്രം, കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കുന്നതുവരെ ചെലവ് തുക (297600/-രൂ)തടസ്സപ്പെടുത്തുന്നു.

# 3-8 അംശാദായ നിരക്കിൽ വ്യത്യാസം -വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഫയൽ നമ്പർ – PH1-10103/15&PH1-2548/18

കൊച്ചിൻ ദേവസ്വം ബോർഡ് വക ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിലെ ഭരണി, താലപ്പൊലി മഹോത്സവങ്ങളോടനുബന്ധിച്ച് നഗരസഭ നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങൾക്ക് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 333 പ്രകാരം ദേവസ്വം ബോർഡിൽ നിന്ന് അംശാദായം ലഭിച്ചുവരുന്നതായി ഫയലുകളുടെ പരിശോധനയിൽ നിന്നും വ്യക്തമായിട്ടുണ്ട്. ഫയലിൽ 2011 വരെ ചെലവിന്റെ 50 ശതമാനം നിരക്കിൽ അംശാദായം ലഭ്യമായതായി കണ്ടു. എന്നാൽ PH1-2548/18 ഫയലിൽ 2016-17&2017-18 വർഷം ഭരണി, താലപ്പൊലി എന്നിവയുടെ ഭാഗമായി നഗരസഭ നടത്തിയ ശുചീകരണ പ്രവർത്തനങ്ങൾക്ക് വന്ന ചെലവിന്റെ 30 ശതമാനം തുകയാണ് നഗരസഭ ദേവസ്വം ബോർഡിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 333 ൽ ഉത്സവങ്ങൾ നടത്തുവാൻ നിയന്ത്രണമുള്ള ട്രസ്റ്റിയോടോ മറ്റേതെങ്കിലും ആളോടോ സർക്കാർ ആ മുനിസിപ്പാലിറ്റിയുടെ നിധിയിലേക്ക് നിശ്ചയിക്കുന്ന ആവർത്തകമോ അനാവർത്തകമോ ആയ അംശാദായം ആവശ്യപ്പെടാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അംശാദായത്തിന്റെ നിരക്ക് സർക്കാർ നിശ്ചയിച്ചുകൊടുത്തതായ രേഖകൾ ഒന്നും ഫയലിൽ ലഭ്യമല്ലാത്തതിനാൽ നിരക്കിൽ വന്ന വ്യത്യാസം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.47/29.5.2019 )ക്ക് മറുപടി ലഭ്യമാക്കിയതിൽ സർക്കാർ അംശാദായ നിരക്ക് നാളിതുവരെ നിശ്ചയിച്ച് നൽകിയിട്ടില്ല എന്നും തിരുവഞ്ചിക്കുളം ദേവസ്വം അസി.കമ്മീഷണറുടെ കത്ത് പ്രകാരമാണ് സർക്കാർ നിരക്ക് നിശ്ചയിച്ച് നൽകുന്നതുവരെ 30 ശതമാനംനൽകാം എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് 30ശതമാനം നിരക്ക് ഈടാക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാരുമായി ബന്ധപ്പെട്ട് നിരക്ക് നിശ്ചയിച്ച് വാങ്ങുന്നതിനും നഗരസഭക്ക് കിട്ടാനുള്ള അംശാദായ തുക ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# 3-9 ലൈബ്രറി പുസ്തകങ്ങൾ നഷ്ടപ്പെട്ടത് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഫയൽ നമ്പർ – പിഎച്ച്1-12803/17

ഫയൽ പരിശോധിച്ചതിൽ 2016 ഒക്ടോബറിൽ പുതിയ ലൈബ്രേറിയൻ ചാർജ്ജ് എടുത്തതിനെ തുടർന്ന് സ്റ്റോക്ക് വെരിഫിക്കേഷൻ ആരംഭിക്കുകയും 2017 ഏപ്രിൽ 27 ന് സ്റ്റോക്ക് വെരിഫിക്കേഷൻ പൂർത്തീകരിക്കുകയും ചെയ്തു. വെരിഫിക്കേഷൻ റിപ്പോർട്ട് താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ പുസ്തകങ്ങൾ | 17250 |
| നഷ്ടപ്പെട്ടവ | 6584 |
| ഉപയോഗ ശൂന്യം | 2013 |
| ഇഷ്യൂ ചെയ്ത് തിരികെ ലഭിക്കാത്തത് | 223(പൊതുജനങ്ങൾക്ക് )<br>63(സ്റ്റാഫ്) |

റഫറൻസ് ലൈബ്രറി കളക്ഷനിൽ രണ്ട് സ്റ്റോക്ക് രജിസ്റ്റർ ഉള്ളതായും ആയതിൽ ഒരെണ്ണം നഷ്ടപ്പെട്ടതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വോള്യം1 പ്രകാരം ആകെ 1333 പുസ്തകങ്ങൾ ഉണ്ടായിരുന്നതിൽ 92 പുസ്തകങ്ങൾ നഷ്ടപ്പെട്ടതായും ഇഷ്യൂചെയ്ത് തിരികെ ലഭിക്കാത്ത 10പുസ്തകങ്ങളും ഉണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇഷ്യൂ ചെയ്ത് തിരികെ ലഭിക്കാത്ത പുസ്തകങ്ങൾ 23.9.2017 ലെ വിദ്യാഭ്യാസ കലാ കായിക സ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ 2ാം നമ്പർ തീരുമാന പ്രകാരം നടപടികൾ സ്വീകരിക്കുവാനും പുസ്തകങ്ങൾ തിരികെ നൽകാത്ത വ്യക്തികൾക്ക് നോട്ടീസ് നൽകുവാനും തീരുമാനിച്ചു.

ലൈബ്രറി ബൈലോ പരിശോധിച്ചതിൽ നഷ്ടപ്പെട്ടു പോയ പുസ്തകങ്ങളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ ബൈലോയിൽ ഉൾപ്പെടുത്തി കാണുന്നില്ല.

സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിച്ചതിൽ 2016 ൽ നടത്തിയ സ്റ്റോക്ക് വെരിഫിക്കേഷനു മുൻപ് സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തിയിട്ടില്ല.

ശുപാർശകൾ

1.നഷ്ടപ്പെട്ടു പോയ എല്ലാ പുസ്തകങ്ങളുടേയും വിവരം പരിശോധിച്ച് അവ കണ്ടെത്തുന്നതിനുള്ള സാധ്യത ആരായേണ്ടതാണ്. നിലവിൽ 2013 മുതൽ 2016 വരെ ഇഷ്യൂ ചെയ്ത് തിരികെ ലഭിക്കാത്ത പുസ്തകങ്ങളിന്മേൽ മാത്രമാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

2.ബൈലോയിൽ ആവശ്യമായ എല്ലാ ഭേദഗതികളും ഉൾപ്പെടുത്തി പുതുക്കേണ്ടതാണ്.

3.സ്റ്റോക്ക് വെരിഫിക്കേഷൻ എല്ലാ സാമ്പത്തിക വർഷാവസാനവും നടത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം സഹിതം സൂക്ഷിക്കേണ്ടതാണ്(കെ എഫ് സി ആർട്ടിക്കിൾ335(സി). ചാർജ്ജ് കൈമാറുന്ന സമയത്തു എല്ലാ വിവരങ്ങളും കൃത്യമായി കൈമാറിയിട്ടുണ്ടോ എന്ന വിവരവും പരിശോധിക്കേണ്ടതാണ്.

3.ലൈബ്രറി കമ്പ്യൂട്ടർവത്കരിക്കുന്നത് ഉചിതമായിരിക്കും ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-10 സാക്ഷരത പ്രേരക് ഓണറേറിയം നൽകിയത്- തിരികെ ലഭിക്കുവാനുള്ള തുക 1,89,046/-രൂ

ഫയൽ നമ്പർ – PH1-9600/98

സാക്ഷരത പ്രേരക് ഓണറേറിയം നൽകുന്നതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ തനത് ഫണ്ടിൽ നിന്ന് ഓണറേറിയം നൽകിയ ഇനത്തിൽ സാക്ഷരത മിഷനിൽ നിന്ന് നഗരസഭക്ക് 189046 രൂ തിരികെ ലഭിക്കുവാനുണ്ട്. (എൻക്വയറി നമ്പർ-13/22.5.2019). പ്രസ്തുത തുക ലഭ്യമാക്കുന്നതിന് 5.4.2017 ൽ നഗരസഭ കത്തയച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-11 മഴക്കാല പൂർവ്വ ശുചീകരണം -വാർഡ് തല സാനിറ്റേഷൻ കമ്മറ്റികൾക്ക് നൽകിയ മുഴുവൻ തുകയും വിനിയോഗിച്ചിട്ടില്ല.

ഫയൽ നമ്പർ – പിഎച്ച്1 – 9181/16&11179/11

ഫയലുകളും വൗച്ചറുകളും പരിശോധിച്ചതിൽ മഴക്കാല പൂർവ്വ ശുചീകരണത്തിനായി 2017-18 ൽ നഗരസഭയിലെ 44 വാർഡുകളിലെ – വാർഡ് തല സാനിറ്റേഷൻ കമ്മറ്റികൾക്ക് 25000 രൂപ കൈമാറിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ചെക്ക്/<br>വൗച്ചർ നമ്പർ/<br>തീയതി | തുക |
|---|---|
| 320249/28.6.2017 | 220000 |
| 166/28.6.2017 | 660000 |
| 268623/13.4.2017 | 220000 |

തുക ലഭിച്ച 19 മുതൽ 40 വരെ വാർഡുകളിൽ 15000 രൂ വീതം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്ന് നഗരകാര്യ ഡയറക്ടർക്ക് നൽകിയ സാക്ഷ്യപത്രത്തിൽ കാണുന്നു. 22 വാർഡുകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (12/22.5.2019). വിനിയോഗിക്കാത്ത തുകകൾ തിരികെ ഈടാക്കേണ്ടതാണ്.

# 3-12 ലോഗ് ബുക്ക് മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല.

നഗരസഭക്ക് 5 വാഹനങ്ങൾ ഉള്ളതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.KL-47D-6070
2.KL-08Y-9070
3.KL-47F-6603
4.KL-47F-6008
5.KL8Y-3365
ഈ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ഇന്ധന ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തം ലോഗ് ബുക്കുകളിൽ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് കാണുന്നു. ജി.ഒ (എം.എസ്)170/07തസ്വഭവ തി.30.6.2007 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗരേഖയും 2000ലെ കേരള മുനിസിപ്പാലിറ്റി വാഹനങ്ങളുടെ പരിപാലന ചട്ടങ്ങൾ പ്രകാരവും വാഹനങ്ങളുടെ ലോഗ്ബുക്ക് കൃത്യമായി എഴുതി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

# 3-13 സാമ്പത്തിക സഹായം നൽകിയത് -സർക്കാർ അനുമതി ലഭിച്ചിട്ടില്ല.

ഫയൽ നമ്പർ-ജി3-18149/16

ഫയൽ പരിശോധിച്ചതിൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് കലോത്സവം, പ്രസ് ക്ലബ് എന്നിവക്ക് ധനസഹായം നൽകിയതിന് സർക്കാർ അനുമതിക്ക് അപേക്ഷിച്ചിട്ടുണ്ടെങ്കിലും ലഭ്യമായിട്ടില്ല.

1.2017-18 ലെ കൊടുങ്ങല്ലൂർ ഉപ ജില്ലാ കലോത്സവത്തിന് 4.11.2017 ലെ 1ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 50000 രൂ അനുവദിച്ചു. (ചെക്ക് നമ്പർ-2220064/10.11.2017)11.12.2017 ൽ സർക്കാർ അനുമതിക്ക് കത്ത് നൽകിയിട്ടുണ്ട്.

2.29.12.2017 ലെ 11ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 15000 രൂ പ്രസ് ക്ലബിന്റെ നവീകരണത്തിന് അനുവദിച്ചു. (ചെക്ക് നമ്പർ 308780/8.1.2018) 1.12.2017 ൽ സർക്കാർ അനുമതിക്ക് കത്ത് നൽകിയിട്ടുണ്ട്.

സർക്കാർ അനുമതി ലഭ്യമാകാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 3-14 ക്യാഷ് ബുക്ക് ,വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

മുനിസിപ്പാലിറ്റി അക്കൗണ്ടിങ്ങ് ചട്ടങ്ങൾ 2007, അക്കൗണ്ട്സ് മാന്വൽ 2007, എന്നിവ പ്രകാരം നിർദ്ദേശിച്ച രീതിയിൽ കണക്കുകൾ തയ്യാറാക്കുന്നതിന് രൂപപ്പെടുത്തിയ "സാംഖ്യ" സോഫ്റ്റ് വെയറിൽ കാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ ഇപ്പോഴും പഴയ രീതിയിലുള്ള മാനവൽ കാഷ്ബുക്കും തയ്യാറാക്കി സൂക്ഷിക്കുന്നു. ഇതിന്റെ തുടർച്ചയായി വൗച്ചറുകൾ സൂക്ഷിക്കുന്നതിലും അപാകതകൾ കടന്നു കൂടിയിട്ടുണ്ട്. ഇപ്രകാരം കണക്കു സൂക്ഷിക്കുന്നതിനാൽ “സാംഖ്യ" സമ്പ്രദായത്തിൽ ലഭിക്കുന്ന വൗച്ചർ നമ്പർ വൗച്ചറുകളിൽ രേഖപ്പെടുത്തുന്നില്ല. എല്ലാ വൗച്ചറുകളും ക്രമമായി ഫയൽ ചെയ്ത് സൂക്ഷിക്കുന്നില്ല. തനത് ഫണ്ട് ചെലവുകളുടെ വൗച്ചറുകൾ മാത്രമാണ് ഫയൽ ചെയ്ത് സൂക്ഷിക്കുന്നത്.

ഈ വിഷയത്തിലേയ്ക്ക് നഗരസഭയുടെയും ഭരണവകുപ്പിന്റെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 3-15 സെൻട്രൽ പെൻഷൻ ഫണ്ട് -ലഭ്യമാകാനുള്ള തുകയുടെ വിവരം - കൃത്യതയില്ല

നഗരസഭയിലെ റഗുലർ വിഭാഗം ജീവനക്കാരുടെ ആകെ വേതനത്തിന്റെ 15 % തുക എല്ലാ മാസവും നഗരകാര്യ ഡയറക്ടറുടെ പെൻഷൻ ഫണ്ടിലേയ്ക്ക് അടവാക്കി വരുന്നുണ്ട്. പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി രൂപീകരിച്ച കേന്ദ്രപെൻഷൻ ഫണ്ടിൽ നിന്നും തുക ലഭ്യമാകാത്തതിനാൽ ഇതിനായി നഗരസഭ തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നു. നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക തിരിച്ചടവാക്കുകയുണ്ടെങ്കിലും ഈയിനത്തിൽ ഭീമമായ തുക നഗരസഭയ്ക്ക് ലഭ്യമാകാനുണ്ട്. 2017-18 സാമ്പത്തിക വർഷം വരെ പെൻഷൻ ഫണ്ടിലേയ്ക്ക് അടവാക്കിയ തുകകളുടെ വിവരം നഗരസഭയിൽ നിന്ന് ലഭ്യമാക്കിയത് താഴെ ചേർക്കുന്നു.

| തുക വിവരം | 2006-07 മുതൽ 2016-17 വരെ | 2017-18 | ആകെ |
|---|---|---|---|
| നഗരസഭയ്ക്ക് ലഭ്യമായ തുക | 4580564 | 6126710 | 10707274 |
| തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക | 38122317 | 7195069 | 45317386 |
| കിട്ടാനുള്ള തുക | 33541753 | 1068359 | 34610112 |
| ബാലൻസ് ഷീറ്റ് B-15 പ്രകാരമുള്ള കുടിശ്ശിക വിവരം | 28027650 | 1110839 | 29138489 |

വാർഷിക ധനകാര്യപത്രിക 431409901, 431409902 പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും ലഭ്യമാക്കിയ വിവരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. (ഓഡിറ്റ് അന്വേഷണം 27/24.05.19,48/29.05.19)

നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട തുകയാണ് തനതുഫണ്ടിൽ നിന്നും ഇതിനായി ചെലവഴിച്ച വരുന്നത്. കേന്ദ്രപെൻഷൻ ഫണ്ടിൽ നിന്നും ലഭ്യമാകാനുള്ള തുകയുടെ വിവരം നഗരസഭയിൽ ഉണ്ടാകേണ്ടതാണ്. എന്നാൽ നഗരസഭയിൽ ഇത് സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രജിസ്റ്റർ പരിപാലിക്കേണ്ടതും ലഭ്യമാകാനുള്ള തുകയുടെ കൃത്യവിവരം തയ്യാറാക്കേണ്ടതുമാണ്.

# 3-16 എസ്എസ്എ വിഹിതം അധിക വിഹിതം നൽകിയത് -തുടർ വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

പദ്ധതി നമ്പർ – 142/18

നിർവ്വഹണ ഉദ്യോഗസ്ഥ – പ്രിൻസിപ്പൽ ഗവ.ഹയർസെക്കന്ററി സ്കൂൾ ഫോർ ഗേൾസ് കൊടുങ്ങല്ലൂർ

ബിൽ നമ്പർ – 1/28.6.2017-3500000/-

എസ്എസ്എ നഗരസഭ വിഹിതം ആയി 35ലക്ഷം രൂപ എസ് എസ് എക്ക് കൈമാറി 30.5.2018 ൽ എസ് എസ് എ ധനവിനിയോഗ സാക്ഷ്യപത്രവും ചെലവ് പത്രികയും ലഭ്യമാക്കിയിട്ടുണ്ട്. ചെലവ് പത്രിക പ്രകാരം എസ് എസ് എ നഗരസഭ പരിധിയിലെ സ്കൂളുകൾക്കായി ചെലവഴിച്ചത് 6044165 രൂ ആണ്. പ്രസ്തുത തുകയുടെ 40 ശതമാനം ആണ് നഗരസഭ നൽകേണ്ടത്, അതായത് 2417666രൂ. ആയതിനാൽ അധികം നൽകിയ 1082334 രൂ തുടർ വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

# 3-17 വനിത ഘടക പദ്ധതി-പുരുഷന്മാർക്ക് ആനുകൂല്യം നൽകി.

പദ്ധതി നമ്പർ-107/18 സമഗ്ര പച്ചക്കറി വികസനം

നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഫീൽഡ് ഓഫീസർ.

ബിൽ നമ്പർ-1/27.2.2018-25000

-2/27.2.2018-104644

-3/28.3.2018-115990

കൃഷി ഫീൽഡ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ സമഗ്ര പച്ചക്കറി കൃഷി (വനിത)എന്ന പദ്ധതിയിൽ പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.ഫയൽ പരിശോധിച്ചതിൽ പുരുഷന്മാർക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയതായി കാണുന്നു.വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | ദേവസ്സി | 1250 |
| 2 | രഘുനാഥൻ ഉണ്ണി.ടി | 600 |
| 3 | ഉദയകുമാർ.പി.കെ | 4000 |
| 4 | മാധവൻ.കെ.കെ | 600 |
| 5 | നീലത്ത് രാജശേഖരൻ | 400 |
| 6 | വി.എ.അബ്ദുൾ ഖാദർ | 1400 |
| 7 | ധർമ്മരാജൻ.ടി.എസ് | 2000 |
| 8 | നന്ദകുമാരൻ | 4000 |
| 9 | ഇ.കെ.മോഹൻ ബാബു | 1800 |
| 10 | ഗഫൂർ | 1600 |
| 11 | പ്രേംലാൽ | 2000 |
| 12 | മുഹമ്മദ്.വി.എ | 900 |
| 13 | അലികുഞ്ഞി | 1400 |
| 14 | മോഹൻദാസ് കരംചന്ദ് | 5400 |
| 15 | ചിത്തരഞ്ജൻ.കെ.വി | 8000 |
| 16 | വിപിനൻ | 2000 |
| 17 | അബ്ദുൾ റഹ്മാൻ | 2000 |
| 18 | ശിവരാമൻ | 200 |
| 19 | സുദർശനൻ | 1200 |
| 20 | പീതാംബരൻ | 1200 |
| 21 | പീടികപറമ്പിൽ രാമകൃഷ്ണൻ | 2400 |
| 22 | മൈത്രേയൻ.പി.എം | 4800 |
| 23 | സെയ്ദ് മുഹമ്മദ് | 2200 |
| 24 | വിചിത്രൻ.ടി.കെ | 400 |
| 25 | രാജൻ | 2000 |
| 26 | സുധാകരൻ .വി.കെ | 400 |
| 27 | നൗഷാദ് | 1000 |
| 28 | മുഹമ്മദ് അസത്ത്.കെ.കെ | 400 |
| 29 | ഗോപിനാഥൻ.സി.പി | 1200 |
| 30 | ജോഷി.കെ.കെ | 320 |
| 31 | ഉണ്ണികൃഷ്ണൻ.എൻ.കെ | 2000 |

14.2.2018 ലെ 35ാംനമ്പർ കൗൺസിൽ തീരുമാന പ്രകാരം പച്ചക്കറി കൃഷിക്ക് കൂലി ചെലവ് എന്ന പദ്ധതിയിൽ വേണ്ടത്ര വനിതകളെ കിട്ടാത്തതിനാൽ പദ്ധതി നടപ്പിലാക്കുവാൻ ബുദ്ധിമുട്ട് ഉണ്ടെന്ന കൃഷി ഫീൽഡ് ഓഫീസറുടെ അപേക്ഷ പരിഗണിച്ച് പുരുഷന്മാരെ പരിഗണിക്കുന്നതിന് തീരുമാനിച്ചു.

പദ്ധതി അംഗീകാരത്തിനു വിരുദ്ധമായി പദ്ധതി റിവൈസ് ചെയ്യാതെ പുരുഷന്മാരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത് ശരിയായ നടപടിയല്ല. പദ്ധതികൾ തയ്യാറാക്കുമ്പോൾ വ്യക്തമായ ആസൂത്രണത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-18 മേത്തല ഗവ.ആയുർവേദ ഡിസ്പെൻസറി മരുന്നു വാങ്ങൽ

**പ്രോജക്ട് നമ്പർ**: 343

**അടങ്കൽതുക** : 200000

മേത്തല ഗവ.ആയുർവേദ ഡിസ്പെൻസറി മരുന്നു വാങ്ങൽ പദ്ധതിക്കായി വികസന ഫണ്ട് പൊതുവിഭാഗത്തിൽ സാധാരണ വിഹിതമായി വകയിരുത്തിയ 200000/-രൂപ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനക്കു ലഭ്യമാക്കിയില്ല. തുടർന്ന് ഇത് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ.25/24.05.19) ലഭ്യമാക്കിയ മറുപടി പ്രകാരം സ്ഥാപനത്തിൽ 2018 ആഗസ്റ്റിലുണ്ടായ പ്രളയത്തിൽപെട്ട് ക്യാഷ് ബുക്ക് മെയിൻ സ്റ്റോക്ക് രജിസ്റ്റർ എന്നിവയെല്ലാം നശിച്ചു പോയതിനാൽ ഇവയെല്ലാം ഓഡിറ്റിന് ഹാജരാക്കുവാൻ സാധിച്ചില്ല എന്ന് അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കാരണത്താൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട ചെലവിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച വിവരങ്ങളിലേക്ക് ഭരണ സമിതിയുടെയും ഭരണ വകുപ്പിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു. പ്രളയത്തിനു ശേഷം സ്റ്റോക്ക് എടുത്ത് നഷ്ടം നിജപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഭരണസമിതി തീരുമാനസഹിതം ലഭ്യമാക്കേണ്ടതാണ്.

# 3-19 പദ്ധതി ചെലവുരേഖകൾ ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നമ്പർ :S0410/18

വൈദ്യുതി, ടെലഫോൺ, വാട്ടർ ചാർജ്ജ് അടവാക്കുന്നത്

നിർവഹണോദ്യഗസ്ഥൻ : ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ, ശൃംഗപുരം

അടങ്കൽ : 8179/- (മെയിന്റനൻസ് റോഡിതരം)

ചെലവ് : 630/-

നഗരസഭ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം മേൽ പദ്ധതിയ്ക്കായി 630 രൂപ ചെലവഴിച്ചിരിക്കുന്നു. എന്നാൽ പദ്ധതി ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം 35/27.05.19)

# 3-20 പത്താംതരം തുല്യത പരീക്ഷ-രേഖകൾ ലഭ്യമാക്കിയില്ല

പദ്ധതി നമ്പർ 200/18, പത്താംതരം തുല്യത പരീക്ഷ

ചെലവ് തുക 334250/- (വികസന ഫണ്ട്)

ബിൽ നമ്പർ

2/17-18/27.3.18 – 60800/-

3/17-18/27.03.18- 157950/-

4/17-18/27.03.18- 115500/-

ആകെ 334250/-

നിർവഹണോദ്യഗസ്ഥ : ഹെഡ്മിസ്ട്രസ്, ജി.ജി.എച്ച്.എസ്, കൊടുങ്ങല്ലൂർ

പത്താം തരം തുല്യതാ പരീക്ഷക്കായി മേൽ ബിൽ പ്രകാരം തുക ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ, ട്രഷറി ബില്ലുകൾ, ക്യാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ പദ്ധതിയിൽ ഉൾപ്പെട്ട വിദ്യാർത്ഥികളുടെ വിവരം, അറ്റൻഡൻസ് രജിസ്റ്റർ, പരീക്ഷ എഴുതി എന്നുറപ്പാക്കുന്നതിനുള്ള രേഖകൾ, സാക്ഷരത മിഷന് തുക കൈമാറിയതിന്റെ രേഖ, കൈപ്പറ്റ് വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം 24/23.05.19). രേഖകൾ ലഭ്യമാക്കുന്നതുവരെ 334250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-21 സാക്ഷരത സർവ്വെ-സർക്കാർ നിർദ്ദേശമില്ലാത്ത പദ്ധതി ചെലവ്

1. പദ്ധതി നമ്പർ 341/18, സാക്ഷരത സർവ്വെ

ചെലവ് തുക 291940/- (വികസന ഫണ്ട്)

ബിൽ നമ്പർ 1/17-18/27.03.18

നിർവഹണോദ്യോഗസ്ഥ : ഹെഡ്മിസ്ട്രസ്, ജി.ജി.എച്ച്.എസ്, കൊടുങ്ങല്ലൂർ

സാക്ഷരത സർവ്വെ എന്ന പദ്ധതിക്കായി 291940/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ സാക്ഷരത സർവ്വെ സംബന്ധിച്ച സർവ്വെ ഫോം പ്രിന്റിംഗ് ചാർജ് ചെലവ്, ബാനർ ചെലവ്, ട്രെയിനിംഗ്, ഭക്ഷണ ഇനത്തിലുള്ള ചെലവ് ഉൾപ്പെടെയുള്ള 37470രൂപയുടെ ബില്ലുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സർവ്വെ നടത്തിയതിന്റെ രേഖകൾ, സർവ്വെ റിപ്പോർട്ട്, ട്രഷറി ബില്ലുകൾ, ക്യാഷ് ബുക്ക്, മറ്റ് ചെലവ് രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ചെലവ് രേഖകൾ, പദ്ധതി നടപ്പാക്കിയെന്നുറപ്പാക്കുന്ന അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 24/23.05.19) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

2017-18 സാമ്പത്തിക വർഷത്തേയ്ക്ക് ബാധകമായ പതിമൂന്നാം മാർഗരേഖപ്രകാരം (ജി.ഒ (എം.എസ്) 79 /2017/ ത.സ്വ.ഭ.വ /തി.3.04.2017 ) ഇത്തരത്തിലുള്ള ചെലവ് അനുവദനീയമല്ല. സർക്കാർ നിർദ്ദേശമില്ലാത്ത പദ്ധതി ചെലവിന് വിശദീകരണം നൽകേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ് . ആയതുവരെ 291940/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-22 വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വിതരണം പദ്ധതി - അപാകതകൾ

1. പദ്ധതി നമ്പർ s0130/18, 8,9,10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ

ചെലവ് തുക 12,00,000/- (എസ്.സി.പി)

ബിൽ നമ്പർ 1/17-18/28.06.17

2. പദ്ധതി നമ്പർ s0449/18, പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങൽ

ചെലവ് തുക 13,60,000/- (എസ്.സി.പി)

ബിൽ നമ്പർ 2/17-18/31.07.17

നിർവഹണ ഉദ്യോഗസ്ഥൻ - എച്ച്.എം., ജി.എച്ച്.എസ്, പുല്ലൂറ്റ്

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ

1. പദ്ധതി തിരിച്ചുള്ള ചെലവ് രേഖകൾ വെവ്വേറെയായി സൂക്ഷിച്ചിട്ടില്ല.

2. ലോവർ പ്രൈമറി വിദ്യാർത്ഥികൾ മുതൽ പ്ലസ്ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് ഒരേ വലിപ്പത്തിലുള്ള ഫർണ്ണീച്ചറുകളാണ് വിതരണം ചെയ്തിട്ടുള്ളത്. അങ്ങനെയെങ്കിൽ രണ്ട് വ്യത്യസ്ത പദ്ധതികളിലായി പ്രൊജക്ടുകൾ ആസൂത്രണം ചെയ്തത് എന്തിനെന്ന് വ്യക്തമല്ല.

3. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്തൃലിസ്റ്റിന് വാർഡ്സഭയിൽ നിന്ന് അംഗീകാരം വാങ്ങിയില്ല.

4. ഇ ടെണ്ടർ സമർപ്പിച്ചതിൽ കുറവ് തുക രേഖപ്പെടുത്തിയ സമ്രാട്ട് എന്ന സ്ഥാപനത്തിന് പകരം രണ്ടാമത് കുറവ് തുക രേഖപ്പെടുത്തിയ രാജധാനി എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. വാങ്ങലുകൾ സംബന്ധിച്ച വിവരങ്ങൾ, തീരുമാനം എന്നിവ വിദ്യഭ്യാസ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ ഇത് സംബന്ധിച്ച തീരുമാനങ്ങളോ രേഖപ്പെടുത്തലുകളോ ഇല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് പ്രൊക്യൂർമെന്റ് കമ്മിറ്റി / പർച്ചേസ് സമിതി മുഖേനയായിരിക്കേണ്ടതാണ്. വാങ്ങൽ പ്രക്രീയയിലെ സുതാര്യത ഉറപ്പുവരുത്തുക, സാധന സേവന ലഭ്യതയിലെ കാര്യക്ഷമത,ഉല്പാദനക്ഷമത. ഗുണനിലവാരം എന്നിവ ഉറപ്പാക്കേണ്ടത് പർച്ചേസ് കമ്മിറ്റിയാണ്.എന്നാൽ ടി പദ്ധതിയിലെ വാങ്ങലുകൾ പ്രോക്യൂർമെന്റ് കമ്മിറ്റിയിലൂടെയല്ല നടപ്പാക്കിയത്.

5. നിർവഹണ ഉദ്യോഗസ്ഥൻ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

കൃത്യമായ പദ്ധതി ആസൂത്രണത്തിലൂടെ ശരിയായ രീതിയിൽ പദ്ധതി നിർവഹണം നടത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം 22/23.05.19)

# 3-23 സ്കൂൾ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകൽ -രണ്ട് പദ്ധതികളിൽ വ്യത്യസ്ത നിരക്കിൽ വാങ്ങി.

സ്കൂൾ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് പട്ടികജാതിവികസന ഓഫീസറും ഫിഷറീസ് ഇൻസ്പെക്ടറും 2017-18 വർഷത്തിൽ പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(1)SO469/18, പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും, നിർവ്വഹണം – പട്ടികജാതിവികസന ഓഫീസർ

ചെലവ്-ട്രഷറി ബിൽ നം-BRN-1252769/24.3.18, ₹295920/-

റിനി എൻജിനീയറിംഗ് വർക്സ് എന്നസ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയത്. സ്ഥാപനത്തിന്റെ ബില്ല്/ഇൻവോയ്സ് ഫയലിൽ ഇല്ല. 80എണ്ണം വീതം മേശയും കസേരയും വാങ്ങിയിട്ടുണ്ട്,ഒരു സെറ്റിന്റെ വില ₹3699/-

(2) SO516/18 മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ

നിർവ്വഹണം-സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

ഡിലൈറ്റ് സ്റ്റീൽ ടെക്ക് എന്നസ്ഥാപനത്തിന്റെ ഇൻവോയ്സ് നം.68/22.3.2018, 71/23.3.2018എന്നിവ പ്രകാരം 83 മേശകളും കസേരകളും വാങ്ങി, ആകെ ചെലവ് ₹ 372172/- . ഒരെണ്ണത്തിന്റെ വില ₹4484/-

രണ്ട് പദ്ധതികളിലും ഒരേ സ്പെസിഫിക്കേഷനിലുള്ള ഇനങ്ങളാണ് ടെണ്ടർ പരസ്യത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരേ ദിവസം തന്നെയാണ് ടെണ്ടർ തുറന്നിട്ടുള്ളത് (28.2.2018). പ്രൊക്യുവർമെന്റ് കമ്മറ്റി ടെണ്ടർ പരിശോധിച്ചതും ഒരേ ദിവസം തന്നെയാണ്(3.3.2018)

ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പിലാക്കിയ പദ്ധതിക്ക് 5 ടെണ്ടറുകൾ ലഭിച്ചു. റിനി എഞ്ചിനീയറിംഗ് വർക്സ് മൂപ്പത്തടം, രാജധാനി ഏജൻസീസ് ചെർപ്പുളശ്ശേരി, ഇംപാക്ട് എന്റർപ്രൈസസ് മലപ്പുറം, ഡിലൈറ്റ് സ്റ്റീൽടെക്ക് പള്ളിപ്പുറം, ഫിഡ്കോ എന്റർപ്രൈസസ് എന്നിവ.

3.3.2018 ൽ നടന്ന പ്രൊക്യൂർമെന്റ്കമ്മറ്റിയിൽ ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പാക്കുന്ന പദ്ധതിക്ക് സാമ്പിളുകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ലഭിച്ച ടെണ്ടറുകൾ പരിശോധിക്കുന്നതിന് മറ്റൊരു ദിവസത്തേക്ക് മാറ്റിവച്ചു,

പട്ടികജാതിവികസന ഓഫീസർ നടപ്പാക്കിയ പദ്ധതിക്കായി മേൽപ്പറഞ്ഞവയിൽ ഡിലൈറ്റ് സ്റ്റീൽടെക്ക് ഒഴികെയുള്ള ബാക്കി 4 സ്ഥാപനങ്ങളുടെയും ടെണ്ടർ ലഭിച്ചിരുന്നു. 3.3.2018ന് തന്നെ പ്രൊക്യൂർമെന്റ് കമ്മറ്റി പട്ടികജാതിവികസന ഓഫീസർ നടപ്പാക്കുന്ന പദ്ധതിക്ക് ലഭിച്ച ടെണ്ടറുകളുടെ സാമ്പിൾ പരിശോധന നടത്തി റിനി എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്.ഈ സ്ഥാപനം ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പാക്കുന്ന പദ്ധതിക്കും ടെണ്ടർ സമർപ്പിച്ചിരുന്നു. ടെണ്ടറിനൊപ്പം പ്രിലിമിനറി എഗ്രിമെന്റ് വച്ചിട്ടില്ലെന്ന കാരണത്താലാണ് ഈ സ്ഥാപനത്തെ ഒഴിവാക്കിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥയായ ഫിഷറീസ് സബ് ഇൻസ്പെക്ടർ അറിയിച്ചത്. ഇക്കാര്യം പ്രൊക്യൂർമെന്റ് കമ്മറ്റി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. ഈ സ്ഥാപനം 200/-നുപകരം 500/- രൂപയുടെ മുദ്രപത്രം പട്ടികജാതിവികസനഓഫീസർക്കു സമർപ്പിച്ച ടെണ്ടറിനൊപ്പം വച്ചിട്ടുമുണ്ട്. പ്രിലിമിനറി എഗ്രിമെന്റ് ഇല്ലെന്ന ഒറ്റ കാരണത്താൽ ടെണ്ടർ നിരസിക്കാമെന്ന് പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമായി പറഞ്ഞിട്ടില്ല. ടെണ്ടർ നിരസിക്കുന്നതിനുള്ള കാരണം അപ്പോൾ തന്നെ സ്ഥാപനത്തെ അറിയിച്ച് ആവശ്യമായ പരിഹാരം കണ്ടെത്തുന്നതിന് അവസരം നൽകിയതായി രേഖകളിലില്ല.

പിന്നീട് 12.3.2018ന് നടന്ന പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനത്തിൽ ഫിഷറീസിന്റെ പദ്ധതിക്കായി സാമ്പിൾ പരിശോധിച്ച് ഡിലൈറ്റ്സ്റ്റീൽ ടെക്കിന്റെ ടെണ്ടർ സ്വീകരിച്ചു. മേശ, കസേര ഒരു സെറ്റിന് ഡിലൈറ്റിന്റെ വില ₹4484/- രൂപയുമാണ്. (റിനിയുടെ വില ₹ 3699/- രൂപ , വ്യത്യാസം 785/- രൂപ. )

രണ്ടു പദ്ധതികൾക്കായി ഒരേ സ്പെസിഫിക്കേഷനിലുള്ള ഇനങ്ങൾക്ക് ഒരേ സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറുകൾ ഒരേ കമ്മറ്റിയിൽ പരിശോധിച്ചപ്പോൾ ഒരു പ്രൊജക്ടിന്റെ ടെണ്ടർ നടപടികൾ സാമ്പിൾ ഇല്ലെന്ന കാരണത്താൽ മറ്റൊരുദിവസത്തേക്ക് മാറ്റി വക്കുകയും രണ്ടാമത്തെ പ്രൊജക്ടിന് ഇതേ സ്ഥാപനങ്ങളുടെ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം അനുയോജ്യമായത് സ്വീകരിക്കുകയും ചെയ്തു. കുറഞ്ഞ നിരക്കിലുള്ളതും ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തിയതുമായ ഫർണീച്ചറുകൾ പട്ടികജാതി വികസനഓഫീസറുടെ പദ്ധതിക്കായി വാങ്ങാൻ തീരുമാനമെടുത്തപ്പോൾ ഇതേ സ്ഥാപനം പ്രിലിമിനറി എഗ്രിമെന്റ് വച്ചിട്ടില്ലെന്ന കാരണത്താൽ ഫിഷറീസ് വകുപ്പിന്റെ പദ്ധതിപ്രകാരമുള്ള വാങ്ങലിൽ നിന്നും ഒഴിവാക്കപ്പെടുകയാണ് ഉണ്ടായത്. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള പദ്ധതിക്കും റിനിയിൽ നിന്നും ഫർണീച്ചർ വാങ്ങിയിരുന്നുവെങ്കിൽ 65155/- രൂപ (83 മേശ, കസേര x 785 രൂപ = ₹ 65155/-) ലാഭിക്കാമായിരുന്നു. ഇക്കാര്യം ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വാങ്ങലുകളിൽ ഗുണനിലവാരവും സാമ്പത്തിക ലാഭവും ഒപ്പം സുതാര്യതയും ഉറപ്പുവരുത്തേണ്ടതാണ്.

പ്രധാന അദ്ധ്യാപിക, ഫിഷറീസ് ഇൻസ്പെക്ടർ, പട്ടികജാതി വികസന ഓഫീസർ എന്നീ മൂന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഓഡിറ്റ് വർഷം സ്കൂൾ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. 3പദ്ധതികളിലും 3 വ്യത്യസ്ഥ ടെണ്ടറുകൾ നടത്തി വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിലാണ് ഫർണീച്ചർ വാങ്ങിയിട്ടുള്ളത്. ത സ്വ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ, ജി.ഒ (പി)259*2010, തസ്വഭവ. 08.11.2010, ഖണ്ഡിക 'സി'ൽ സമാഹരണ പദ്ധതികൾ നടത്തുന്നതിന് സ്ഥാപനങ്ങൾ പാലിക്കേണ്ട നിബന്ധനകൾ പറഞ്ഞിട്ടുണ്ട്. ആയതു പ്രകാരം വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ചു വാങ്ങുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

വിവിധ പദ്ധതികളിലായി ഒരേയിനം സാധനങ്ങൾ/സേവനങ്ങൾ സമാഹരിക്കേണ്ട അവസരങ്ങളിൽ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിനുശേഷം, മേൽപറഞ്ഞ സർക്കാർ മാർഗ്ഗരേഖപ്രകാരം മൊത്തമായ ആവശ്യകത നിർണ്ണയിച്ച് ഒന്നിച്ച് വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കുന്ന പക്ഷം സമാഹരണ പ്രക്രിയ കൂടുതൽ കാര്യക്ഷമവും സുതാര്യവും ആകുന്നതോടൊപ്പം കാലതാമസം ഒഴിവാക്കുന്നതിനും സാമ്പത്തിക നേട്ടം ഉറപ്പുവരുത്തുന്നതിനുമാകും എന്നത് നഗരസഭാ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-24 2011-12 വർഷത്തിൽ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്ന 42.39 ലക്ഷം രൂപ പ്രവൃത്തി നടത്താതെ തിരികെ ലഭിച്ചത് സർക്കാരിലേക്ക് അടവാക്കിയില്ല 2017ൽ റിവൈസ്ഡ് എസ്റ്റിമെറ്റ് തയ്യാറാക്കാൻ തീരുമാനം

ഫയൽ നം. P 9670/17 പ്രകാരം 2011-12 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ പട്ടികജാതി കുടുംബങ്ങൾക്ക് ഗാർഹിക വാട്ടർ കണക്ഷൻ അനുവദിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്ന 42,39,000/-രൂപ
എ 1-2306/2012/19.6.17 നമ്പർ കത്തുപ്രകാരം വാട്ടർ അതോറിറ്റി നഗരസഭക്ക് തിരികെ നൽകിയതായി ഫയലിൽ കാണുന്നു. ടി തുകക്ക് പുതിയ നിരക്കനുസരിച്ച് റിവൈസ്ഡ് എസ്റ്റിമെറ്റ് തയ്യാറാക്കി ഗാർഹിക കുടിവെള്ളകണക്ഷന്റെ എണ്ണം പരിമിതപ്പെടുത്തി പദ്ധതി നടപ്പാക്കാവുന്നതാണെന്നാണ് മേൽ കത്തിൽ വാട്ടർ അതോറിറ്റി അറിയിച്ചിരിക്കുന്നത്. ആയതനുസരിച്ച് പുതിയ എസ്റ്റിമെറ്റ് തയ്യാറാക്കി പദ്ധതി നടപ്പാക്കാൻ വാട്ടർ അതോറിറ്റി എക്സി എഞ്ചിനീയറോട് ആവശ്യപ്പെടുന്നതിന് നഗരസഭാ കൗൺസിൽ 20.7.2017 ൽ 28-ാം നമ്പറായും 4.5.2018 ൽ 8-ാം നമ്പറായും തീരുമാനമെടുത്തു.

വാട്ടർ അതോറിറ്റി തിരികെ തന്ന ചെക്ക് നഗരസഭ വരവുവെയ്ക്കാതെ 31.8.2017 തിയതിയിലെ P9670/17 കത്തുപ്രകാരം വാട്ടർ അതോറിറ്റിക്കുതന്നെ നൽകിയതായി കാണുന്നുണ്ട്. വാട്ടർ അതോറിറ്റി ആയത് കൈപ്പറ്റിയതിനു രേഖകളില്ല. വിനിയോഗിക്കാതെ തിരികെ ലഭിച്ച ഈ തുക നഗരസഭ അക്കൗണ്ടിൽ വരവുവെച്ച് ജി.ഒ (പി)177/2006 ധനം 12.04.2006, ഖണ്ഡിക 10.3ലെ നിർദ്ദേശമനുസരിച്ച് സർക്കാരിലേക്ക് തിരികെ അടവാക്കുകയാണ് ചെയ്യേണ്ടിയിരുന്നത് അപ്രകാരം ചെയ്യാതെ, 2011-12 വർഷത്തെ പ്രൊജക്റ്റ് പുതിയനിരക്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാനാണ് നഗരസഭ തീരുമാനിച്ചിട്ടുള്ളത്.
ഏകദേശം 5വർഷത്തോളമായി 42.39 ലക്ഷം രൂപ ചെലവഴിക്കാതെ വാട്ടർ അതോറിറ്റി കൈവശം വച്ചിരിക്കയായിരുന്നു.2011-12 ൽ തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ അതോറിറ്റിയുമായി നഗരസഭ കരാർ വച്ചിരുന്നതായും കാണുന്നില്ല. ഇക്കാര്യം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി 50 ന് മറുപടി ലഭിച്ചിട്ടില്ല. പ്രവൃത്തി നടത്താതിരുന്നതിന്റെ കാരണം വ്യക്തമല്ല, എങ്കിലും കരാറില്ലാത്തതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി എത്രകാലമെന്നതു അറിയാനായിട്ടില്ല. നഗരസഭയുടെ വാർഷികകണക്കിൽ മേൽപറഞ്ഞ ഡെപ്പോസിറ്റ് തുക ചെലവഴിക്കാതെ നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടില്ല. 2017-18 വാർഷിക കണക്കിൽ ഇപ്രകാരം തുക KWAയുടെ കൈവശമുള്ളതായി യാതൊരു സൂചനയുമില്ല. നഗരസഭയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച പ്രത്യേകഘടകപദ്ധതിവിഹിതം ജനകീയാസൂത്രണ പദ്ധതിപ്രകാരം ആവിഷ്കരിക്കപ്പെട്ട പ്രവൃത്തിക്കായി പിൻവലിച്ച് മറ്റൊരു ഏജൻസിയെ ഏല്പിച്ചത്, പ്രവൃത്തി നടത്താതെ ഏജൻസിയുടെ കൈവശം വർഷങ്ങളോളം വച്ചിരിക്കുന്നതും ഈ വിവരം നഗരസഭയുടെ വാർഷികകണക്കിൽ പ്രതിഫലിക്കപ്പെടുന്നില്ലെന്നതും അതീവഗൗരവമുള്ള കാര്യമാണ്. നിർവ്വഹണ ഏൻസിയുമായി തുക കൈമാറുന്നതിനുമുൻപ് കരാറിൽ ഏർപ്പെട്ടിരുന്നുവെങ്കിൽ കാലാവധിക്കുള്ളിൽ പണിപൂർത്തീകരിക്കാത്തതിന് നഗരസഭക്ക് അതോറിറ്റിക്കെതിരെ നിയമനടപടികൾ സ്വീകരിക്കാമായിരുന്നു. കുടിവെള്ളക്ഷാമം രൂക്ഷമായ നഗരസഭയിൽ പട്ടികജാതി കുടുംബങ്ങൾക്ക് ഗാർഹിക വാട്ടർ കണക്ഷൻ അനുവദിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ പദ്ധതി നടപ്പിലാക്കാതെ നീണ്ടുപോകുന്നതിനെതിരെ വാട്ടർ അതോറിറ്റി ഈ വിവരം അറിയിക്കുന്നതുവരെ നഗരസഭാ അധികാരികളുടെ ഭാഗത്തുനിന്നും നടപടികളുണ്ടായതായി ഫയലിൽ കാണുന്നില്ല. പുതിയ നിരക്കിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുമ്പോൾ ഗുണഭോക്താക്കളുടെ എണ്ണത്തിൽ 2011-12 ൽ അംഗീകരിച്ച ഗുണഭോക്തൃപട്ടികപ്രകാരമുള്ളതിനേക്കാൾ കുറവാകാനാണ് സാധ്യത. മാത്രമല്ല പഴയ ഗുണഭോക്തൃപട്ടികയിൽപ്പെട്ടവരുടെ നിലവിലെ അവസ്ഥ എന്താണെന്നും പരിശോധിക്കേണ്ടതാണ്.
2011-12 വർഷത്തെ എസ്.സി.പി ഫണ്ട് 42,39,000/- രൂപ ഉപയോഗിച്ച്, പുതിയ ഗുണഭോക്തൃലിസ്റ്റ് ക്ഷണിച്ച് പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകണമെന്ന് നഗരസഭയുടെ P9670/17 /തിയതി 27.10.2018 കത്തുപ്രകാരം കോ-ഓർഡിനേഷൻ കമ്മറ്റി ചെയർമാനോട് ആവശ്യപ്പെട്ടതായി കാണുന്നുണ്ട്.

ഈ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

# 3-25 പ്രൊജക്ട് ഓഫീസർ, ദാരിദ്ര്യ നിർമാർജന സെൽ നടത്തിയ പദ്ധതികളിലെ അപാകതകൾ

a)പദ്ധതിച്ചെലവുരേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

പ്രൊജക്റ്റ് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്റ്റുകളുടെ ചെലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1)പ്രൊജക്റ്റ് നം 347/18 ഗാർഹിക കുടിവെള്ള കണക്ഷന് സബ്സിഡി നൽകൽ

അടങ്കൽ-എസ്.സി.പി-952000

ചെലവ്-ട്രഷറി ബില്ല് നം (37) P-14365/17/12.3.18 , ₹952000/-

2)പ്രൊജക്റ്റ് നം 423/18 ജലഅതോറിറ്റിയുടെ ഗാർഹികകുടിവെള്ള കണക്ഷന് സബ്സിഡി നൽകൽ

അടങ്കൽ-ധനകാര്യകമ്മീഷൻ ഗ്രാന്റ്-90000

ചെലവ്-ട്രഷറി ബില്ല് നം (38) P-14365/17/12.3.18 , ₹88000/-

മേൽപറഞ്ഞപ്രകാരമുള്ള പദ്ധതികളുടെ ചെലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3)ട്രഷറി ബില്ല് നം 41-PH3-513/17 / 12.3.18 പ്രകാരം 150000/-പിൻവലിച്ച് ലൈഫ്മിഷൻ പദ്ധതിക്കായിഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലേക്ക് കൈമാറിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗവിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി 49 പ്രകാരം ആവശ്യപ്പെട്ടിട്ടും രേഖകൾ ഹാജരാക്കാത്തതിനാൽ ക്രമ നം 1,2,3 പ്രകാരമുള്ള ചെലവു തുക 1190000/- രൂപ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

b)ദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രൊജക്റ്റ് ഓഫീസർ, നടപ്പാക്കിയ ലൈഫ്മിഷൻ പദ്ധതിയിലെ ഗുണഭോക്താക്കളുടെവിവരം സംബന്ധിച്ചഅനുബന്ധം II -പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണ-റ്റിപിറ്റിഎ പരിശോധനാ റിപ്പോർട്ടുകളിൽ പലതിലും റ്റിപിറ്റിഎ അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവർ സാക്ഷപ്പെടുത്തിയിട്ടില്ല.നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന തുക കണക്കാക്കിയത് സാക്ഷ്യപ്പെടുത്താത്തതിന്
ഉദാഹരണങ്ങൾ
ലതിക സഹദേവൻ, ചാത്തൻകുളത്ത് , 80000/80000

ഓമന ചാമപ്പറമ്പിൽ, 310000/310000,
രവി രാമൻകുളത്ത് 360000/360000

റ്റിപിറ്റിഎ അംഗങ്ങൾ സാക്ഷപ്പെടുത്തിയിട്ടില്ലാത്തതിന് ഉദാഹരണങ്ങൾ - ശാരദ ഇരിങ്ങണത്താൻ,ബേബി വർഗ്ഗീസ്, ചെറുവേലിക്കൽ

ഗുണഭോക്താക്കൾക്ക് മുൻപ് അനുവദിച്ചിരുന്ന ഭവനനിർമ്മാണ ധനസഹായം, വീട്ടുപണി പൂർത്തികരിക്കുന്നതിന് ഇനി അനുവദിക്കാവുന്ന തുക എന്നീ വിവരങ്ങൾ പരിശോധിച്ച് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്താതെ ധനസഹായം അനുവദിക്കുന്നത് ശരിയായ നടപടിയല്ല. ഇക്കാര്യ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-26 മൃഗസംരക്ഷണ പദ്ധതികൾ -പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി കൈമാറിയ പദ്ധതിവിഹിതം ബാക്കി വരുന്ന തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ താഴെ പറയും പ്രകാരം രണ്ട് പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്.

(1)പ്രൊജക്റ്റ് നം-S034618

അടങ്കൽ-വികസനഫണ്ട്-2,18,750

സംസ്ഥാന വിഹിതം-2,18,750

ഗുണഭോക്തൃവിഹിതം-4,37,500 , ആകെ - 8,75,000

ചെലവ്-

വികസനഫണ്ട്-ട്രഷറി ബില്ല് നം 6/17-18/23.2.18-₹2,18,750/-

35 പേർക്ക് @6250/-വീതം ആകെ 2,18,750/- രൂപ എസ്.എൽ.ബി.പി ക്ക് കൈമാറി.

(2)പ്രൊജക്റ്റ് നം-S0194/18

അടങ്കൽ-വികസനഫണ്ട്-5,12,500

ഗുണഭോക്തൃവിഹിതം-5,12,500 , ആകെ - 10,25,000

ചെലവ്-

വികസനഫണ്ട്-ട്രഷറി ബില്ല് നം 7/17-18/23.2.18-₹5,12,500/-

41 ഗുണഭോക്താക്കൾക്ക് 12500/-വീതം ആകെ 5,12,500/- രൂപ എസ്.എൽ.ബി.പി ക്ക് കൈമാറി.

ആദ്യ പ്രൊജക്റ്റിന്റെ തീറ്റവിതരണം നടത്തുന്ന കൊടുങ്ങല്ലൂർ ക്ഷീരവ്യവസായ സഹകരണസംഘത്തിൽ നിന്നും പരിശോധനക്ക് ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ പേരുവിവരം രേഖപ്പെടുത്തുന്ന വ്യക്തിഗത നാൾവഴിപ്രകാരം റാണി ഷൈൻ, പത്താഴക്കാട്ടിൽ 3 പ്രാവശ്യവും വസുമതി, കൊച്ചാറ 2 പ്രാവശ്യവും മാത്രമാണ് തീറ്റസബ്സിഡി വാങ്ങിയത്, ഇവർ നിലവിൽ പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു.

രണ്ടാമത്തെ പ്രൊജക്റ്റിൽ തീറ്റവിതരണം നടത്തുന്ന കണ്ടംകുളം ക്ഷീരോത്പാതക സഹകരണസംഘത്തിൽ നിന്നും പരിശോധനക്ക് ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ പേരുവിവരം രേഖപ്പെടുത്തുന്ന വ്യക്തിഗത നാൾവഴിപ്രകാരം പ്രസീത രാജേഷ്, അയിഷാബി, പുളിക്കളത്ത് ഒരു പ്രാവശ്യം മാത്രമാണ് തീറ്റസബ്സിഡി വാങ്ങിയത്, മണി സാബു സബ്സിഡി വാങ്ങിയിട്ടേയില്ല, ഇവർ മൂന്നുപേരെയും നിലവിൽ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

നഗരസഭ വെറ്ററിനറി സർജൻ ലഭ്യമാക്കിയ യൂട്ടിലൈസെഷൻ സർട്ടിഫിക്കറ്റ് പ്രകാരം 17-18 ൽ എസ്.എൽ.ബി പി ക്ക് കൈമാറിയ തുകകളിൽ 21.5.2019 തിയതിയിലെ കണക്കനുസരിച്ച് ആദ്യ പ്രൊജക്റ്റിൽ 70,912/-രൂപയും രണ്ടാമത്തെ പ്രൊജക്റ്റിൽ 1,68,985/- രൂപയും പദ്ധതിവിഹിതം ചെലവഴിക്കാൻ ബാക്കി നിൽക്കുന്നുണ്ട്.

ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരാത്തതിനാൽ ബാക്കി വരുന്ന സബ്സിഡി തുക സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് പദ്ധതിവിഹിതത്തിന്റെ വിനിയോഗ സാക്ഷ്യപത്രവും സബ്സിഡിവിഹിതം ബാക്കിതുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരവും നിർവ്വഹണ ഏജൻസിയായ എസ്.എൽ.ബി.പി യിൽ നിന്നും ആവശ്യപ്പെടേണ്ടതും പരിശോധനക്ക് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

# 3-27 ജീവിതശൈലീ ബോധവത്ക്കരണവും രോഗപ്രതിരോധവും

പ്രൊജക്റ്റ് നം.190/18

നിർവ്വഹണം – സൂപ്രണ്ട്, താലൂക്ക് ആശുപത്രി

അടങ്കൽ – വികസന ഫണ്ട് (ജനറൽ)-200000

ചെലവ്-ട്രഷറി ബിൽ നം.15/17-18/27.11.2017, ₹ 200000/-

പ്രൊജക്റ്റ് രൂപീകരണ ഫോറം ഖണ്ഡിക B ൽ പ്രൊജക്റ്റിന്റെ ലക്ഷ്യങ്ങൾ , 22 നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്ന ഭാഗത്ത് ഗ്ലൂക്കോമീറ്റർ, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്, ബി.പി.അപ്പാരറ്റസ് എന്നിവ വാങ്ങൽ, ബോധവത്ക്കരണ ബോർഡുകളുടെ സ്ഥാപനം, ക്യാമ്പുകൾ ക്ലാസ്സുകൾ സംഘടിപ്പിക്കുക എന്നീ ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ആരോഗ്യവർക്കിംഗ് ഗ്രൂപ്പിന്റെ 27.5.2017 തിയതിയിലെ യോഗത്തിൽ നിർദ്ദേശം 3, ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണത്തിനായി ഓരോ വാർഡിലും പരിശീലനം സിദ്ധിച്ച ക്വാളിഫൈഡ് ആയ ഉദ്യോഗസ്ഥയെ നിയമിക്കുക, ഡോക്ടറുടെ സേവനം വേണം ബി.പി, ഷുഗർ നോക്കാനുള്ള ഉപകരണങ്ങൾ സജ്ജീകരിക്കണം എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ആരോഗ്യസ്റ്റാന്റിംഗ് കമ്മറ്റി മിനിട്സിൽ 2017-18 വർഷത്തെ വാർഷിക പദ്ധതികൾ സംബന്ധിച്ച ചർച്ചകൾ നടന്നതായി രേഖപ്പെടുത്തിയിട്ടില്ല.

മേൽ പദ്ധതിയിൽ 200000 രൂപക്ക് നെറ്റ് കോം മാർക്കറ്റിംഗ് സർവ്വീസസ് എന്ന സ്ഥാപനത്തിൽ നിന്നും LED/LCD ടിവി, യുപിഎസ്, ഏസർ പി.സി. എന്നിവ വാങ്ങി ആശുപത്രി വാർഡിൽ സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശം, ഡിപിസി അംഗീരം ലഭിച്ച പ്രൊജക്റ്റ് എന്നിവയിൽ നിന്നും വ്യത്യസ്തമായി പ്രൊജക്റ്റ് നടപ്പാക്കിയതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറി 21/23.5.209 നി ലഭിച്ച മറുപടിയിൽ ഗ്ലൂക്കോമീറ്റർ, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്, ബി.പി.അപ്പാരറ്റസ് എന്നിവ വാങ്ങൽ, ബോധവത്ക്കരണ ബോർഡുകൾ, ക്യാമ്പുകൾ, ക്ലാസ്സുകൾ തുടങ്ങിയവക്ക് ഡിപ്പാർട്ട്മെന്റിൽ നിന്നും തുക ലഭിച്ചതിനാൽ ആശുപത്രിയിലെത്തുന്ന രോഗികൾക്കായി ജീവിതശൈലീരോഗങ്ങളെ സംബന്ധിച്ചസിഡികൾ പ്രദർശിപ്പിക്കുന്നതിന് LED സ്ഥാപിച്ചുവെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യം വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റികളിൽ ചർച്ചചെയ്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് സമിതിയായി പ്രവർത്തിച്ചതായും മിനുട്സിൽ കാണുന്നില്ല. പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് ഘട്ടങ്ങളിൽ അതാത് മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റികൾ വേണ്ടരീതിയിൽ ഇടപെടലുകൾ നടത്താത്തതുകൊണ്ടാണ് പദ്ധതികളുടെ ആസൂത്രണത്തിൽ മേൽപറഞ്ഞപ്രകാരം അവ്യക്തതവരുന്നതും ഉദ്ദേശിച്ച പ്രവർത്തനങ്ങളിൽ നിന്നും വ്യതിചലിച്ച് പോകുന്നതെന്നും കരുതാവുന്നതാണ്. ഇക്കാര്യം നഗരസഭാ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-28 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്-വിതരണം ചെയ്തതിന്റെ രേഖകളില്ല.

പ്രൊജക്റ്റ് നം.S026/18, പ്രൊഫഷണൽ, പി.ജി, കമ്പ്യൂട്ടറധിഷ്ഠിതകോഴ്സുകൾ, പോളിടെക്നിക് എന്നിവയിൽ പഠിക്കുന്നപട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം

നിർവ്വഹണം-സെക്രട്ടറി

അടങ്കൽ-എസ്.സി.പി-2043600

ചെലവ്-ട്രഷറി ബിൽ നം 3/30.6.17 ,₹75000/-

ട്രിച്ചൂർ കമ്പ്യൂട്ടർ സെന്റർ എന്നസ്ഥാപനത്തിന്റെ ഇൻവോയ്സ് നം 0350/2017-18 പ്രകാരം Acer Core 13 with Ubundu ലാപ്ടോപ്പുകൾ 3 എണ്ണം വാങ്ങിയിട്ടുണ്ട്. ഇവ വിതരണം ചെയ്തതിന്റെ രേഖകൾ, ഗുണഭോക്താക്കളുടെ അപേക്ഷകൾ മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 3-29 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റിന് ലൈൻ നീട്ടുന്നതും ഡബിൾ ട്യൂബ് സെറ്റ് സ്ഥാപിക്കുന്നതും -കരാർ,പദ്ധതി പൂർത്തീകരണ വിവരം ഇല്ല

പ്രൊജക്റ്റ് നം S0029/18

നിർവ്വഹണം – സെക്രട്ടറി

അടങ്കൽ – ധനകാര്യകമ്മീഷൻഗ്രാന്റ് – 20,00,000/-

ചെലവ് – ട്രഷറി ബില്ല് നം 2/S0029/17/30.6.17 , ₹ 19,99,785/-

വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റിന് ലൈൻ നീട്ടുന്നതിനും ഡബിൾ ട്യൂബ് സെറ്റ് സ്ഥാപിക്കുന്നതിനുമായി താഴെ പറയുംപ്രകാരം തുക കെ.എസ്.ഇ.ബി ക്ക് കൈമാറിയിട്ടുണ്ട്

| കെഎസ്ഇ.ബിയുടെ കത്ത് നം | പ്രവൃത്തിയുടെ വിവരം | തുക |
|---|---|---|
| AE-4/66/ 2016-17/ 25.3.2017 | Adding one conductor and Installation of double tube fittings under the jurisdiction of Ele. Section I | 13,99,935 |
| AE-4/57/ 2016-17/ 24.3.2017 | Construction of 1ph 2 wire LTOH Line,Adding one conductor and Installation of double tube fittings | 5,45,850/- |
| AE-4/66/ 2016-17/2232/ 28.3.2017 | Installation of double tube fittings in ward 32 | 54,000/- |
| ആകെ | | 19,99,785 |

ജിഒ (എം എസ്) നം 79/2017/തസ്വഭവ/3.4.2017ഖണ്ഡിക 8.3(15)പ്രകാരം നിർവ്വഹണ ഏജൻസിയായ കെ.എസ്.ഇ.ബിയുമായി കരാറിലേർപ്പെട്ടതിനു ശേഷം മാത്രമെ എസ്റ്റിമേറ്റ്പ്രകാരമുള്ള തുക നഗരസഭ മുൻകൂർ നൽകാവൂ. എന്നാൽ തുക നൽകുന്നതിനുമുൻപ് കെ.എസ്.ഇ.ബിയുമായി കരാറിലേർപ്പെട്ടിട്ടില്ല. തുകയുടെ വിനിയോഗവിവരം ഇല്ല. പദ്ധതി നാളിതുവരെ പൂർത്തീകരിച്ചില്ല. ചെലവുതുക 19,99,785/-തടസ്സപ്പെടുത്തുന്നു. പണി പൂർത്തീകരികകാത്തതിനാൽ KSEBയിൽ ഡെപ്പോസിറ്റ് ചെയ്ത തുക31.03.2018ൽ ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തേണ്ടതായിരുന്നു, അപ്രകാരം ചെയ്തിട്ടില്ല. വാർഷിക കണക്കിൽ തെറ്റായി ചെലവു രേഖപ്പെടുത്തിയതുകൊണ്ടാണ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടാതിരുന്നത്. കണക്കുകൽ തയ്യാറാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

# 3-30 ജില്ലാ പഞ്ചായത്തിനു കൈമാറിയ തുകയ്ക്ക് കൈപ്പറ്റ് രശീതി, വിനിയോഗവിവരം ഇല്ല.

1.പ്രൊജക്റ്റ് നം so 471/18, ഐ.എം.എ ബ്ലഡ് ബാങ്ക്

നിർവ്വഹണം – സെക്രട്ടറി

ഐ.എം.എ ബ്ലഡ് ബാങ്ക് പദ്ധതിക്കായി നഗരസഭയുടെ പദ്ധതിവിഹിതം 1,00,000/-രൂപ ജില്ലാ പഞ്ചായത്തിനു കൈമാറിയിട്ടുണ്ട്. ട്രഷറി ബില്ല് നം 14/25.10.17. ആയതിന് ജില്ലാ പഞ്ചായത്ത് കൈപ്പറ്റ് രശീതി, വിനിയോഗവിവരം എന്നിവ നൽകിയതായി കാണുന്നില്ല. കൈപ്പറ്റ് രശീതി, വിനിയോഗവിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

2.നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐസിഡിഎസ് സൂപ്പർവൈസർ

| പദ്ധതി നമ്പർ | ബിൽ നമ്പർ/ തീയതി /തുക | റിമാർക്സ് |
|---|---|---|
| 6/18 | 3/21.3.2018- | വയോമിത്രം നഗരസഭാ വിഹിതം |

| | | |
|---|---|---|
| | 1000000/- | നൽകിയത് |
| 470/18 | 5/28.10.2017-50000/- | ഭിന്നശേഷി ഉള്ളവർക്ക് റിസോഴ്സ് സെന്റർ വിഹിതം |

# 3-31 നഗരസഭയിലെ വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി - നിർവ്വഹണത്തിലെ അപാകതകൾ

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം.376/18 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 4304000 രൂപ മേൽ പ്രവൃത്തിക്ക് വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള ജലഅതോറിറ്റിയിൽ ട്രഷറി ബിൽ നം.91/2017-18 പ്രകാരം 2026250രൂപ ഡെപ്പോസിറ്റ് ചെയ്തു. 2018-19 വർഷത്തിലും തുടർ പദ്ധതിയായി നിലവിലുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1.വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള 15000000 രൂപ ചെലവ് പ്രതീക്ഷിക്കുന്ന സമഗ്രമായ എസ്റ്റിമേറ്റ് ലഭിക്കുന്നത് 1-8-2018 തിയതിയിൽ മാത്രമാണ്.എന്നാൽ മൂന്ന് വാർഡുകളിലെ പ്രവൃത്തികൾക്ക് ഭാഗികമായി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം 2026250 രൂപ ജലഅതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു.

2.പ്രവൃത്തിയുമായി ബന്ധപ്പെട്ട് ജലഅതോറിറ്റിയും നഗരസഭയും തമ്മിൽ കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. നാളിതുവരെ ചെയ്ത പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രമോ പൂർത്തീകരണ സാക്ഷ്യപത്രമോ നാളിതുവരെ ലഭിച്ചിട്ടില്ല. ജല അതോറിറ്റിയുടെ എസ്റ്റിമേറ്റിൽ റോഡ് റെസ്റ്റോറേഷൻ ചാർജ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും റോഡിന്റെ ഉടമസ്ഥാവകാശത്തെ സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടില്ല.പൊളിക്കുന്ന റോഡുകൾ ഭൂരിഭാഗവും നഗരസഭയുടെ അധീനതയിലാണ്. ആയതിനാൽ റെസ്റ്റോറേഷൻ ചാർജിനത്തിൽ നഗരസഭക്ക് തുക ജലഅതോറിറ്റിയിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ഈ വിഷയം സംബന്ധിച്ച് നഗരസഭയും ജലഅതോറിറ്റിയും തമ്മിൽ സംയുക്തപരിശോധന നടത്തിയിട്ടില്ല.

മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-32 മുനിസിപ്പൽ മെയിൻ ഓഫീസിൽ കമ്പ്യൂട്ടർ നെറ്റ് വർക്കിങ്- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി കമ്പ്യൂട്ടർ നെറ്റ് വർക്കിങ് എന്ന പ്രവൃത്തിക്ക്(പ്രോജക്ട് നം.465/18) ട്രഷറി ബിൽ നം.103/2017-18 പ്രകാരം എസ്റ്റിമേറ്റ് തുക 970000 രൂപ തൃശ്ശൂർ PWD ഇലക്ട്രോണിക്സ് ഡിപ്പാർട്ട്മെന്റിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് തുക ബാലൻസ് ഷീറ്റ് B15-ഷെഡ്യൂളിൽ കാണുന്നില്ല. ആയതിനാൽ മേൽ ചെലവ് തെറ്റായി രേഖപ്പെടുത്തിയ ശീർഷകം ഏതാണെന്ന് പരിശോധിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# 3-33 ഫ്രണ്ട് ഓഫീസ് കെട്ടിടനിർമ്മാണവും ഓഫീസ് കെട്ടിടനവീകരണവും-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടിന്റെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെച്ചേർക്കുന്നു.

1.ഭരണാനുമതിയും സാങ്കേതികാനുമതിയും 1000000 രൂപയുള്ള മേൽപ്രവൃത്തിക്ക് (പ്രോജക്ട് നം.337/17)ധനകാര്യകമ്മീഷൻ ഗ്രാന്റാണ് വിനിയോഗിച്ചത്. തനത് ആസ്തികളുടെ (കെട്ടിടങ്ങളുടെ) നിർമ്മാണത്തിന് പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല.

2.ഇ-ടെണ്ടർ/റീടെണ്ടർ നോട്ടീസ് പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 1000000 രൂപയാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ സാങ്കേതികാനുമതിയുടെ വിവരങ്ങൾ താഴെപ്പറയുംവിധമാണ്.

35ഇനങ്ങളുടെ ആകെ തുക-----899714<br>
സർവ്വീസ് ടാക്സ് ----- 94470<br>
മറ്റുചെലവുകൾ ------ 5816<br>
ആകെ ----1000000

3.ടെണ്ടറിൽ രണ്ട് പേർ മാത്രമാണ് പങ്കെടുത്തത്. ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ.ശിവദാസൻ എം.എസ് എന്ന വ്യക്തിക്ക് 994183.43 രൂപക്ക് ടെണ്ടർ അംഗീകരിച്ചു.

4.എസ്റ്റിമേറ്റിൽ നിന്ന്, വ്യതിചലിച്ച് പ്രവൃത്തി ചെയ്തതിന് റിവൈസ്ഡ് എസ്റ്റിമേറ്റോ താരതമ്യപ്പട്ടികയോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.)സാങ്കേതിക തകരാറുകൾ മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്ന് മറുപടി ലഭിച്ചു. എന്നാൽ മറുപടി തൃപ്തികരമല്ല.ആയതിനാൽ ഭരണസമിതിയുടെ തീരുമാനം സഹിതം വിവരം അറിയിക്കേണ്ടതാണ്.

# 3-34 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് സാങ്കേതികാനുമതിയിൽ അധികരിച്ച തുക അനുവദിച്ചു

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നഗരസഭ ഓഫീസ് കെട്ടിടം വൈദ്യുതീകരണം(പ്രോജക്ട് നം.517/18) എന്ന പ്രവൃത്തിക്ക് PWD ഇലക്ട്രിക്കൽ ഡിവിഷൻ എക്സി.എഞ്ചിനീയറിൽ നിന്ന് 1200000 രൂപയുടെ സാങ്കേതികാനുമതി ലഭിച്ചു. പ്രവൃത്തിയുടെ

ഭരണാനുമതി തുക 1350000 രൂപയാണ്.ടെണ്ടർ നടപടികൾ സ്വീകരിച്ചപ്പോൾ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 4.88% തുക അധികരിച്ചതിനാൽ 37640 രൂപയും കൂടാതെ സെന്റേജ് ചാർജിനത്തിൽ 30000 രൂപയും അടവാക്കുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ട്രഷറി ബിൽ നം.104/17-18 തിയതി.29-12-17 പ്രകാരം 127398 രൂപയും ട്രഷറി ബിൽ നം.105/17-18തിയതി29-12-17 പ്രകാരം 1222602രൂപയും പിൻവലിച്ച് ഡെപ്പോസിറ്റ് ചെയ്തു. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭിക്കുകയോ കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. വിനിയോഗസാക്ഷ്യപത്രവും ബാലൻസ് തുകയും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-35 ഉത്തരവിന് വിരുദ്ധമായി ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചു

സ.ഉ(എം.എസ്)നം.79/2017തസ്വഭവ 3-4-2017 തിയതിയിലെ ഖണ്ഡിക 13.8 നിബന്ധനയനുസരിച്ച് നഗരസഭകളുടെയും ഘടകസ്ഥാപനങ്ങളുടെയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം, സംരക്ഷണം എന്നിവ നഗരസഭക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ഉത്തരവിന് വിരുദ്ധമായി താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചു.

| ക്രമ നം | പ്രോജക്ട് നം/പേര് | ചെലവഴിച്ച തുക/ ട്രഷറി ബിൽ നം | അടങ്കൽ തുക |
|---|---|---|---|
| 1 | 376/17, നഗരസഭ എഞ്ചിനീയറിങ്ങ് വിഭാഗം നവീകരണം | 734097, 33/2017-18 | 873856 |
| 2 | 377/17, കമ്മ്യൂണിറ്റി ഹാൾ ട്രസ്സ് വർക്ക് | 1014079, 92/2017-18 | 1500000 |
| 3 | 321/18,മേത്തല ഷോപ്പിങ്ങ് കോംപ്ലക്സ് അറ്റകുറ്റപണി | 157920, 95/2017-18 | 190000 |
| 4 | 305/18, ഫ്രണ്ട് ഓഫീസ് നിർമ്മാണം, ഓഫീസ് നവീകരണം | 873182, 76/2017-18 | 1000000 |

ഉത്തരവിന് വിരുദ്ധമായി ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-36 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരങ്ങൾ ലഭ്യമല്ല

താഴെ പറയുന്ന പ്രവൃത്തികളിൽനിന്നും കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരങ്ങൾ എം.ബുക്കിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നം | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് (ഘ.മീ), എം.ബുക്ക് നം. | ട്രഷറി ബിൽ നം |
|---|---|---|---|
| 1 | തൊട്ടേക്കാട്ട് റോഡ് കാനനിർമ്മാണം.117/17 | 48.80ഘ.മീ 217/16 പേജ് 21 | 12/17-18 |
| 2 | കാട്ടിപ്പാടം റോഡ് കാനനിർമ്മാണം119/17 | 63.18ഘ.മീ 115/16പേജ് 22 | 16/17-18 |
| 3 | കരിശുപ്പള്ളി റോഡ് കാനനിർമ്മാണം156/17 | 26.59ഘ.മീ 97/16പേജ്17 | 20/17-18 |
| 4 | വേദവ്യാസ റോഡ്174/17 | 35.32ഘ.മീ 36/17പേജ്25 | 71/17-18 |
| 5 | ചൈതന്യ റോഡ്124/17 | 14.07ഘ.മീ 103/16പേജ്28 | 74/17-18 |

ഇപ്രകാരം മറ്റ് പ്രവൃത്തികളിലും മണ്ണ് കുഴിച്ചെടുത്തതായി കാണുന്നു. മണ്ണ് ദൂരേക്ക് കൊണ്ടുപോകാൻ കൺവേയൻസ് അനുവദിക്കുകയോ മണ്ണ് ലേലം ചെയ്ത് വിൽക്കുകയോ ചെയ്തതായി കാണുന്നില്ല. സൈറ്റിൽ ആവശ്യമില്ലാത്ത മണ്ണ് ലേലം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. സൈറ്റിൽ ഉപയോഗിച്ച മണ്ണിന്റെ വിവരം എം.ബുക്കിൽ രേഖപ്പെടുത്തി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

# 3-37 എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം-നികുതികൾ അടവാക്കിയതിന്റെ രേഖകൾ ലഭ്യമല്ല

നഗര ദാരിദ്ര്യ നിർമ്മാർജനസെൽ പ്രോജക്ട് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം.306/17 പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് 2000000 രൂപ വകയിരുത്തി COSTFORD നിർവ്വഹണം ഏറ്റെടുത്ത മേൽ പ്രവൃത്തിക്ക് നാല് ബില്ലുകൾ പ്രകാരം 1830905 രൂപ അനുവദിച്ചു.

COSTFORD ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെച്ചേർക്കുന്നു.

| ഇനം | MB2188 | MB2189 |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 371014 | 1286997 |
| സർവ്വീസ് ചാർജ്ജ് | 9275 | 32175 |
| സർവ്വീസ് ടാക്സ് | 1670 | 5791 |
| ആദായനികുതി | 7420 | 51480 |
| ക്ഷേമനിധി വിഹിതം | 3710 | 25740 |
| ചരക്ക്സേവനനികുതി | 44522 | 12870 |
| റിക്കവറികൾ ഉൾപ്പെടെ ആകെ | 437611 | 1415054 |

റിക്കവറികൾ കുറവ് ചെയ്യാതെയാണ് മൊത്തം തുക അനുവദിച്ചത്. ആയതിനാൽ റിക്കവറികൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കിയതിന്റെ ഔദ്യോഗികരശീതി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

# 3-38 സമഗ്ര ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് - ശരിയായ ആസൂത്രണം ഇല്ലാതെ തുക ചെലവഴിച്ചു

പ്രൊജക്റ്റ് നം So 429/18

നിർവ്വഹണം – പ്രൊജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജനസെൽ

അടങ്കൽ – ധനകാര്യകമ്മീഷൻ ഗ്രാന്റ് – 18,69,658/-

<u>ചെലവ്</u>

ട്രഷറി ബിൽ നം 16 /പി-14361/17/16.1.18 / ₹982943/-

ട്രഷറി ബിൽ നം 47 /പി-14361/17/28.3.18 / ₹250750/-

ട്രഷറി ബിൽ നം 59 /പി-14361/17/16.1.18 / ₹450229/-

2016-17 വർഷം ആസൂത്രണം ചെയ്ത് 17-18ലേക്ക് സ്പിൽ ഓവർ ആക്കിയ പ്രൊജക്റ്റ് ആണ്.
ആരോഗ്യ ശുചിത്വ വർക്കിംഗ് ഗ്രൂപ്പിന്റെ 16.7.2016ലെ കമ്മറ്റിയിൽ സമഗ്ര ഖരമാലിന്യസംസ്കരണത്തിന് പ്ലാസ്റ്റിക്ക് മാലിന്യം സംസ്കരിച്ച് പെട്രോൾ ആക്കുന്ന പദ്ധതി ശുപാർശ ചെയ്തിരുന്നു. ആയതിലേക്ക് ബയോവേസ്റ്റ് ചോപ്പർ, ബയോവേസ്റ്റ് മിക്സ്ചർ, പ്ലാസ്റ്റിക്ക് ആംഗ്ലോമെറേറ്റർ, പൈറോളിസിസ് പ്ലാന്റ് തുടങ്ങിയ മെഷീനുകൾ വാങ്ങി സ്ഥാപിക്കാനുദ്ദേശിച്ചുവെങ്കിലും ശുചിത്വമിഷന്റെ അംഗീകാരം ലഭിക്കാതിരുന്നതിനാൽ 2016-17ൽ പദ്ധതി നടപ്പായില്ല. 2017-18വർഷത്തെക്ക് സ്പിൽ ഓവറാക്കി. സ്പിൽ ഓവർ ആയതിനാൽ പ്രൊജക്റ്റ് റിവൈസ് ചെയ്ത് ഡിപിസി അംഗീകാരം വാങ്ങാനാവില്ലെന്നതിനാൽ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ്, ബെയ്‌ലിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ക്ലീൻ കേരളയുമായി ഉടമ്പടി വക്കാൻ നഗരസഭ കൗൺസിൽ 22/5.12.2017 നമ്പറായി തീരുമാനമെടുത്തു. ശുചിത്വം, മാലിന്യ സംസ്കരണ വർക്കിംഗ് ഗ്രൂപ്പ് 7.12.2017 തിയതിയിൽ സമഗ്രഖരമാലിന്യസംസ്കരണപ്ലാന്റ് എന്ന പ്രൊജക്റ്റിൽ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ്, ബെയ്‌ലിംഗ് യൂണിറ്റ് എന്നിവ കപ്പാസിറ്റി കൂടിയ വിധത്തിലുള്ളവ വാങ്ങി മുഴുവൻ തുകയും ചെലവഴിക്കേണ്ടതാണെന്നും തീരുമാനമെടുത്തിട്ടുണ്ട്. മേൽപറഞ്ഞ തീരുമാനങ്ങളനുസരിച്ച് ട്രഷറി ബിൽ നം 16 പ്രകാരം 982943/-രൂപ ക്ലീൻ കേരളക്ക് കൈമാറുകയും ചെയ്തു.

വാങ്ങാനുദ്ദേശിക്കുന്ന മെഷീനുകളുടെ കപ്പാസിറ്റി സംബന്ധിച്ച് പഠനം നടത്തിയതിന്റെ രേഖകളില്ല. നഗരസഭയിൽ സൃഷ്ടിക്കപ്പെടുന്ന പ്ലാസ്റ്റിക്ക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് പര്യാപ്തമായ മെഷീനുകളാണോ വാങ്ങാൻ പോകുന്നതെന്ന പരിശോധന നടത്തിയതായി ഫയലിൽ കാണുന്നില്ല.മേൽപറഞ്ഞ മെഷീനുകൾ വാങ്ങുന്നതിന് ശുചിത്വമിഷന്റെയോ, ഡി.പി.സിയുടെയോ അംഗീകാരവും ലഭിച്ചിട്ടില്ല. നാളിതുവരെ മെഷീനുകൾ സ്ഥാപിക്കപ്പെട്ടിട്ടില്ല. മെഷീനുകൾ സ്ഥാപിക്കാനുള്ള ഷെഡ്ഡിന്റെ പണി പൂർത്തിയായിട്ടില്ല, വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്.
ക്ലീൻ കേരളക്ക് മുൻകൂറായി നൽകിയ തുക, 31.03.18ലെ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിൽ അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തുന്നതിനു പകരം ചെലവായി രേഖപ്പെടുത്തിയതു കൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. വാർഷിക കണക്കു തയ്യാറാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

മെഷീനുകൾക്ക് തുക ചെലവഴിച്ചശേഷവും അടങ്കൽ തുകയിൽ 886715/- രൂപ ബാക്കിയുണ്ടെന്നതിനാലും ആയത് മാർച്ച് 31നകം ചെലവഴിച്ചില്ലെങ്കിൽ നഷ്ടമാകുമെന്നതിനാലും കൗൺസിൽ തീരുമാനം X1V/ 14.2.18 പ്രകാരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള മേത്തലയിലെ വിൻഡ്രോ കംപോസ്റ്റ് പ്ലാന്റ് പരിസരത്ത് ശേഖരിച്ചിരുന്ന പ്ലാസ്റ്റിക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും എക്കോ ഗ്രീൻ കേരള എന്ന സ്ഥാപനത്തിന് 5.90/kg എന്ന നിരക്കിൽ കരാർ നൽകുകയും ചെയ്തു. കരാർ തിയതി 14.3.18,കരാർ കാലാവധി 31.3.2018.എക്കോഗ്രീൻ കേരളയുടെ 24.3.18 തിയതിയിലെബില്ല് പ്രകാരം 16.3.18 മുതൽ 24.3.18 വരെയുള്ള കാലയളവിൽ 42500 kg പ്ലാസ്റ്റിക്ക് മാലിന്യംനീക്കിയതിന് 250750/- രൂപ അനുവദിച്ചു.(ട്രഷറി ബിൽ നം 47) പനക്കൽ വെയ്ബ്രിഡ്ജ്, ടി.കെ.എസ് പുരം എന്ന സ്ഥാപനമാണ് തൂക്കം രേഖപ്പെടുത്തിയിട്ടുള്ളത്. ടി.ബില്ലുകളിൽ ഉത്തരവാദപ്പെട്ടവരുടെ സാന്നിദ്ധ്യത്തിലാണ് തൂക്കം നോക്കിയതെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇക്കോ ഗ്രീനിന്റെ 28.3.18 തിയതിയിലെ ബില്ല് പ്രകാരം 24.3.2018 മുതൽ 28.3.2018വരെയുള്ള തിയതികളിൽ 76310 kg മാലിന്യം നീക്കിയതിന് 450229/- രൂപ അനുവദിച്ചു. (ട്രഷറി ബിൽ നം 59).എന്നാൽ ടി. തൂക്കം സംബന്ധിച്ച് രേഖകളില്ല തൂക്കം നോക്കിയതിന്റെ ബില്ലുകളില്ല.പ്ലാസ്റ്റിക്ക് മാലിന്യം നീക്കംചെയ്യുന്ന പ്രവൃത്തി അംഗീകാരം ലഭിച്ച പദ്ധതിയിൽ ഉൾപ്പെടുത്താത്ത ഇനമാണ്.

തുക ചെലവഴിക്കുക എന്ന ഉദ്ദേശ്യത്തിനാണ് ഇവിടെ കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത് എന്ന് കാണാവുന്നതാണ്. കേവലം ചെലവു ശതമാനം ഉയർത്തുക എന്നതു മാത്രം ലക്ഷ്യമാക്കാതെ, നഗരപ്രദേശത്തെ സ്ഥലപരമായ ഘടനയും പ്രത്യേകതയും, ജനങ്ങളുടെയും പ്രവർത്തനങ്ങളുടെയും വിതരണവും കണക്കിലെടുത്ത് ദീർഘവീക്ഷണത്തോടുകൂടിയ ശാസ്ത്രീയമായ ഖര-ദ്രവ മാലിന്യ നിർമ്മാർജന സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന പദ്ധതിമാർഗ്ഗരേഖാനിർദ്ദേശം പാലിക്കപ്പെടുന്നതരത്തിലാണ് പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടത് എന്നത് നഗരസഭാ അധികാരികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-39 മാലിന്യസംസ്ക്കരണം-അവലോകനം

ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, ദ്രവ മാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക, പൊതുമാർക്കറ്റുകൾ പരിപാലിക്കുക, മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം, എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വില്പന, നിയന്ത്രണം എന്നിവ മുനിസിപ്പാലിറ്റികളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടുന്നു. നഗരസഭയുടെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം എത്രത്തോളം ഫലപ്രദമാണ് എന്നും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള ചുമതലകളും അധികാരങ്ങളും നഗരസഭ ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടോ എന്നും നിയന്ത്രണ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമാണോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയും സബ്ഡിഡി മാനദണ്ഡങ്ങളും മറ്റ് സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്2016, ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്2016, കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്2016 മുതലായ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോ എന്നതും പരിശോധനാ ലക്ഷ്യത്തിൽ ഉൾപ്പെടുന്നു.ലക്ഷ്യത്തെ മുൻനിർത്തി, മുനിസിപ്പാലിറ്റിയുടെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം വിലയിരുത്തുകയും വിവിധ രേഖകൾ പരിശോധിക്കുകയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുകയും നഗരസഭയുടെ മാലിന്യ സംസ്കരണ പ്ലാന്റിൽ സന്ദർശനം നടത്തുകയും ചെയ്തു. പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

നഗരസഭയുടെ ഖരമാലിന്യ സംസ്കരണ സംവിധാനം

നഗരസഭയിൽ നിലവിലെ ജനസംഖ്യ 71440 ആണ്. നഗരത്തിൽ പ്രതിദിനം 34.31 മെട്രിക് ടൺ മാലിന്യം നിക്ഷേപിക്കപ്പെടുന്നു. ഇവയിൽ ഭൂരിഭാഗവും വീടുകൾ,വെജിറ്റബിൾ മാർക്കറ്റുകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവിടങ്ങളിലെ മാലിന്യങ്ങളാണ്. നഗരസഭ പ്രദേശത്തെ വാണിജ്യസ്ഥാപനങ്ങളിൽ നിന്നും മറ്റുമുള്ള മാലിന്യം സ്വന്തം ഉത്തരവാദിത്വത്തിൽ സംസ്കരിക്കേണ്ടതാണ്. ശുചിത്വമിഷന്റെ സഹായത്തോടെ വീടുകളിലെ ജൈവമാലിന്യം സംസ്കരിക്കുന്നതിന് ബയോഗ്യാസ് പ്ലാന്റുകളും പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും നൽകിയിട്ടുണ്ട്.

നഗരസഭയുടെ അധീനതയിൽ പുല്ലൂറ്റ് (ചാപ്പാറ) എന്ന സ്ഥലത്തുള്ള പ്ലാന്റ് നിലവിൽ കേസുള്ളതിനാൽ പ്രവർത്തിക്കുന്നില്ല. നഗരസഭക്ക് മൂന്ന് എയറോബിക് യൂണിറ്റും ഒരു വിൻഡ്രോകമ്പോസ്റ്റ് യൂണിറ്റുമാണുള്ളത്. നഗരസഭ പ്രദേശത്തെ മാലിന്യങ്ങൾ ശേഖരിക്കുന്നതിനാണ് നഗരസഭ മുൻഗണന നൽകുന്നത്. മാലിന്യം ദിനംപ്രതി ശേഖരിച്ച് ട്രാക്ടറിന്റെ സഹായത്തോടെ നഗരസഭ കണ്ടിജന്റ് വിഭാഗം ജീവനക്കാർ തന്നെ പ്ലാന്റിൽ കൊണ്ടു വന്ന് നിക്ഷേപിക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ജൈവ- അജൈവ മാലിന്യങ്ങൾ വേർതിരിക്കാതെയാണ് മാലിന്യ ശേഖരണം നടത്തുന്നത്.

വിൻഡ്രോകമ്പോസ്റ്റ് യൂണിറ്റ്






എയറോബിക് യൂണിറ്റുകൾ

**പഴയ മുനിസിപ്പൽ ഓഫീസ് കോമ്പൗണ്ട് | മേത്തല | കാർട്ടേഴ്സ് കോമ്പൗണ്ട്**





പ്ലാന്റിന്റെ പ്രവർത്തനം വിലയിരുത്തൽ

മേത്തല പച്ചക്കറി മാർക്കറ്റിലെ ജൈവ-അജൈവമാലിന്യങ്ങൾ നഗരസഭയുടെ രണ്ട് വാഹനങ്ങളിലായി നഗരസഭയിലെ സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും കൂടി മേത്തലയിലുള്ള വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റിൽ എത്തിക്കുന്നു.യൂണിറ്റിന്റെ കപ്പാസിറ്റി 1മെട്രിക് ടൺ/ദിവസം ആണ്. മാലിന്യങ്ങൾ വിറ്റഴിക്കുന്നതിന് ഉദയം എന്ന പേരിലുള്ള സ്വയംസഹായസംഘവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കിലോഗ്രാമിന് 1.25രൂപ നിരക്കിൽ ഒരു വർഷം ശരാശരി 325000 രൂപ മാലിന്യം വിറ്റഴിക്കുന്നതിന് ചെലവുവരുന്നു. പ്ലാന്റിൽ വച്ച് സംഘത്തിലെ ജീവനക്കാർ തന്നെ ജൈവ – അജൈവമാലിന്യങ്ങൾ വേർതിരിച്ച് ജൈവമാലിന്യങ്ങൾ വളമാക്കി വിൽക്കുന്നു. നഗരസഭക്ക് യാതൊരു നേട്ടവും ഇതിലൂടെ ലഭിക്കുന്നില്ല.അക്രഡിറ്റേഷനുള്ള ഏതെങ്കിലും ഏജൻസിയെ ഈ പ്രവൃത്തി ഏല്പിച്ച് ജൈവമാലിന്യം വളമാക്കി മാറ്റി നഗരസഭ നേരിട്ട് വില്പന നടത്തുന്നതിന് മുനിസിപ്പൽ കൗൺസിൽ 2019 വർഷത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. മൂന്നിടങ്ങളിലായുള്ള എയറോബിക് യൂണിറ്റുകളിൽ 26ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. ഓരോ യൂണിറ്റിന്റെയും കപ്പാസിറ്റി 30കി.ഗ്രാം/ദിവസം ആണ്. കച്ചവടസ്ഥാപനങ്ങളിലെയും വഴിയോരങ്ങളിലെയും ജൈവഅജൈവമാലിന്യങ്ങൾ സഗരസഭ കണ്ടിജന്റ് വിഭാഗം ജീവനക്കാർ പ്ലാന്റിൽ കൊണ്ടുവന്ന് വേർതിരിച്ച് ജൈവമാലിന്യം വളമാക്കി മാറ്റുന്നു. അജൈവമാലിന്യം ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു.

അറവുശാലയുടെ പ്രവർത്തനം

നഗരസഭക്ക് സ്വന്തമായോ നഗരസഭ പ്രദേശത്തോ അറവുശാലകൾ ഇല്ല.അറവുശാല സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മാലിന്യ സംസ്കരണത്തിൽ ഏർപ്പെട്ടിട്ടുള്ള ജീവനക്കാരുടെ വിവരം

സ്വീപ്പിംഗ് ജോലികളും മാലിന്യം ശേഖരിച്ച് പ്ലാന്റിലെത്തിക്കുന്നതും കണ്ടിജന്റ് വിഭാഗം ജീവനക്കാരും താൽക്കാലിക ജീവനക്കാരുമാണ്. ആരോഗ്യ വിഭാഗം ജീവനക്കാരുടെ മേൽനോട്ടത്തിലാണ് തൊഴിലാളികൾ പ്രവർത്തിച്ചു വരുന്നത്. ദൈനംദിന ശുചീകരണ പ്രവർത്തനങ്ങൾ, കാനകൾ, തോടുകൾ, പൊതുനിരത്തുകൾ എന്നിവയുടെ ശുചീകരണം, പൊതുനിരത്തിലെയും സസ്യചന്തയിലെയും മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണകേന്ദ്രത്തിൽ എത്തിക്കുന്നതിനും ബസ് സ്റ്റാൻഡ്, ടൗൺ ഹാൾ എന്നിവയുടെ ശുചീകരണത്തിനും ക്രിമിറ്റോറിയം, എയ്റോബിക് കമ്പോസ്റ്റ് പ്ലാന്റുകൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിനും ശുചീകരണവിഭാഗം ജീവനക്കാരെ നിയോഗിച്ചുവരുന്നു. നിലവിൽ 25 സ്ഥിരം കണ്ടിജന്റ് സാനിട്ടേഷൻ തൊഴിലാളികളെയും 15 സി.എൽ.ആർ തൊഴിലാളികളെയും ശുചീകരണപ്രവർത്തനങ്ങൾക്ക് നിയോഗിച്ചുവരുന്നു.ആയതിലേക്ക് പ്രതിവർഷം ഏകദേശം 75 ലക്ഷം രൂപ ചെലവ് വരുന്നു.

മാലിന്യ ശേഖരണത്തിനുള്ള വാഹനം

മാലിന്യം ശേഖരിക്കുന്നതിനായി നിലവിൽ രണ്ട് വാഹനങ്ങൾ ഉപയോഗിച്ചുവരുന്നു. ഒരു ട്രാക്ടർ ട്രെയ്‌ലറും ഒരു പിക്കപ്പ് വാഹനവുമാണ് നഗരസഭക്കുള്ളത്. വാഹനങ്ങൾ ഓടിക്കുന്നതിന് ഒരു സി.എൽ.ആർ വർക്കറെയും ഒരു സാനിട്ടേഷൻ വർക്കറെയും നിയോഗിച്ചിട്ടുണ്ട്. നഗരത്തിലെ മാലിന്യം ശേഖരിച്ച് ഈ വാഹനങ്ങളുടെ സഹായത്തോടെ പ്ലാന്റിൽ കൊണ്ടു പോയി നിക്ഷേപിക്കുന്നു.

<u>മാലിന്യം ശേഖരിക്കുന്ന രീതി</u>

വീടുകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് മാലിന്യം ശേഖരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. നിലവിൽ ടൗൺ ഏരിയയിലെ മാത്രം മാലിന്യ ശേഖരണത്തിനാണ് നഗരസഭ മുൻഗണന നൽകുന്നത്.

<u>വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ</u>

കഴിഞ്ഞ വർഷങ്ങളിൽ നഗരസഭ ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ, ചെലവ് തുടങ്ങിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 |
|---|---|---|---|---|---|---|
| 1 | ഖരമാലിന്യ പ്ലാന്റുകളുടെ പരിപാലന ചെലവ് | --- | -- | -- | --- | --- |
| 2 | ചാപ്പാറ മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനചെലവ് | 96030 | --- | --- | --- | -- |
| 3 | മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനചെലവ് | --- | 588231 | ---- | --- | --- |
| 4 | ഖരമാലിന്യ പ്ലാന്റുകളുടെ പരിപാലന ചെലവ് | -- | 926116 | ---- | ---- | --- |
| 5 | എയറോബിക് ബയോബിൻ സ്ഥാപിക്കൽ | --- | --- | 1200000 | --- | --- |
| 6 | സംസ്കരണ സ്ഥലത്തേക്ക് മാലിന്യം കൊണ്ടുപോകൽ-ചെലവുകൾ | ---- | ----- | 168000 | ---- | --- |
| 7 | ബയോഗ്യാസ് പ്ലാന്റ് | ---- | ---- | ---- | 260000 | ---- |
| 8 | മാലിന്യസംസ്കരണത്തിന് ശുചീകരണസാമഗ്രികൾ വാങ്ങൽ | ---- | ---- | ----- | 1000000 | ---- |
| 9 | എയറോബിക് ബയോബിൻ സ്ഥാപിക്കൽ | ----- | ---- | ---- | 630905 | ---- |
| 10 | സമഗ്ര ഖരമാലിന്യ സംസ്കരണ പ്ലാന്റ് | --- | --- | --- | 1683922 | --- |
| 11 | മാലിന്യം കൊണ്ടുപോകുന്നതിന് വാഹനം വാങ്ങൽ | --- | ---- | --- | --- | 690069 |
| 12 | ശുചീകരണവിഭാഗം തൊഴിലാളികൾക്ക് പ്രൊട്ടക്ടീവ് ഗിയേഴ്സ് | ---- | ---- | ---- | ---- | 100763 |
| 13 | അജൈവ മാലിന്യസംസ്കരണം | ---- | ----- | ---- | --- | 548110 |
| 14 | ജൈവ മാലിന്യസംസ്കരണം | --- | ---- | --- | --- | 296875 |

<u>ഉറവിട മാലിന്യം സംസ്കരണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ</u>

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, ക്യാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ 15-09-2017 ന് മുമ്പായി സജ്ജീകരിക്കുവാനുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകുവാൻ തദ്ദേശ സ്ഥാപനങ്ങളോട് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ഡി&ഒ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലുള്ളതും പുതുതായി ഡി&ഒ ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 334, 334എ, 334ബി, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു.ഖര-ദ്രവമാലിന്യസംസ്കരണ സംവിധാനം സ്ഥാപിച്ചിട്ടുണ്ടെന്നും ആയത് തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടെന്നും പരിശോധിച്ച ശേഷമാണ് ഡി&ഒ ലൈസൻസ് അനുവദിക്കുന്നത്.

<u>പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവയുടെ പാലനം</u>

സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 11 പ്രകാരം ഷ്രഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്സ് പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം തേടേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ നഗരസഭയുടെ റോഡ് പ്രവൃത്തികളിലൊന്നുംതന്നെ പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തിയിട്ടില്ല.നഗരസഭയിൽ ഷ്രെഡ്ഡിംഗ് മെഷീൻ 2017-18 ൽ വാങ്ങിയിട്ടുണ്ടെങ്കിലും നാളിതുവരേയായും സ്ഥാപിച്ചിട്ടില്ല. ഇതിനായുള്ള കെട്ടിടത്തിന്റെ സിവിൽ വർക്ക് 2018-19 ൽ പൂർത്തിയായെങ്കിലും ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിംഗ്, എന്നിവ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ മെഷീൻ ഇപ്പോഴും ക്ലീൻ കേരള യിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്.

മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 15 പ്രകാരം ആളോഹരി ഖര-ദ്രവ-ഇ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനും മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിന് ഊന്നൽ നൽകുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാ ണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭ ഖരദ്രവ ഇ-മാലിന്യ പരിപാലന നിയമാവലി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളതാണ്. നിയമാവലിയിൽ പ്ലാസ്റ്റിക് മാലിന്യം,ഖരമാലിന്യം,ദ്രവ മാലിന്യം, ഇ-മാലിന്യം, ബയോ മെഡിക്കൽ മാലിന്യം, കെട്ടിട നിർമ്മാണ മാലിന്യം, കെട്ടിടം പൊളിച്ചുമാറ്റുമ്പോൾ ഉണ്ടാകുന്ന മാലിന്യം എന്നിവ സംസ്കരിക്കുവാൻ ആവശ്യമായ നിയന്ത്രണം വ്യക്തമാക്കിയിട്ടുണ്ട്.
എന്നാൽ നിയമാവലിയിലെ നിബന്ധനകൾ പൂർണ്ണമായും പ്രായോഗികമാക്കുവാൻ സാധിച്ചിട്ടില്ല.

<u>മുനിസിപ്പാലിറ്റി നിയമം അനുസരിച്ചുള്ള നടപടികൾ, പരിശോധനാ സംവിധാനം</u>

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരമുള്ള അധികാരം നഗരസഭ കാര്യക്ഷമമായി പ്രയോഗിക്കുന്നുണ്ടെന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 340 പ്രകാരം ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ആരെങ്കിലും അപ്രകാരം ചെയ്താൽ 250 രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്തേണ്ടതും 15 ദിവസത്തിനുള്ളിൽ തുക മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്. ഇപ്രകാരം മാലിന്യം നിക്ഷേപിച്ചതിന് 104പേർക്ക്/സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.പിഴ ഇനത്തിൽ 168800 രൂപ ഈടാക്കിയിട്ടുണ്ട്.
മാലിന്യ നിയന്ത്രണത്തിനായി നിയമപ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മാലിന്യ നിയന്ത്രണം കാര്യക്ഷമമാക്കുവാൻ ആരോഗ്യ വകുപ്പ്, പൊലീസ് എന്നിവരുടെ സഹകരണത്തോടെ പരിശോധനാ സംവിധാനം കർശനമാക്കേണ്ടതാണ്. നഗരസഭയിലെ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉന്നതാധികാരികളും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

<u>പ്ലാസ്റ്റിക്ക് നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ</u>

2016 ലെപ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ അനുസരിച്ച് പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24-09-2016 ലെ സർക്കുലർ നം.576/ഡി.സി-1/16/തസ്വഭവ പ്രകാരം 50 മൈക്രോണിൽ മുകളിലുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കുറഞ്ഞത് 4000 രൂപ പ്രതിമാസം പരിപാലന ഫീയായി പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികളിൽ നിന്നും ഈടാക്കുന്നതിനും ആയത് സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ചെലവഴിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.നഗരസഭയിൽ വ്യാപാര സ്ഥാപനങ്ങളിലെ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ നിയന്ത്രിക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചിട്ടില്ല.

<u>വിവിധ തരം മാലിന്യങ്ങളുടെ നിയന്ത്രണം</u>

നഗരസഭ പ്രദേശത്തെ ആശുപത്രികൾ,ക്ലിനിക്കുകൾ,ക്ലിനിക്കൽ ലാബുകൾ എന്നിവിടങ്ങളിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ IMAGE എന്ന സ്ഥാപനം മുഖേന സംസ്കരിക്കുന്നു.വീടുകൾ,സ്ഥാപനങ്ങൾ,ഓഫീസുകൾ എന്നിവിടങ്ങളിൽനിന്ന് ഇ-മാലിന്യം ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു.

<u>ഹരിത കർമ്മസേന</u>

നഗരസഭ പ്രദേശത്ത് മാലിന്യസംസ്കരണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് 44വാർഡുകളിൽ 2 പേർ വീതമുള്ള 88പേരെ കുടുംബശ്രീ

മുഖേന തെരഞ്ഞെടുത്ത് ഹരിതകർമ്മസേന രൂപീകരിക്കുകയും ആവശ്യമായ പരിശീലനം നൽകിയിട്ടുള്ളതുമാണ്.RRF-ന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.കൂടാതെ 4വാർഡുകൾക്ക് ഒരു MCF എന്ന നിലയിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ സ്വീകരിച്ചുവരുന്നു. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് മാലിന്യം ശേഖരിക്കുന്നതിനായി ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. RRF യൂണിറ്റിലേക്കുള്ള മെഷീനുകൾ ക്ലീൻ കേരള കമ്പനി ലിമിറ്റഡിൽ നിന്ന് വാങ്ങിയിട്ടുണ്ടെങ്കിലും യൂണിറ്റിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

ബോധവത്കരണ പരിപാടികൾ

നഗരസഭ പരിധിയിൽ മാലിന്യസംസ്കരണത്തിന്റെ ഭാഗമായി മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിന് ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ബോധവത്ക്കരണം നടത്തുകയും ലീഫ് ലെറ്റുകൾ, നോട്ടീസ് എന്നിവ പ്രിന്റ് ചെയ്ത് വിതരണം ചെയ്തിട്ടുള്ളതും ആവശ്യമായ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നതുമാണ്. ബോധവത്ക്കരണത്തിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്കായി കൂട്ടയോട്ടം സംഘടിപ്പിച്ചിട്ടുള്ളതാണ്. നഗരസഭ കാര്യാലയത്തിലും പൊതുചടങ്ങുകളിലും ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിലെ ഭരണി, താലപ്പൊലി മഹോത്സവത്തിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിയിട്ടുണ്ട്. മാലിന്യ ഉത്പാദകരായ എല്ലാ വിഭാഗക്കാരേയും ബോധവത്കരിക്കുന്നതിനുള്ള കാര്യക്ഷമമായ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്.

ബദൽ മാർഗ്ഗങ്ങൾ പ്രോൽസാഹിപ്പിക്കൽ

പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ പേപ്പർ ബാഗ്, തുണി സഞ്ചി മുതലായ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും പ്രോൽസാഹിപ്പിക്കേണ്ടത് അനിവാര്യമാണ്. ഇക്കാര്യത്തിനായി വ്യാപാരി - വ്യവസായികളുടെ യോഗം വിളിച്ചു ചേർക്കുക, വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, സാമൂഹ്യ സാംസ്കാരിക സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ മുതലായവരുടെ സേവനം പ്രയോജനപ്പെടുത്തുക എന്നീ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്. ബദൽ സംവിധാനങ്ങൾക്കുള്ള പ്രൊജക്റ്റുകൾ നഗരസഭ ആവിഷ്കരിക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ

സമഗ്ര മാലിന്യസംസ്കരണത്തിനും ശുചിത്വ മാലിന്യസംസ്കരണത്തിനും വർക്കിംഗ് ഗ്രൂപ്പ് കൂടിയ തീരുമാനങ്ങൾ താഴെച്ചേർക്കുന്നു.

*ഗാർഹിക മാലിന്യസംസ്കരണത്തിനുള്ള ബയോഗ്യാസ് പ്ലാന്റുകൾ,പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ എന്നിവക്ക് സബ്സിഡി നൽകുക

*ശുചിത്വം, മാലിന്യസംസ്കരണം എന്നിവ സംബന്ധിച്ച് സെമിനാറുകളും ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിക്കുക

*കുളങ്ങൾ,തോടുകൾ,മറ്റ് ജലസ്രോതസുകൾ എന്നിവ സംരക്ഷിക്കുക.ഗാർഹിക കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിന് ധനസഹായം അനുവദിക്കുക

*ഗാർഹിക കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിന് ധനസഹായം അനുവദിക്കുക

*പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യസംസ്കരണത്തിന് നടപടികൾ സ്വീകരിക്കുക

*സ്കൂളുകളിൽ നാപ്കിൻ ഡിസ്പോസൽ സംവിധാനം സ്ഥാപിക്കുക

*തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മാലിന്യസംസ്കരണ പ്രവൃത്തികൾ കാര്യക്ഷമമാക്കുക

*പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം കുറയ്ക്കുന്നതിന് തുണി സഞ്ചികൾ വിതരണം ചെയ്യുക

*നഗരസഭ പ്രദേശത്തെ പ്രധാന തോടുകൾ വൃത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുക

ശുചിത്വം – മാലിന്യ സംസ്കരണം എന്ന വർക്കിംഗ് ഗ്രൂപ്പിനാണ് മാലിന്യ സംസ്കരണ പദ്ധതികളുടെ ചുമതലയുള്ളത്. വർക്കിംഗ് ഗ്രൂപ്പിൽ വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുന്നുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കുന്ന വിധത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല .

വർക്കിങ്ങ് ഗ്രൂപ്പിന്റെയും ആരോഗ്യസ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെയും തീരുമാനങ്ങൾ പൂർണ്ണമായും നടപ്പാക്കിയിട്ടില്ല.

മോണിറ്ററിംഗ് സംവിധാനം

മാലിന്യ സംസ്കരണത്തിനുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കുന്നതിനുള്ള ചുമതല ശുചിത്വം – മാലിന്യ സംസ്കരണം എന്ന വർക്കിംഗ് ഗ്രൂപ്പിനാണ്. മാലിന്യ നിയന്ത്രണത്തിനായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലും ഫലപ്രാപ്തി വിലയിരുത്തുന്നതിലും വർക്കിംഗ് ഗ്രൂപ്പിന്റെയും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രവർത്തനം കാര്യക്ഷമമല്ല. മേൽവിഷയത്തിലേക്ക് ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

--- ഇല്ല ---

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | ചെക്ക് നം | | | |
|---|---|---|---|---|---|
| PWD Electrical Dept. കേരള ജല അതോറിറ്റി | SO 465/18 | Treasury Payment | 970000 | 0 | 970000 |
| | SO 517/18 | | 127398 | 0 | 127398 |
| | SO 517/18 | | 1222602 | 0 | 1222602 |
| | SO 376/18 | | 2026250 | 0 | 2026250 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

– ഇല്ല –

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള | |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| Govt. Loan | C3-18616/97 Dt.05/03/1998 | 56750 | 23782 | | | 23782 | |
| | A1-8326/99 Dt. 31/03/2000 | 2000000 | 2000000 | | | 2000000 | |
| | A1-8326/99 Dt.26.03.2001 | 242000 | 145200 | | | 145200 | |
| | A1-15094/93 Dt.06.08.1993 | 81500 | 10512 | | | 10512 | |
| | GO(Rt)1431/96/LAD Dt.22.03.1993 | 32500 | 39436 | | | 39436 | |
| KURDFC LOAN 1)Shelter Upgradation | 1998 – 1999 | 1455125 | 4297832 | | | 4297832 | ബാലൻസ് തുക KURDFC എഴുതി തള്ളി NIL |
| 2)Construction of Town hall | 1999 – 2000 | 5000000 | | | | | |
| 3)Road Renovation | 2001 – 2002 | 1522000 | | | | | |
| 4)Market-Cum Shopping complex | 2003 - 2004 | 20000000 | | | | | |
| 5)ഇഎംഎസ് ലോൺ | | | 6658216 | 1836955 | | 4821261 | |
| | | | | | | 11338023 | |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം / തിയതി |
|---|---|---|---|---|
| 2016-17 | 3-1 | IT-8848 | എം.എസ്.നന്ദകുമാർ സ്ട്രീറ്റ് ലൈറ്റ് കോൺട്രാക്ടർ | 011119010100038 Dt.01.04.2019 |

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 297,352,235 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30,55,46,521 |
| വരവിനങ്ങളിലുള്ള നഷ്ടം | 970 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5404205 |

(ബി). മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 2-10 | 970 | | എൻ.സി വിജയൻ,സെക്രട്ടറി, |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 31300 | എം.മനോജ്, സെക്രട്ടറി ഇൻ ചാർജ്ജ് |
| | 18000 | മുഹമ്മദ് ഷാഫി, സെക്രട്ടറി |
| | 248300 | എൻ.സി.വിജയൻ, സെക്രട്ടറി ഇൻ ചാർജ്ജ് |
| 3-13 | 65000 | എൻ.സി.വിജയൻ, സെക്രട്ടറി ഇൻ ചാർജ്ജ് |
| 3-19 | 630 | എച്ച്.എം, ജി.എൽ.പി.എസ്, ശൃംഗപുരം |
| 3-20 | 334250 | സീനത്ത് ടി.എ, എച്ച്.എം,ജി.ജി.എച്ച്.എസ്,കൊടുങ്ങല്ലൂർ |
| 3-21 | 291940 | സീനത്ത് ടി.എ, എച്ച്.എം,ജി.ജി.എച്ച്.എസ്,കൊടുങ്ങല്ലൂർ |
| 3-25(a) | 1190000 | കെടിഎൻ ഷീലാബായ്,പ്രൊജക്റ്റ് ഓഫീസർ |
| 3-28 | 75000 | എൻ.സി.വിജയൻ,സെക്രട്ടറി |
| 3-29 | 1999785 | എൻ.സി.വിജയൻ,സെക്രട്ടറി |
| 3-30(1) | 100000 | എൻ.സി.വിജയൻ,സെക്രട്ടറി |
| 3-30(2) | 50000<br>1000000 | ഡിനി വിൻസെന്റ്,ഐസിഡിഎസ് സൂപ്പർവൈസർ<br>മേരി എൻ.ജി,ഐസിഡിഎസ് സൂപ്പർവൈസർ |
| ആകെ | 5404205 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ 2-19

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

എൻ.സി വിജയൻ,സെക്രട്ടറി,നികത്തിൽ ഹൗസ്,ചെറായി 683514

# 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. |
|---|---|
| 96-97 ചെലവ് | എൽ.എഫ്. ടി 4-1036/97 തിയ്യതി 06.03.08. |
| 97-98 ചെലവ് | എൽ.എഫ്. ടി 4-1284/99 തിയ്യതി15.02.99. |
| 98-99 ചെലവ് | എൽ.എഫ്. ടി 4-1133/01തിയ്യതി.13.12.01/ 11.6.02. |
| 99-2000 ചെലവ് | എൽ.എഫ്. ടി 4-609/02തിയ്യതി20.09.02. |

| | |
|---|---|
| 2000-01 ചെലവ് | എൽ.എഫ്. ടി 4-1468/04തിയ്യതി14.12.04. |
| 2001-02 ചെലവ് | എൽ.എഫ്. ടി 4-1120/05തിയ്യതി09.1.06./21.07.06. |
| 91-92 95-96 വരവ് ചെലവ് | എൽ.എഫ്. ടി 4-1092/09തിയ്യതി23.04.10. |
| 96-97 വരവ് | എൽ.എഫ്. ടി 4-1086/09തിയ്യതി18.05.10. |
| 97-98 വരവ് | എൽ.എഫ്. ടി 4-1087/09തിയ്യതി18.05.10 |
| 98-99 വരവ് | എൽ.എഫ്. ടി 4-1088/09തിയ്യതി18.05.10 |
| 99-2000 വരവ് | എൽ.എഫ്. ടി 4-1089/09തിയ്യതി18.05.10 |
| 2000-01 വരവ് | എൽ.എഫ്. ടി 4-1090/09തിയ്യതി18.05.10. |
| 2001-02 വരവ് | എൽ.എഫ്. ടി 4-1091/09തിയ്യതി19.05.10. |
| 2002-03 വരവ് ചെലവ് | എൽ.എഫ്. ടി 4-1095/09തിയ്യതി05.06.10. |
| 2003-04 വരവ് ചെലവ് | എൽ.എഫ്.ടി4-1395/10തിയ്യതി30.5.11/24.10.11 |
| 2004-05 വരവ് ചെലവ് | എൽ.എഫ്. ടി 4-1396/10തിയ്യതി27.10.11/7.1.12. |
| 2005-06 വരവ് ചെലവ് | എൽ.എഫ്.ടി 4-1397/10തിയ്യതി29.10.11/7.1.12 |
| 2006-07 വരവ് ചെലവ് | എൽ.എഫ്. ടി 4-1398/10തിയ്യതി28.10.11/21.03.12. |
| 2007-08 വരവ് ചെലവ് | എൽ.എഫ്. ടി 4-1399/10തിയ്യതി29.10.11/21.03.12. |
| 2008-09 | എൽ.എഫ്.ടി.എം.2608/11തിയ്യതി24.2.12./31.5.12. |
| 2009-10 | എൽ.എഫ്. ടി .എം. 2609/11തിയ്യതി7.4.12/2.7.12. |
| 2010-11 | എൽ.എഫ്.ടി.എം.36/12തിയ്യതി17.4.12./5.7.12. |
| 2011-12 | എൽ.എഫ്. ടി.എം.2118/13തിയ്യതി14.5.14./17.9.14. |
| 2012-13 | എൽ.എഫ്. ടി .എം. 1776/14തിയ്യതി3.6.15. |
| 2013-14 | കെ.എസ്.എ ടി.എസ്.ആർ (എം) 1414/15 തിയതി.27.11.15/11.01.2016 |
| 2014-2015 | കെ.എസ്.എ ടി.എസ്.ആർ (എം) 1441/16 തി.9.08.2016 |
| 2015-2016 | കെ.എസ്.എ ടി.എസ്.ആർ (എം)15 /17 തീയതി 31.1.17 |
| 2016-17 | കെ.എസ്.എ ടി.എസ്.ആർ (എം)1629 /17 തീയതി 25.11.17/22.12.17 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 295(4)-ാം വകുപ്പ് ഇവ അനുസരിച്ചും, നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നഗരസഭയുടെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊടുങ്ങല്ലൂർ നഗരസഭയുടെ 2017-18 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ